
വാല്യം 6
ഇഷ്യൂ 01

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം










നിയമ (ഔദ്യോഗികഭാഷാ പ്രസിദ്ധീകരണസെൽ) വകുപ്പ് ഒദ്യോഗിക ഭാഷാ പ്രചാരണത്തിന്റെ ഭാഗമായി “ആസാദി കാ അമൃത് ” മഹോത്സവുമായി ബന്ധപ്പെട്ട് നടത്തിയ ലേഖനമെഴുത്ത് മത്സരത്തിലെ വിജയികൾക്ക് സമ്മാനദാനവും കൂടാതെ ഭാഷാരചനയും ലിപിവിന്യാസവും എന്ന വിഷയത്തിൽ ഭാഷാവിദഗ്ധൻ ഡോ. ആർ. ശിവകുമാറിന്റെ ക്ലാസ്സും 17.03.2022 തീയതിയിൽ ഉച്ചയ്ക്ക്ശേഷം 3-മണിക്ക് സെക്രട്ടേറിയറ്റ് അനക്സ് II-ലെ ശ്രുതി ഹാളിൽ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട നിയമ വകുപ്പ് സെക്രട്ടറി **ശ്രീ. വി. ഹരിനായർ** ആദ്ധ്യക്ഷനായ പരിപാടിയുടെ ഉദ്ഘാടനവും സമ്മാനദാനവും ബഹുമാനപ്പെട്ട നിയമം, കയർ, വ്യവസായം വകുപ്പ് മന്ത്രി **ശ്രീ. പി. രാജീവ്** നിർവ്വഹിച്ചു. ചടങ്ങിന് ബഹുമാനപ്പെട്ട നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. സാദിഖ്. എം. കെ സ്വാഗതവും നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ. ജീവൻ ആശംസയും നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ബി. എസ്. ജയകുമാർ നന്ദിയും അറിയിച്ചുകൊണ്ടു സംസാരിച്ചു.









# ഉൾത്താളുകളിൽ

**I. സുപ്രീംകോടതി വിധിന്യായങ്ങൾ** പേജ്

1. മുകേഷ് കുമാറും മറ്റുള്ളവരും V. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ..... 1
2. എ. സെൽവരാജ് V. സി. ബി. എം. കോളേജും മറ്റുള്ളവരും ..... 8

**II. ഹൈക്കോടതി വിധിന്യായങ്ങൾ** 11

1. YYYYY V. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ..... 13
2. റോജോ തോമസ് V. മിന്നുതോമസ് ..... 17
3. രോഹിണി എസ്. റ്റി V. തഹസീൽദാരും മറ്റുള്ളവരും ..... 21
4. സബിത കെ. വി. V. സതീശൻ കെ. വിയും മറ്റുള്ളവരും ..... 25
5. എം. രാജേഷ് കുമാർ V. ജില്ലാകളക്ടറും മറ്റുള്ളവരും ..... 30
6. സതീശൻ പി. കെ V. പ്രിൻസിപ്പൽ കേന്ദ്രീയ വിദ്യാലയ (കെ.വി.II) കട്ടരിബാഗ് മുതൽപേർ ..... 33
7. പി. വി. കാസിം V. കക്കാട്ടിരി ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റിയും മറ്റുള്ളവരും. ..... 38

**III. ലേഖനങ്ങൾ** 41

1. അഡ്മിന് പറ്റാവുന്ന അക്കിടികൾ (ശ്രീ. മനോജ്. എം. പി.) ..... 43
2. മറക്കാനുള്ള അവകാശം (The right to be forgotten) ശ്രീ. ദിപിൻ റോയ്. എസ്.എൽ) ..... 46

**"മൗലിക കർത്തവ്യങ്ങൾ കാലിക പ്രസക്തി"എന്ന വിഷയം ആസ്പദമാക്കി നടത്തിയ ലേഖന മത്സരത്തിൽ സമ്മാനാഹർമായവ**

3. ഒന്നാം സമ്മാനാർഹമായ ലേഖനം (ശ്രീമതി അമൽ രാജഗോപാൽ) ..... 53
4. രണ്ടാം സമ്മാനാർഹമായ ലേഖനം (ശ്രീമതി ഗംഗാദേവി) ..... 58
5. മൂന്നാം സമ്മാനാർഹമായ ലേഖനം (ശ്രീ. ശശികുമാർ. എസ്. എൻ) ..... 64

**IV. 2021–ലെ കേരള ധാതുക്കൾ(അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ്** (2021–ലെ 24–ാം ആക്റ്റ്) ..... 71

**V. 2021–ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ് (2021–ലെ 4–ാം ആക്റ്റ്)** ..... 74

**VI. പദപരിചയം** ..... 79



# സുപ്രീം കോടതി വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് യു. യു. ലളിത്,**

**ബഹു. ജസ്റ്റിസ്. എസ്. രവീന്ദ്ര ഭട്ട് &**

**ബഹു. ജസ്റ്റിസ്. പി. എസ്. നരസിംഹ**

സിവിൽ അപ്പീൽ നം. 1620/2022 (എസ്. എൽ. പി (സി) നം: 18571/2018-ൽ നിന്നുത്ഭവിച്ചത്)

**മുകേഷ് കുമാറും മറ്റുള്ളവരും**

**Vs**

**യുണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും**

(24.02.2022-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

സമാശ്വസ നിയമനം 16-ാം അനുച്ഛേദപ്രകാരമുള്ള ഭരണഘടനാപരമായ ഉറപ്പിന്റെ ഒരു ഒഴിവാക്കലാണ് എന്നിരിക്കെ സമാശ്വസ നിയമനത്തിനുള്ള ഒരു നയം 14, 16 എന്നീ അനുച്ഛേദങ്ങളുടെ കല്പനയ്ക്ക് സംഗതമായിരിക്കണം. അതായത് നിയമത്തിന്റെ ബലമുള്ള, സമാശ്വസ നിയമനത്തിനുവേണ്ടിയുള്ള ഒരു നയം അനുച്ഛേദം 16(2)-ൽ പറഞ്ഞിരിക്കുന്ന, വംശം ഉൾപ്പെടെയുള്ള ഏതെങ്കിലും കാരണത്തിന്മേൽ വിവേചനം കാണിക്കാൻ പാടുള്ളതല്ല.

**വിധിന്യായം**

**ജസ്റ്റിസ്. പി. എസ്. നരസിംഹ**

1. അനുമതി നൽകി.

2. മരിച്ചുപോയ ജീവനക്കാരന്റെ രണ്ടാം ഭാര്യയിൽ ജനിച്ച കുട്ടികൾക്ക് സമാശ്വാസ നിയമനം അനുവദിക്കാൻ കഴിയില്ലെന്ന് റെയിൽവേ ബോർഡ് സർക്കുലർ ഏർപ്പെടുത്തിയ വ്യവസ്ഥ നിയമപരമായി നിലനിൽക്കുന്നതാണോ എന്നതാണ് ഈ കേസ്സിൽ പരിഗണനയ്ക്കായി ഉയർന്നു വന്ന സംക്ഷിപ്തമായ വിഷയം. വിഷയം പരിഗണിച്ച ശേഷം, ഈ കോടതിയുടെ, Union of India v. V.R. Tripathi [(2019) 14 SCC

646]–യിലെ വിധിയിൽ ഈ വിഷയം ഉൾപ്പെടുന്നുവെന്നതിൽ അപ്പീൽവാദിയുടെ അഭിഭാഷകനോട് ഞങ്ങൾ യോജിച്ചിട്ടുണ്ട്. ഈ കാരണത്താലാണ് ഞങ്ങൾ അപ്പീൽ അനുവദിച്ചിട്ടുള്ളത്. അങ്ങനെയുള്ള നിഷേധം ഭാരതത്തിന്റെ ഭരണഘടനയുടെ അനുഛേദം 16(2) പ്രകാരമുള്ള, വംശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായതിനാൽ വിവേചനപരമാണെന്നുകൂടി ഞങ്ങൾ വിധിച്ചിട്ടുണ്ട്. ഈ അപ്പീൽ തീർപ്പാക്കുന്നതിന് നിയമം പ്രയോജനപ്പെടുത്തുന്നതിനു മുമ്പ് ഞങ്ങൾ ആദ്യം കേസിന്റെ വസ്തുതകൾ പരാമർശിക്കാം.

**വസ്തുതകൾ:**

3. വസ്തുതകൾ, ചുരുക്കത്തിൽ, ജഗദീഷ് ഹരിജൻ 16.11.1977–ൽ നിയമിതനായ, ഇന്ത്യൻ റയിൽവേയിലെ ഒരു ജീവനക്കാരനായിരുന്നു. ശ്രീ. ജഗദീഷ് ഹരിജന്, അദ്ദേഹത്തിന്റെ ജീവിത കാലത്ത് രണ്ടു ഭാര്യമാരുണ്ടായിരുന്നു, രണ്ടാം അപ്പീൽവാദി ഗായത്രിദേവി അയാളുടെ ഒന്നാം ഭാര്യയും പിന്നീട് മരിച്ചുപോയ കോണികാ ദേവി അദ്ദേഹത്തിന്റെ രണ്ടാം ഭാര്യയുമായിരുന്നു. ഒന്നാം അപ്പീൽവാദിയായ മുകേഷ് കുമാർ അയാൾക്ക് രണ്ടാം ഭാര്യയിലുള്ള മകനാണ്. ശ്രീ. ജഗദീഷ് ഹരിജൻ സർവ്വീസിലിരിക്കെ 24.02.2014–ന് മരിച്ചു. അതിനുശേഷം, താമസിയാതെ രണ്ടാം അപ്പീൽവാദി സപത്നീപുത്രന്/ഒന്നാം അപ്പീൽവാദിക്ക് സമാശ്വാസാടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കുള്ള പദ്ധതി പ്രകാരം നിയമനം ആവശ്യപ്പെട്ടു കൊണ്ട് 17.05.2014 തീയതിയിലെ ഒരു നിവേദനം സമർപ്പിച്ചു. ഒന്നാം അപ്പീൽവാദി രണ്ടാം ഭാര്യയിലെ മകനായതിനാൽ അങ്ങനെയുള്ള നിയമനത്തിന് അർഹതയില്ലെന്ന കാരണത്താൽ എതിർകക്ഷി യൂണിയൻ 24.06.2014–ന് നിവേദനം നിരസിച്ചു. വകുപ്പുതല അപ്പീൽ 30.12.2015–ന് തള്ളി. അപ്പീൽവാദികൾ കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, പാറ്റ്ന മുമ്പാകെ ഒരു ഒറിജിനൽ ആപ്ലിക്കേഷൻ സമർപ്പിക്കുകയും ആയത് 19.07.2017–ന് തള്ളുകയും ചെയ്തു. Namita Goldar and Anr v. Union of India and others [(2010) 1 Cal. LJ 464] എന്ന കേസിൽ കൽക്കട്ട ഹൈക്കോടതി വിധിയെ അനുവർത്തിക്കുന്ന, റെയിൽവേയുടെ 2.01.1992 തീയതിയിലെ അതേ സർക്കുലർ അസ്ഥിരപ്പെടുത്തിയ, മദ്രാസ് ഹൈക്കോടതിയുടെ രണ്ടു വിധികളെ അവലംബിച്ച് ട്രിബ്യൂണലിന്റെ തീരുമാനത്തിന്റെ കൃത്യതയെ ചോദ്യം ചെയ്തുകൊണ്ട് പാറ്റ്നാ ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്യപ്പെട്ടു. എങ്കിലും ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ദോഷമാരോപിക്കപ്പെട്ട ഉത്തരവിലൂടെ റിട്ട് ഹർജി തള്ളി.

**അഭിഭാഷകന്റെ വാദങ്ങൾ :**

4. ഈ കോടതിയുടെ Union of India v. V.R. Tripathi–യിലെ (മുൻപറഞ്ഞത്) ജീവനക്കാരന്റെ രണ്ടാം ഭാര്യയിലെ കുട്ടിക്ക് ആ കാരണത്താൽ മാത്രം സമാശ്വാസ നിയമനം നിഷേധിക്കാൻ കഴിയില്ലെന്നുള്ള, റെയിൽവേയുടെ ഇതേ സർക്കുലറിന്റെയും നയത്തിന്റെയും സന്ദർഭത്തിലുള്ള വിധിയിൽ വിഷയം ഉൾപ്പെട്ടിട്ടുണ്ടെന്ന് അപ്പീൽവാദികൾക്കു വേണ്ടിയുള്ള അഭിഭാഷകനായ ശ്രീ. മനീഷ് കുമാർ ശരൻ ബോധിപ്പിച്ചു. ഈ കോടതി V.R. Tripathi–യിൽ അംഗീകരിച്ച, കൽക്കട്ട ഹൈക്കോടതിയുടെ Namitha Goldar–ലെ (മുൻപറഞ്ഞത്) വിധിന്യായത്തെയും അദ്ദേഹം അവലംബിച്ചു.

5. എതിർ സത്യവാങ്മൂലത്തിലെ പ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് യൂണിയനെ പ്രതിനിധീകരിക്കുന്ന, എതിർകക്ഷികൾക്കു വേണ്ടിയുള്ള അഭിഭാഷക ശ്രീമതി മീരാപട്ടേൽ വാദിച്ചത്. ജീവിച്ചിരിക്കുന്ന, നിയമപരമായി വിവാഹം ചെയ്ത വിധവയ്ക്ക്, അവർതന്നെ പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, അവരുടെ ഭർത്താവിന്റെ നിയമവിരുദ്ധമായ വേഴ്ചയിൽ നിന്നുണ്ടായ പുത്രന്മാരെ/പുത്രിമാരെ സമാശ്വാസ നിയമനത്തിനായി അവർക്ക് നാമനിർദ്ദേശംചെയ്യാൻ കഴിയുകയില്ലെന്നു വ്യവസ്ഥ ചെയ്യുന്ന, 2.01.1992 തീയതിയിലെ സർക്കുലറിനെ അതിലംഘിച്ചുകൊണ്ട് പുറപ്പെടുവിച്ച, 21.03.2018 തീയതിയിലെ നം:E(NG)II/2018/RC-1/5 സർക്കുലറിനെക്കുറിച്ച് എതിർപത്രിക പരാമർശിക്കുന്നു. അപ്പീൽവാദികൾ അവലംബിക്കുന്ന, ഈ കോടതിയുടെ വിധിന്യായം നിയമനത്തിന് നിർദ്ദേശിക്കുന്നില്ലെന്നും എന്നാൽ അപേക്ഷ പരിഗണിക്കുന്നതിനു മാത്രമാണ് വ്യവസ്ഥ ചെയ്യുന്നതെന്നും അവർ കൂടുതലായി ബോധിപ്പിക്കുന്നു. അതിനാൽ അപ്പീൽവാദി അപേക്ഷിച്ചപ്രകാരം നിയമനത്തിനായുള്ള ഒരു നിർദ്ദേശം നൽകാൻ കഴിയില്ല.

വിശകലനം:

6. വിഷയം പരിശോധിച്ച് തീർപ്പാക്കിയിട്ടില്ലാത്തതല്ലെന്നതു സത്യമാണ്. നിലവിലെ കേസിൽ പരിഗണനയ്ക്കായി ഉയർന്നുവന്ന അതേ നയവും സർക്കുലറും ആണ് ഈ കോടതി V.R. Tripathi-യിലും പരിഗണിച്ചത്. താഴെ പറയുന്ന ഖണ്ഡിക കളിൽ നിന്നും വ്യക്തമാകുന്ന പ്രകാരം പ്രസ്തുത വിധിന്യായത്തിൽ ഈ വിഷയം ഉൾക്കൊള്ളുന്നു:

> "14. എന്നാലും, മരിച്ചുപോയ ഒരു ജീവനക്കാരന്റെ രണ്ടാം വിവാഹത്തിൽ നിന്ന് ജനിക്കുന്ന കുട്ടികൾക്ക് (വ്യക്തി നിയമം മുതലയാവ കണക്കിലെടുത്ത് ഭരണകൂടം വിവാഹം അനുവദിച്ചിരുന്നത് ഒഴികെ) സമാശ്വാസ നിയമനം നൽകാൻ കഴിയില്ലെന്ന, റെയിൽവേ ബോർഡ് സർക്കുലർ ഏർപ്പെടുത്തിയ വ്യവസ്ഥ ഭരണഘടനയുടെ 14-ാം അനുഛേദത്തിനനുസൃതമായി നിഷ്പക്ഷ തയും തുല്യപരിഗണനയും സംബന്ധിച്ച അടിസ്ഥാന സങ്കല്പങ്ങൾക്ക് യോജിച്ചതാണോ എന്നതാണ് നിലവിലെ കേസിലെ യഥാർത്ഥ പ്രശ്നം.
>
> 16. മറ്റ് നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടികൾക്ക് ലഭ്യമാകുന്ന സമാശ്വാസ നിയമനത്തിന്റെ ആനുകൂല്യം നിഷേധിക്കാൻ ഭരണഘടനയുടെ ഭാഗം III-ന് വിധേയനായ ഒരു തൊഴിലുടമയ്ക്ക് സാദ്ധ്യമാകുമോ എന്നതാണ് മുഖ്യമായുള്ള വിഷയം. നിസ്സംശയമായും, സമാശ്വാസ നിയമനത്തിനുള്ള നയം രൂപപ്പെടുത്തുമ്പോൾ അത് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ രാഷ്ട്രത്തിന് നിർണ്ണയിക്കാനാകും. എന്നിരുന്നാലും പദ്ധതിയോ ചട്ടങ്ങളോ ഉണ്ടാക്കുമ്പോൾ ഭരണഘടനയുടെ 14-ാം അനുഛേദത്തിന് സംഗതമല്ലാത്ത ഒരു വ്യവസ്ഥ നിശ്ചയിക്കാൻ രാഷ്ട്രത്തിന് അനുമതിയില്ല. മരിച്ചുപോയ ഒരു ജീവനക്കാരന്റെ കുടുംബത്തിലെ നിരാശ്രയത്വവും ദാരിദ്ര്യവും തടയുക എന്നതാണ് സമാശ്വാസ നിയമനത്തിന്റെ ഉദ്ദേശ്യം. രണ്ടാംവിവാഹത്തിൽ ഏർപ്പെട്ടത് ഭരണകൂടത്തിന്റെ അനുമതിയോടെയല്ലെങ്കിൽ മരിച്ചുപോയ ഒരു

ജീവനക്കാരന്റെ രണ്ടാം വിവാഹത്തിൽ ജനിക്കുന്ന ഒരു കുട്ടിക്ക് അഭിമുഖീ കരിക്കേണ്ടിവരുന്ന നിരാശ്രയത്വം ഗണിക്കാതെ, സമാശ്വാസനിയമനം നിരസി ക്കപ്പെടണമെന്നതാണ് സർക്കുലറിന്റെ ഫലം. ഹിന്ദു വിവാഹ ആക്റ്റ്, 1955-ലെ 16-ാം വകുപ്പ് ആദ്യ വിവാഹം നിലവിലുണ്ടായിരിക്കുമ്പോൾ ഏർപ്പെട്ട വിവാഹത്തിൽ നിന്നും ജനിക്കുന്ന കുട്ടി നിയമാനുസൃത വേഴ്ചയിലുണ്ടായ താണെന്ന് പരിഗണിക്കുമ്പോൾ, അങ്ങനെയുള്ള ഒരു കുട്ടിയെ സമാശ്വാസ നിയമനത്തിന്റെ ആനുകൂല്യം ആവശ്യപ്പെടുന്നതിൽ നിന്ന് 14-ാം അനുഛേദ ത്തിനു സംഗതമായി ഒഴിവാക്കുവാൻ സർക്കാരിന് സാധിക്കുകയില്ല. ഒഴിവാക്കലിനുള്ള അങ്ങനെയുള്ള ഒരു വ്യവസ്ഥ സ്വേച്ഛാപരവും അധികാരത്തിൽക്കവിഞ്ഞതുമാണ്.

17. സങ്കുചിത തരംതിരിക്കൽ പരിശോധന സ്വീകരിച്ചാൽ പോലും റയിൽവേ ബോർഡിന്റെ സർക്കുലർ നിയമാനുസൃത വേഴ്ചയിലുണ്ടായ ഒരു വിഭാഗം കുട്ടികൾക്കിടയിൽ രണ്ടു തരങ്ങളെ സൃഷ്ടിക്കുന്നു. രണ്ടാം വിവാഹത്തിൽ ജനിച്ച കുട്ടിയെ നിയമാനുസൃത വേഴ്ചയിലുണ്ടായതാണെന്ന് നിയമം പരിഗണി ക്കുന്നെങ്കിലും മരിച്ചുപോയ ഒരു ജീവനക്കാരന്റെ ആദ്യവിവാഹത്തിൽ നിന്ന് ജനിക്കുന്ന കുട്ടിയെ മാത്രമാണ് സമാശ്വാസ നിയമനത്തിന്റെ ആനുകൂല്യ ത്തിന് അർഹമാക്കുന്നത്. മരിച്ചുപോയ ഒരു ജീവനക്കാരന്റെ കുടുംബ ത്തിലെ നിരാശ്രയത്വവും ദാരിദ്ര്യവും തടയുക എന്ന സമാശ്വാസ നിയമനം അനുവദിക്കുന്നതിൽ അന്തർലീനമായ, പ്രയോജനകരമായ ഉദ്ദേശ്യം ആവശ്യപ്പെടുന്നത്, ഏർപ്പെടുത്തുന്ന ഏതെങ്കിലും വ്യവസ്ഥയ്ക്കോ നിബന്ധനയ്ക്കോ കൈവരിക്കാൻ ശ്രമിക്കുന്ന ഉദ്ദേശ്യവുമായി യുക്തിപൂർവ്വ മായ ഒരു ബന്ധം ഉണ്ടായിരിക്കുകയോ അവ അതു സ്വീകരിക്കുകയോ ചെയ്യണ മെന്നാണ്. ദ്വിവിവാഹം നിരുത്സാഹപ്പെടുത്തുന്ന നയത്തിന്റെ ഭാഗമായി, ആദ്യ വിവാഹത്തിലെ ഇണയ്ക്കും കുട്ടികൾക്കും മാത്രമായി സമാശ്വാസ നിയമ നത്തിന്റെ ആനുകൂല്യം പരിമിതപ്പെടുത്താനും പിന്നീടുള്ള വിവാഹത്തിലെ ഇണയ്ക്കും കുട്ടികൾക്കും അത് നിഷേധിക്കാനും സർക്കാരിന് തീരുമാനിക്കാവുന്നതാണെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ വാദിച്ചു. രണ്ടാം വിവാഹത്തിൽ നിന്നും ജനിച്ച കുട്ടികളെ ഒഴിവാക്കുന്നതിൽ ഇവിടെ ഞങ്ങൾക്ക് ആശങ്കയുണ്ട്. നിയമത്തിന്റെ പ്രയോഗത്താൽ നിയമാനുസൃത വേഴ്ചയിലുണ്ടായതാണെന്ന് കണക്കാക്കപ്പെട്ടിരുന്ന ഒരു വിഭാഗം ഗുണഭോക്താക്കളെ ഒഴിവാക്കുന്നതുകൊണ്ട് ഏർപ്പെടുത്തിയ വ്യവസ്ഥ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യവുമായി പൊരുത്തപ്പെടാത്തതാണ്. സമാശ്വാസ നിയമന പദ്ധതിയുടെ ലക്ഷ്യവും ഉദ്ദേശ്യവും സംബന്ധിച്ച്, അങ്ങനെയുള്ള കുട്ടികളെ നിയമാനുസൃത വേഴ്ചയിലുണ്ടായതാണെന്ന് നിയമം കരുതിയിട്ടുള്ളപ്പോൾ സമാശ്വാസ നിയമനത്തിന് പരിഗണിക്കുന്നതിൽ നിന്നും അവരെ ഒഴിവാക്കുന്നത് അനുവദനീയമല്ലാതാകുന്നതാണ്. കുട്ടികൾ അവരുടെ മാതാപിതാക്കളെ തിരഞ്ഞെടുക്കുന്നില്ല. അസാധുവായ വിവാഹ ത്തിലെ ഒരു കുട്ടിയെ നിയമാനുസൃതമെന്ന് നിയമം കരുതുന്നെങ്കിലും സമാശ്വാസ നിയമനം നിഷേധിക്കുന്നത് അവരുടെ അന്തസ്സിന് അത്യന്തം അപമാനകരവും കൂടാതെ വിവേചനത്തിനെതിരെയുള്ള ഭരണഘടനപരമായ ഉറപ്പിനും അപമാനകരമാണ്.

18. .......... പരേതനായ ജീവനക്കാരന്റെ ബഹുഭാര്യാത്വത്തിലെ ഒരു ഭാര്യയാണ് അപേക്ഷകന്റെ മാതാവ് എന്ന കാരണത്താൽ മാത്രം സമാശ്വാസ നിയമനം നേടുന്നതിൽ നിന്നും നിയമാനുസൃത വേഴ്ചയിലുണ്ടായ കുട്ടികളുടെ ഒരു വിഭാഗത്തെ ഒഴിവാക്കുന്നത് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യവുമായുള്ള യുക്തിപൂർവ്വമായ ബന്ധം സംബന്ധിച്ച പരിശോധന നേരിടുന്നതിൽ പരാജയപ്പെടുന്നതായിരിക്കും. അത് സേവനത്തിലിരിക്കെ മരിച്ചുപോയ, പരേതനായ ജീവനക്കാരന്റെ കുടുംബത്തിന്റെ അന്തസ്സ് ഉറപ്പുവരുത്തുക യെന്ന പരമമായ ലക്ഷ്യത്തിന് അപമാനകരവും അതിനെ പരാജയപ്പെടുത്തു ന്നതുമാണ്. ഇത് ഒരു വിഭാഗം നിയമാനുസൃത വേഴ്ചയിലുണ്ടായ ഗുണഭോ ക്താക്കൾക്കിടയിൽ നിയമാനുസൃത വേഴ്ചയിലുള്ള കുട്ടികൾക്കിടയിൽ ഭരണഘടനാവിരുദ്ധമായ വിവേചനം കൊണ്ടു വരുന്നു."

7. സമാശ്വാസ നിയമനത്തിന്റെ പദ്ധതിക്കും ചട്ടങ്ങൾക്കും ഭരണഘടനയുടെ 14-ാം അനുഛേദത്തിന്റെ കല്പനയെ ലംഘിക്കാൻ കഴിയില്ലായെന്ന് ഈ കോടതി വ്യക്തമാക്കിയിട്ടുണ്ട്. നേരത്തെയുള്ള വിവാഹം നിയമപരമായി നിലവിലുണ്ടായിരിക്കെ ഏർപ്പെട്ട വിവാഹത്തിൽ നിന്ന് ജനിച്ച ഒരു കുട്ടി നിയമാനുസൃത വേഴ്ചയിലു ണ്ടായതാണെന്ന് ഹിന്ദു വിവാഹ ആക്റ്റിലെ 16-ാം വകുപ്പ് കരുതുമ്പോൾ സമാശ്വാസ നിയമനത്തിന്റെ ആനുകൂല്യം തേടുന്നതിൽ നിന്നും നയമോ ചട്ടമോ അങ്ങനെയുള്ള ഒരു കുട്ടിയെ ഒഴിവാക്കുകയാണെങ്കിൽ അത് 14-ാം അനുഛേദത്തെ ലംഘിക്കു-ന്നതാകും. സർക്കുലർ ഒരു വിഭാഗത്തിൽ രണ്ട് തരങ്ങളെ സൃഷ്ടിക്കുന്നതും അതിന് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യവുമായി യാതൊരു ബന്ധവുമില്ലാത്തതുമാണ്. ഒരിക്കൽ നിയമം അവരെ നിയമാനുസൃത വേഴ്ചയിലുണ്ടായതായി കണക്കാക്കി ക്കഴിഞ്ഞാൽ നയത്തിന് കീഴിൽ അവരെ പരിഗണിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് അനുവദനീയമല്ലാതാകുന്നതാണ്. നിയമാനുസൃത വേഴ്ചയിലുണ്ടായ ഒരു വിഭാഗം കുട്ടികളെ ഒഴിവാക്കൽ, ലക്ഷ്യവുമായുള്ള ബന്ധം സംബന്ധിച്ച പരിശോധന നേരിടു ന്നതിൽ പരാജയപ്പെടുന്നതും ആയത് മരിച്ചുപോയ ജീവനക്കാരന്റെ കുടുംബത്തിന്റെ അന്തസ്സ് ഉറപ്പാക്കുക എന്ന ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നതുമാണ്. കൂടാതെ ഈ വിധി ഇപ്പോൾ നിരവധി ഹൈക്കോടതികൾ പിന്തുടർന്നും വരുന്നു [K. Santhosha v. Karnataka Power Transmission Corp Ltd. 2022(1)Kant LJ 154 (24-06-2021-ന് കർണ്ണാടക ഹൈക്കോടതി വിധി പ്രസ്താവിച്ചത്); Yuvaraj Dajee Khadake v. Union of India: 2019 SCC Online Bom 299 (21/02/2019-ൽ ബോംബൈ ഹൈക്കോടതി വിധി പ്രസ്താവിച്ചത്); Union of India v. Rohit Chand 2020 SCC Online Del157 (24/1/2020-ൽ ഡൽഹി ഹൈക്കോടതി വിധി പ്രസ്താവിച്ചത്) എന്നിവ കാണുക].

8. സമന്മാരെ അസമന്മാരായി പരിഗണിക്കുന്നതിനെ തുടർന്നുണ്ടാകുന്ന, ഈ കോടതിയുടെ മുകളിൽ പരാമർശിച്ചിട്ടുള്ള വിധിന്യായത്തിൽ വ്യക്തവും സ്പഷ്ടവുമായി വിശദീകരിക്കുന്ന പ്രകാരമുള്ള വിവേചനത്തിന് പുറമേ അനുഛേദം 16(2) പ്രകാരം പ്രകടമായി നിരോധിച്ചിട്ടുള്ള, വംശത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനം കൂടിയുണ്ട്. V. Sivamurthy v. State of Andhra Pradesh and others [(2008) 13- SCC 730]-ൽ വംശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തുന്ന നിയമനങ്ങൾ

അനുവദനീയമല്ലെന്ന് ഈ കോടതി നിരീക്ഷിച്ചിട്ടുണ്ട്. പൊതുനയ പരിഗണനകൾ നിറവേറ്റുന്നതിന് നീതിയുടെ താൽപര്യാർത്ഥം രൂപപ്പെടുത്തിയതാണെങ്കിൽ, സമാശ്വാസ നിയമനങ്ങൾ പൊതു ചട്ടങ്ങളുടെ ശരിയായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ഒഴിവാക്കലാണ് [Director General of Posts v. K. Chandrasekhar Rao (2013) SCC 310 (18-ാം ഖണ്ഡികയിൽ); അതുകൂടാതെ State of Haryana v. Ankur Gupta (2003) 7 SCC 704 (6-ാം ഖണ്ഡികയിൽ), Yogender Pal Singh v. Union of India (1987) 1 SCC 631 (17-ാം ഖണ്ഡികയിൽ) എന്നിവയിൽ സമാശ്വാസ നിയമനത്തിന്റെ ഭരണഘടനാസാധുത ശരിവച്ചു]. ഇത് ന്യായീകരണം നൽകുന്നത് അത്രത്തോളം മാത്രവും അതിൽ കൂടുതലല്ലാതെയുമാണ്.

9. സമാശ്വാസ നിയമനം 16-ാം അനുച്ഛേദപ്രകാരമുള്ള ഭരണഘടനാപരമായ ഉറപ്പിന്റെ ഒരു ഒഴിവാക്കലാണ് എന്നിരിക്കെ സമാശ്വാസ നിയമനത്തിനുള്ള ഒരു നയം 14, 16 എന്നീ അനുഛേദങ്ങളുടെ കല്പനയ്ക്ക് സംഗതമായിരിക്കണം. അതായത്, നിയമത്തിന്റെ ബലമുള്ള, സമാശ്വാസ നിയമനത്തിനു വേണ്ടിയുള്ള ഒരു നയം അനുഛേദം 16(2)-ൽ പറഞ്ഞിരിക്കുന്ന, വംശം ഉൾപ്പെടെയുള്ള ഏതെങ്കിലും ഒരു കാരണത്തിന്മേൽ വിവേചനം കാണിക്കാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ ഒരു ആളിന്റെ കുടുംബപരമായ ഉൽപത്തി ഉൾക്കൊള്ളുന്നതായാണ് 'വംശം' എന്നത് മനസ്സിലാക്കേണ്ടത് [Gazula Dasaratha Rama Rao v. State of Andhra Pradesh and others (1961) 2 SCR 931 കാണുക]. കുടുംബപരമായ ഉത്പത്തി എന്നതിൽ സമാശ്വാസ നിയമനത്തിനുള്ള ഒരു അവകാശവാദിയുടെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സാധുതയും അവരുടെ കുട്ടി എന്ന നിലയിൽ അവകാശവാദി നിയമാനുസൃത വേഴ്ചയിലുണ്ടായതെന്നുള്ളതും ഉൾപ്പെടുന്നു. മരിച്ചുപോയ ജീവനക്കാരന്റെ കുട്ടികളെ നിയമാനുസൃത വേഴ്ചയിലുണ്ടായതെന്നും നിയമവിരുദ്ധ വേഴ്ചയിലുണ്ടായതെന്നും തരംതിരിക്കുന്നതു മുഖേനയും നിയമാനുസൃത വേഴ്ചയിലുണ്ടായ പിൻതുടർച്ച ക്കാരന്റെ അവകാശം മാത്രം അംഗീകരിക്കുന്നതിലൂടെയും വംശത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരാളെ വിവേചിക്കാൻ നയത്തിന് കഴിയുകയില്ല. V.R. Tripathi-യിൽ ഈ കോടതി വ്യക്തമാക്കിയപ്രകാരം കർശനമായ സൂക്ഷ്മ പരിശോധന- പ്രസ്തുത വർഗ്ഗീകരണത്തിൽ തെറ്റുണ്ടെന്ന് വെളിപ്പെടുത്തുമെന്നതിനു പുറമേ വംശത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനത്തിനുള്ള ഭരണഘടനാ വിലക്കിന് അപ്പോൾത്തന്നെ ഇത് വിരുദ്ധമാകുകയും ചെയ്യുന്നതാണ്. അങ്ങനെയുള്ള ഒരു നയം അനുഛേദം 16 (2)-നെ ലംഘിക്കലാണ്.

10. സമാശ്വാസ നിയമനങ്ങൾക്കുള്ള പദ്ധതിപ്രകാരം തൊഴിൽ നിഷേധിക്കാൻ വംശം ഒരു കാരണമാക്കാൻ കഴിയില്ലയെന്ന, ഞങ്ങളിൽ ഒരാൾ ഭാഗമായിരുന്ന (ജസ്റ്റിസ് എസ്. രവീന്ദ്ര ഭട്ട്) Union of India v. Pankaj Kumar Sharma [MANU/DE/3959/2014, WP(C) No. 9008/2014 dt. 19/04/2014]-യിലെ ഡൽഹി ഹൈക്കോടതിയുടെ വിധിയെ ഞങ്ങൾ ആദരിക്കുന്നു. ജസ്റ്റിസ് സംഘി മുഖേന സംസാരിച്ച കോടതി ഇപ്രകാരം അഭിപ്രായപ്പെട്ടു:

> "22. 'വംശം' എന്നത് നിയമസാധുതയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ഒന്നാം ഭാര്യയെന്നോ രണ്ടാം ഭാര്യയെന്നോ ഉള്ള ഒരാളുടെ മാതാവിന്റെ നിലയുടെ അടിസ്ഥാനത്തിൽ അയാൾക്കെതിരെയുള്ള വിവേചനം നിരോധിക്കുന്നത് അടിസ്ഥാനമാക്കി മനസിലാക്കുന്നത് – പ്രാമാണ്യമായി സ്വീകാര്യമാണെ

ന്നതുകൂടാതെ – അനുച്ഛേദം 16(2)–ൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളുമായി യോജിക്കുന്നുവെന്നുമാണ് ഈ കോടതിയുടെ അഭിപ്രായം. ഒരാളുടെ വംശം, ഈ അർത്ഥത്തിൽ, പൂർണ്ണമായും ഒരാളുടെ നിയന്ത്രണത്തിന് അതീതമാണ് എന്നതു കൂടാതെ (അതിനാൽ രാഷ്ട്രം ഏർപ്പെടുത്തുന്ന പ്രാതികൂല്യത്തിനുള്ള ഒരു കാരണമായി തീരാൻപാടുള്ളതല്ല) 'രണ്ടാം' ഭാര്യമാരിലെ കുട്ടികൾ, നിയമവിരുദ്ധ വേഴ്ചയിലുണ്ടായതെന്നോ നിയമാനുസൃത വേഴ്ചയിലുണ്ടായ തെന്നോ കണക്കാക്കപ്പെട്ടാലും, പലപ്പോഴും കഠിനമായ പ്രാതികൂല്യങ്ങൾ അനുഭവിച്ചിട്ടുമുണ്ട് എന്നതു കൂടി സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്. ഇവിടെയുള്ള മറ്റൊരു പ്രധാന നിരീക്ഷണം പ്രവേശനതലത്തിൽ 'നിയമസാധുത' പൊതുജീവനം നിഷേധിക്കുന്നതിനുള്ള ഒരു കാരണമല്ലെന്നുള്ളതും അതിനുള്ള കാരണമാക്കാൻ കഴിയില്ലെന്നു ള്ളതുമാണ്. ഇക്കാരണങ്ങളാൽ ഹർജിക്കാരന്റെ റഗുലേഷൻ അനുഛേദം 16(2) ലംഘിക്കുന്നുവെന്നതാണ് ഈ കോടതിയുടെ അഭിപ്രായം."

11. മുകളിൽ പറഞ്ഞ പോലെ, ഈ കേസിൽ പരിഗണനയ്ക്കായി ഉയർന്നു വരുന്ന വിഷയം, Union of India and others v. V.K. Tripathi–യിലെ ഈ കോടതിയുടെ വിധിയിൽ ഉൾപ്പെടുന്നുവെന്ന് ഞങ്ങൾ കരുതുകയും തത്ഫലമായി CWJC No. 18153/2017–ൽ പാറ്റ്ന ഹൈക്കോടതി 18.01.2018–ന് പുറപ്പെടുവിച്ച വിധിന്യായവും ഉത്തരവും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഒന്നാം അപ്പീൽവാദിയായ ശ്രീ. മനീഷ് കുമാർ രണ്ടാം ഭാര്യയിലെ മകനാണ് എന്ന കാരണത്താൽ മാത്രം സമാശ്വാസ നിയമനങ്ങൾക്കുള്ള പദ്ധതി പ്രകാരമുള്ള പരിഗണന നിഷേധിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ പറഞ്ഞ പ്രകാരം, അയാളുടെ കേസ് നിലവിലിരിക്കുന്ന നയമനുസരിച്ച് പരിഗണിക്കാൻ നിർദ്ദേശിക്കുന്നു. സമാശ്വാസ നിയമനത്തിനുള്ള അപേക്ഷ നിയമാനുസൃതമായ മറ്റെല്ലാ ആവശ്യകതകളും നിറവേറ്റുന്നുണ്ടോയെന്ന് സൂക്ഷ്മ പരിശോധന നടത്താൻ അധികാരസ്ഥാനങ്ങൾക്ക് അവകാശമുള്ളതാണ്. അപേക്ഷ പരിഗണിക്കുന്ന പ്രക്രിയ ഇന്നുമുതൽ മൂന്ന് മാസക്കാലയളവിനുള്ളിൽ പൂർത്തീ കരിക്കേണ്ടതാണ്.

12. അതനുസരിച്ച് അപ്പീൽ അനുവദിക്കുന്നു. കക്ഷികൾ അവരുടെ സ്വന്തം ചെലവുകൾ വഹിക്കേണ്ടതാണ്.

## ബഹു. സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എം. ആർ. ഷാ &**

**ബഹു. ജസ്റ്റിസ് ബി.വി. നാഗരത്ന**

സിവിൽ അപ്പീൽ നം. 1698/2022

**എ. സെൽവരാജ്**
**Vs**
**സി.ബി.എം. കോളേജും മറ്റുള്ളവരും**

(2022 മാർച്ച് 4-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം വരുത്തിയതിന്മേൽ പ്രസ്തുത കുടിശ്ശികയ്ക്ക് വിരമിക്കൽ തീയതി മുതൽ യഥാർത്ഥത്തിൽ പണം നൽകിയത് വരെ പലിശ നൽകേണ്ടതും കാലതാമസത്തിന് ഉത്തരവാദിയായ ആളിൽ നിന്നും പ്രസ്തുത തുക ഈടാക്കാവുന്നതുമാണ്.**

**വിധിന്യായം**

**ജസ്റ്റിസ് എം. ആർ. ഷാ**

മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച, റിട്ട് അപ്പീൽ നം. 704/2020-ൽ ആവശ്യപ്പെട്ട നിവൃത്തികളൊന്നും അനുവദിക്കാതെ പ്രസ്തുത അപ്പീൽ തീർപ്പാക്കിയിട്ടുള്ള, 26.10.2021 തീയതിയിലെ ദോഷമാരോപിക്കപ്പെടുന്ന വിധിന്യായത്തിലും ഉത്തരവിലും സങ്കടവും അസംതൃപ്തിയും തോന്നിയാണ് ആദ്യ അപ്പീൽവാദി നിലവിലെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

ഇവിടത്തെ അപ്പീൽവാദി വിരമിച്ച രസതന്ത്രം അസിസ്റ്റന്റ് പ്രൊഫസ്സർ ആണ്. അയാൾ ഒന്നാം എതിർകക്ഷി കോയമ്പത്തൂർ C B N കോളേജിൽ നിന്നും 30.06.2011-ന് വിരമിച്ചു. അയാൾ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനം ഒരു എയ്ഡഡ് കോളേജ് ആണ്. വിവിധ കത്തിടപാടുകൾ നടത്തിയിട്ടും നിവേദനങ്ങൾ നൽകിയിട്ടും വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാതെ, ആയത് നൽകുന്നതിൽ കാലതാമസം വരുത്തി. ആത്യന്തികമായി റിട്ട് പെറ്റീഷൻ നം. 3224/2013 ആയി ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്യുവാൻ അപ്പീൽവാദി നിർബന്ധിതനായി. മേൽപറഞ്ഞ റിട്ട് ഹർജിയുടെ വാദം കേൾക്കുന്ന സമയത്ത് മുഴുവൻ സേവനാന്ത്യ ആനുകൂല്യങ്ങളും റിട്ട് ഹർജി നിലവിലിരിക്കെ നൽകിയിട്ടുണ്ടെന്ന് ബോധിപ്പിച്ചു. അതിനാൽ അവശേഷിച്ച ഒരേയൊരു തർക്കവിഷയം പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിലെ കാലതാമസത്തിന്മേലുള്ള പലിശയുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ഹൈക്കോടതിയുടെ സിംഗിൾ ജഡ്ജി മുമ്പാകെ അപ്പീൽവാദിക്കുവേണ്ടി അപേക്ഷിച്ചത് അയാൾക്ക് കൊടുക്കേണ്ടവ കൊടുക്കുന്നതിൽ കാലതാമസം വരുത്തിയ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നും വിരമിക്കൽ ആനുകൂല്യങ്ങൾ നൽകിയതിലെ കാലതാമസത്തിന് പലിശ നൽകണമെന്നുമാണ്. പണം കൊടുക്കൽ യഥാസമയം തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുള്ള കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി എടുക്കുന്നതിനായി കൊളീജിയറ്റ് എഡ്യുക്കേഷൻ ഡയറക്ടർക്ക് ഒരു നിവേദനം

നൽകാൻ ഹർജിക്കാരന്/അപ്പീൽവാദിക്ക് നിർദ്ദേശം നൽകികൊണ്ട് 15.07.2020-ലെ ഉത്തരവിലൂടെ സിംഗിൾ ജഡ്ജി റിട്ട് ഹർജി തീർപ്പാക്കി. കൊളീജിയറ്റ് എഡ്യുക്കേഷൻ ഡയറക്ടറോട് ആയത് പരിഗണിച്ച് സങ്കടക്കാരെ കേട്ടശേഷം കഴിയുന്നത്ര വേഗത്തിൽ ഉചിതമായ ഉത്തരവ് നിയമാനുസൃതം പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു. എന്നിരുന്നാലും വിരമിക്കൽ ആനുകൂല്യങ്ങൾ വൈകി നൽകിയതിന്മേൽ പലിശ സംബന്ധിച്ച് ഉത്തരവൊന്നും പുറപ്പെടുവിക്കാത്തതിനാൽ ആദ്യ റിട്ട് ഹർജിക്കാരൻ റിട്ട് അപ്പീൽ നം.704/2020 ആയി ഡിവിഷൻ ബെഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ഡിവിഷൻ ബെഞ്ച് 09.08.2021-ന് താഴെപ്പറയുന്ന ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു:

"ഇതിലെ മൂന്നാം എതിർകക്ഷി/കോയമ്പത്തൂർ കൊളീജിയറ്റ് എഡ്യുക്കേഷൻ റീജിയണൽ ജോയിന്റ് ഡയറക്ടറോട് ഒന്നാം എതിർകക്ഷി - കോയമ്പത്തൂർ സി.ബി.എം കോളേജിൽ പോയി ഒന്നു മുതൽ മൂന്നു വരെ എതിർകക്ഷികൾ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലങ്ങളുടെ വെളിച്ചത്തിൽ രേഖകൾ പരിശോധിക്കുവാൻ നിർദ്ദേശം നൽകുകയും കൂടാതെ റിട്ട് ഹർജിക്കാരന് അയാളുടെ വിരമിക്കൽ ആനുകൂല്യങ്ങൾ എല്ലാം നൽകിയിട്ടുണ്ടോയെന്നും അങ്ങനെ ചെയ്തുവെങ്കിൽ അത് താമസം കൂടാതെയാണോ അതോ കാലതാമസത്തോടെയാണോ വിതരണം ചെയ്തിട്ടുള്ളത് എന്നും കൂടി പരിശോധിക്കുന്നതിനും മൂന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. എന്തെങ്കിലും കാലതാമസം ഉണ്ടെങ്കിൽ പ്രസ്തുത കാലതാമസത്തിന് ഉത്തരവാദിയായ ആൾ ആരാണെന്നും റിട്ട് ഹർജിക്കാരന്/ അപ്പീൽ വാദിക്ക് പണം വൈകി നൽകിയതിന് പലിശ നൽകാൻ ആരാണ് ബാദ്ധ്യസ്ഥനെന്നും ഈ കോടതി മുമ്പാകെ റിപ്പോർട്ട് ചെയ്യാനും കൂടി മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു."

2.1 അതിനുശേഷം 26.10.2021-ന് അപ്പീൽ കൂടുതൽ വാദം കേൾക്കുന്നതിനായി എടുത്തപ്പോൾ, സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടെന്നും ബാദ്ധ്യത കോളേജിന്മേൽ സ്ഥാപിച്ചിട്ടുണ്ടെന്നും കോളേജിന്റെ മുൻ സെക്രട്ടറിയായിരുന്ന ഒരു ശ്രീ. സി. എം. രാമരാജ് ആണ് ആദ്യ റിട്ട് ഹർജിക്കാരന് സേവനാന്ത്യ ആനുകൂല്യങ്ങൾ നൽകുന്നതിലുള്ള കാലതാമസത്തിന് ഉത്തരവാദിയെന്ന് കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തു. എന്നാൽ മുൻ സെക്രട്ടറി ശ്രീ.സി.എം.രാമരാജിന് സുഖമില്ലാത്തതിനാൽ അയാൾക്ക് അന്വേഷണ റിപ്പോർട്ടിന് ആക്ഷേപം ഫയൽചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്ന് സൂചിപ്പിക്കപ്പെട്ടു. അതിനുശേഷം അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ ഒരു തീരുമാനമെടുക്കേണ്ടത് ആത്യന്തികമായി സർക്കാരാണെന്ന് നിരീക്ഷിച്ചുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് പ്രസ്തുത അപ്പീൽ തീർപ്പാക്കി. എന്നിരുന്നാലും ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് അപ്പീൽവാദിക്ക് - ആദ്യ റിട്ട് ഹർജിക്കാരന് താമസിച്ചു പണം നൽകിയതിന്മേൽ പലിശയ്ക്ക് അർഹനാണെന്നും, എന്നിരുന്നാലും കാലതാമസത്തിന് ഉത്തരവാദിയാരെന്നതിന്മേൽ സർക്കാർ ഇതുവരെ തീരുമാനമെടുത്തിട്ടില്ലെന്നും കൂടെ നിരീക്ഷിച്ചിട്ടുള്ളതും ഹൈക്കോടതി ഡിവിഷൻ ബഞ്ച് എന്തെങ്കിലും കൂടുതൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

2.2 പെൻഷൻ ആനുകൂല്യങ്ങൾ വൈകി നൽകിയതിനുള്ള പലിശ സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കാതെ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച, ദോഷമാരോപിക്കപ്പെടുന്ന വിധിന്യായത്തിലും ഉത്തരവിലും സങ്കടവും അസംതൃപ്തിയും തോന്നിയതിനാലാണ് ആദ്യ അപ്പീൽവാദി - ആദ്യ റിട്ട് ഹർജിക്കാരൻ നിലവിലെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

3) അപ്പീൽവാദിക്കു വേണ്ടി ഹാജരായ അഭിഭാഷകനെയും മാനേജ്മെന്റ്/

ട്രസ്റ്റിനുവേണ്ടി ഹാജരായ അഭിഭാഷകനെയും ഒന്നാം എതിർകക്ഷിക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ശ്രീ.പി.വിൽസനെയും ഞങ്ങൾ കേട്ടു.

4) ബന്ധപ്പെട്ട കക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകരെ കേട്ടതിൽ, വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളതിനാലും നൽകേണ്ട തുക നൽകുന്നതിൽ അപ്പീൽവാദി ജീവനക്കാരൻ യാതൊരു വിധത്തിലും ഉത്തരവാദി അല്ലാത്തതിനാലും പണം വൈകി നൽകിയതിനാൽ പലിശയ്ക്ക് അയാൾ അർഹനാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. പണം വൈകി നൽകിയതിന്മേൽ പലിശയ്ക്ക് അപ്പീൽവാദി അർഹനാണെന്ന് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചും കൂടി ദോഷമാരോപിക്കപ്പെടുന്ന വിധിന്യായത്തിലും ഉത്തരവിലും നിരീക്ഷിച്ചിട്ടുണ്ട്. എന്നിരുന്നാലും, അപ്പീൽവാദിക്ക് തുക നൽകുന്നതിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദി ആരാണെന്നതിൽ സെക്രട്ടറിക്കും മാനേജ്മെന്റിനും സർക്കാരിനുമിടയിൽ ഒരു തർക്കമുള്ളതിനാൽ പണം വൈകി നൽകിയതിന്മേലുള്ള പലിശയ്ക്ക് അർഹനായിട്ടുകൂടി അയാൾക്ക് അത് നിഷേധിക്കപ്പെട്ടിട്ടുള്ളതാണ്. 09.08.2021-ലെ ഇടക്കാല ഉത്തരവിനെ തുടർന്ന് സർക്കാർ ഒരു അന്വേഷണം നടത്തിയിട്ടുണ്ടെന്നതും കോളേജിന്റെ മേൽ ബാധ്യത സ്ഥാപിച്ചിട്ടുള്ളതും സേവനാന്ത്യ ആനുകൂല്യങ്ങൾ ആദ്യ റിട്ട് ഹർജിക്കാരന് നൽകുന്നതിലുണ്ടായ കാലതാമസത്തിന് മുൻ സെക്രട്ടറി ശ്രീ. സി. എം. രാമരാജ് ഉത്തരവാദിയാണെന്ന് നിരീക്ഷിച്ചിട്ടുള്ളതാണെന്നതും ശ്രദ്ധിക്കേണ്ടതാണ്. ഈ കാര്യത്തെ അങ്ങനെ നിരീക്ഷിക്കുമ്പോൾ, സർക്കാർ തുടർന്നു പുറപ്പെടുവിക്കാവുന്ന അന്തിമ ഉത്തരവിനു വിധേയമായി, മാനേജ്മെന്റിനെയും മുൻസെക്രട്ടറിയെയും കേട്ട ശേഷം സർക്കാർ എടുത്തേക്കാവുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം വരുത്തിയതിന്മേൽ പലിശ നൽകുന്നതിന് കോളേജ്/ മാനേജ്മെന്റ് ആദ്യം ബാധ്യസ്ഥമാണ്. എന്നിരുന്നാലും പണം നൽകുന്നതിലും കുടിശ്ശിക തീർപ്പാക്കുന്നതിലും അല്ലെങ്കിൽ അതിലേതിലെങ്കിലുമുള്ള കാലതാമസത്തിന് ആരാണ് ഉത്തരവാദികൾ എന്ന കാര്യത്തിൽ മാനേജ്മെന്റും സെക്രട്ടറിയും സർക്കാരും തമ്മിൽ തർക്കമുണ്ടെന്ന കാരണത്താൽ വിരമിച്ച ജീവനക്കാരനെ അയാളുടേതല്ലാത്ത പിഴവിന് ക്ലേശിപ്പിക്കാൻ പാടുള്ളതല്ല.

5) മുകളിലത്തെ ചർച്ച കണക്കിലെടുത്തും മുകളിൽ പറഞ്ഞ കാരണങ്ങൾ കൊണ്ടും നിലവിലെ അപ്പീൽ വിജയിക്കുന്നു. അപ്പീൽവാദിക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നത് വൈകിയതിന്മേലുള്ള പലിശ നിരസിച്ചുകൊണ്ടുള്ള, ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെയും സിംഗിൾ ജഡ്ജിയുടെയും ദോഷമാരോപിക്കപ്പെടുന്ന വിധിന്യായത്തെയും ഉത്തരവിനെയും ഇതിനാൽ അസ്ഥിരപ്പെടുത്തുകയും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. മുൻസെക്രട്ടറിയും/കോളേജും അല്ലെങ്കിൽ മുൻ സെക്രട്ടറിയോ കോളേജോ അന്വേഷണ റിപ്പോർട്ടിന്മേൽ ഫയൽ ചെയ്ത ആക്ഷേപങ്ങളിന്മേൽ സർക്കാർ എടുത്തേക്കാവുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, വിരമിക്കൽ തീയതി മുതൽ യഥാർത്ഥത്തിൽ പണം നൽകിയതുവരെ അപ്പീൽവാദിക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ വൈകി നൽകിയതിന്മേൽ പലിശ നൽകാൻ മാനേജ്മെന്റിന്/ ട്രസ്റ്റികൾക്ക് / കോളേജിന് ഇതിനാൽ നിർദ്ദേശം നൽകുന്നതും കോളേജിന് / മാനേജ്മെന്റിന് / ട്രസ്റ്റികൾക്ക് ആയത് കാലതാമസത്തിന് ഉത്തരവാദിയെന്ന് ആത്യന്തികമായി കണ്ടെത്തപ്പെടുന്ന ആളിൽ നിന്നും വസൂലാക്കാവുന്നതുമാണ്. വിരമിക്കൽ ആനുകൂല്യങ്ങൾ വൈകി നൽകിയതിന്മേലുള്ള പലിശ ഇന്നു മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ കർശനമായും നൽകേണ്ടതാണ്. ഇതിനിടയിൽ സർക്കാർ, കോളേജിന് / മാനേജ്മെന്റിന് / മുൻ സെക്രട്ടറിയ്ക്ക് ഒരവസരം നൽകിയ ശേഷം അന്വേഷണ റിപ്പോർട്ടിന്മേൽ അന്തിമ റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടതാണ്. സങ്കടക്കാരനായ കക്ഷിക്ക് പ്രസ്തുത തീരുമാനത്തെ ഉചിതമായ വേദി മുമ്പാകെ ചോദ്യം ചെയ്യാവുന്നതാണെന്ന് വ്യക്തമാണ്.

സത്യമേവ ജയതേ




# ഹൈക്കോടതി വിധിന്യായങ്ങൾ

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ

WP(C) No. 7503/2022

YYYY

Vs

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും**

(2022 മാർച്ച് 10-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ**

സ്വന്തം പിതാവിൽ നിന്നും ലൈംഗികാതിക്രമത്തിനിരയായ, പത്തുവയസ്സുള്ള മൈനറായ പെൺകുട്ടിയുടെ ഗർഭം സമാപിപ്പിക്കുന്നത് അനുവദിക്കുന്നതിനുള്ള കുട്ടിയുടെ മാതാവിന്റെ റിട്ട് ഹർജി 1971-ലെ ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമായത് ചെയ്യാൻ 5-ാം എതിർകക്ഷിക്ക് (എസ്. എ. റ്റി. ആശുപത്രി, തിരുവനന്തപുരം) അനുവാദം നൽകി നവജാത ശിശു ജീവനോടെ പിറക്കുകയാണെങ്കിൽ, 5-ാം എതിർകക്ഷിയും ബന്ധപ്പെട്ട ആശുപത്രിയും കുഞ്ഞ് ആരോഗ്യമുള്ള ഒരു കുഞ്ഞായി വളരുന്നതിന്, ആ സാഹചര്യത്തിൽ ലഭ്യമായ ഏറ്റവും മികച്ച ചികിത്സ ആ കുഞ്ഞിന് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ഏല്ക്കേണ്ടതാണ്.

**വിധിന്യായം**

**ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ**

സ്വന്തം പിതാവിൽ നിന്നും ലൈംഗികാതിക്രമത്തിനിരയായ പത്തുവയസ്സുള്ള ഒരു മൈനറായ പെൺകുട്ടിയുടെ മാതാവാണ് ഹർജിക്കാരി. കുട്ടി ഇപ്പോൾ ഗർഭിണിയാണ്. ഇനി പറയുന്ന നിവൃത്തികൾക്ക് വേണ്ടിയാണ് റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്:

"I. ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റ്, 1971-ലെ വ്യവസ്ഥകൾ പ്രകാരം ഹർജിക്കാരിയുടെ മൈനറായ മകളെ അവളുടെ ഗർഭാവസ്ഥ ചികിത്സാപരമായ സമാപനത്തിന് വിധേയമാക്കുന്നതിന് അനുവദിച്ചുകൊണ്ട് മാൻഡമസ് റിട്ടോ മറ്റേതെങ്കിലും റിട്ടോ ഉത്തരവോ നിർദ്ദേശമോ

പുറപ്പെടുവിക്കുകയും അങ്ങനെയുള്ള ഗർഭസമാപന നടപടികൾ നിയമാനുസൃതമായി ഉടനേ നടത്തുന്നതിന് ആനുഷംഗികമായ നിർദ്ദേശം 5-ാം എതിർകക്ഷിക്ക് നൽകുകയും ചെയ്യുക.

II. ഈ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും, ബഹുമാനപ്പെട്ട ഈ കോടതി യുക്തമെന്നും ഉചിതമെന്നും കരുതുന്ന അങ്ങനെയുള്ള മറ്റ് കൂടുതൽ നിവൃത്തികൾ അനുവദിക്കുക."

2. ഈ റിട്ട് ഹർജി പരിഗണനയ്ക്ക് വന്നപ്പോൾ, 7.03.2022-ൽ ഈ കോടതി ഒരു ഉത്തരവ് പുറപ്പെടുവിച്ചു, ആയത് ചുവടെ ഉദ്ധരിക്കുന്നു:

"ഫയലിൽ സ്വീകരിക്കുന്നു.

1-ാം എതിർകക്ഷിക്ക് വേണ്ടി ASGI നോട്ടീസ് സ്വീകരിക്കുന്നു. 2 മുതൽ 6 വരെ എതിർകക്ഷികൾക്കു വേണ്ടി ഗവൺമെന്റ് പ്ലീഡർ നോട്ടീസ് സ്വീകരിക്കുന്നു.

ഒരു മെഡിക്കൽ ബോർഡ് രൂപീകരിച്ച് ഹർജിക്കാരിയുടെ മൈനറായ മകളുടെ ഗർഭം 8.03.2022-ലോ 9.03.2022-ലോ പരിശോധിക്കുന്നതിനും ഒരു റിപ്പോർട്ട് ഉടനേ സമർപ്പിക്കുന്നതിനും 5-ാം എതിർകക്ഷിക്ക് നിർദ്ദേശം നൽകി ഇടക്കാല ഉത്തരവാകുന്നു.

10.03.2022-ലേക്ക് പോസ്റ്റ് ചെയ്യുക."

3. മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ ബോർഡ് രൂപീകരിക്കപ്പെടുകയും മെഡിക്കൽ ബോർഡ് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു, അത് താഴെ ഉദ്ധരിക്കുന്നു:

"ഗർഭാവസ്ഥ ഏകദേശം 31 ആഴ്ചകൾ ആയതിനാലും കുഞ്ഞ് തലതിരിഞ്ഞു കിടക്കുന്നതിനാലും (breach presentation) അനസ്തേഷ്യയുടെയും ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടതിന്റെയും അപകടസാദ്ധ്യതകളുള്ള, ശസ്ത്രപ്രയോഗപരമായ പ്രസവം ആവശ്യമാണ്.

30 ആഴ്ചയും 6 ദിവസവും ആയതിനാലും 1.557 കി.ഗ്രാം പ്രതീക്ഷിത ഭാരമുള്ളതിനാലും കുഞ്ഞ് അതിജീവിക്കാൻ 80% സാദ്ധ്യതയുണ്ട്. നവജാതശിശുസംബന്ധമായ രോഗാവസ്ഥയുടെ അപകടസാദ്ധ്യതയും NICU പരിചരണത്തിന്റെ ആവശ്യകതയും കൂടാതെ നവജാതശിശുവിന് പ്രതികൂല നാഡീവികാസ പരിണാമത്തിന്റെ അപകടസാദ്ധ്യതയുമുണ്ട്. 30 ആഴ്ചയും 6 ദിവസവും ആയതിനാൽ നവജാതശിശുവിനെ പ്രത്യുജ്ജീവിപ്പിക്കുന്നതിനും പരിചരണം നൽകുന്നതിനും ധാർമ്മികമായും വ്യവഹാരവൈദ്യ വിഷയകമായും ഞങ്ങൾ ബാദ്ധ്യസ്ഥരാണ്.

ഈ കേസിലെ സൈക്യാട്രിക് കൺസൾട്ടേഷനും അഭിപ്രായവും ശേഷിക്കുന്നുണ്ട്."

4. മെഡിക്കൽ റിപ്പോർട്ടിൽ നിന്ന്, ഗർഭത്തിന് ഏകദേശം 31 ആഴ്ചയായെന്നും കുഞ്ഞ് തല തിരിഞ്ഞു കിടക്കുന്ന അവസ്ഥയിലാണെന്നും (breach presentation) അനസ്തേഷ്യയുടെയും ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടതിന്റെയും അപകട സാദ്ധ്യതകളുള്ള ശസ്ത്രപ്രയോഗപരമായ പ്രസവം ആവശ്യമാണെന്നും വ്യക്തമാണ്. 30 ആഴ്ചയും 6 ദിവസവും ആയതിനാലും 1.557കി.ഗ്രാം പ്രതീക്ഷിതഭാരമുള്ളതിനാലും കുഞ്ഞ് അതിജീവിക്കാൻ 80% സാദ്ധ്യതയുണ്ട്. നവജാതശിശുസംബന്ധമായ രോഗാവസ്ഥയുടെ അപകട സാദ്ധ്യതയും NICU പരിചരണത്തിന്റെ ആവശ്യകതയും നവജാത ശിശുവിന് പ്രതികൂല നാഡീവികാസ പരിണാമത്തിന്റെ അപകട സാദ്ധ്യതയും ഉണ്ടെന്നുകൂടെ റിപ്പോർട്ടിൽ പറയുന്നു. 30 ആഴ്ചയും 6 ദിവസവും ആയതിനാൽ നവജാത ശിശുവിനെ പ്രത്യുജ്ജീവിപ്പിക്കുന്നതിനും പരിചരണം നൽകുന്നതിനും ധാർമ്മികമായും വ്യവഹാര വൈദ്യവിഷയകമായും അവർ ബാദ്ധ്യസ്ഥരാണെന്ന് മെഡിക്കൽ ബോർഡ് റിപ്പോർട്ട് ചെയ്യുന്നു.

5. ബലാത്സംഗത്തിന്റെ ഇരയായ പത്തുവയസ്സുകാരി ഗർഭിണിയായിരിക്കുന്നതും നവജാത ശിശു ജീവിക്കാൻ 80% സാധ്യതയുണ്ടെന്ന് മെഡിക്കൽ ബോർഡ് പറയുകയും ചെയ്യുന്ന, ദൗർഭാഗ്യകരമായ ഒരു കേസാണിത്. ആരോപണ വിധേയനായ കുറ്റവാളി അവളുടെ സ്വന്തം പിതാവാണ്. ആരോപണം ശരിയാണെങ്കിൽ ഞാൻ അതിൽ ലജ്ജിക്കുന്നു, തീർച്ചയായും ഇതേ കാരണത്താൽ മുഴുവൻ സമൂഹവും തല കുനിക്കേണ്ടതുമാണ്. നമ്മുടെ നിയമവ്യവസ്ഥയുടെ ദൂരവ്യാപകമായ അധികാരശക്തി അവനെ നിയമം അനുശാസിക്കുന്ന രീതിയിൽ ശിക്ഷിക്കുമെന്ന് എനിക്കുറപ്പുണ്ട്. ഇരയായ കുട്ടിക്ക് പത്തു വയസ്സ് മാത്രം പ്രായമായതിനാൽ, അവളുടെ ആരോഗ്യത്തിന് ചികിത്സാസംബന്ധമായ സങ്കീർണ്ണതകൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.

കേസിന്റെ മുഴുവൻ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ, എന്റെ അഭിപ്രായത്തിൽ, ഈ കോടതി സർവ്വശക്തനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് അധികാരിത പ്രയോഗിക്കേണ്ട ഒരു കേസാണിത്.

6. സമാനമായ ഒരു സാഹചര്യത്തിൽ XYZ v. Union of India and Others (MANU/MH/0565/2019)യിൽ WP(C) No. 10835 & 9748/2018 ബോംബൈ ഹൈക്കോടതി 3.04.2019-ന് പരിഗണിച്ചു. ആ കേസിൽ, നവജാതശിശു അതിജീവിക്കുകയാണെങ്കിൽ, നവജാതശിശുവിന്റെ ക്ഷേമം സംബന്ധിച്ച ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിലെ 138-ാം ഖണ്ഡികയിലെ ഖണ്ഡം (എച്ച്), (ഐ) എന്നിവ ഉദ്ധരിക്കുന്നതാകും കൂടുതൽ നല്ലത്.

"(എച്ച്) ഈ കോടതി ഭാരതത്തിന്റെ ഭരണഘടനയിലെ അനുഛേദം 226 പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിച്ച് ചികിത്സാപരമായ ഗർഭാവസ്ഥ സമാപനം അനുവദിച്ചിട്ടുള്ളിടത്ത്, കുഞ്ഞ് ജീവനോടെ പിറക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചികിത്സകനും ബന്ധപ്പെട്ട ആശുപത്രിയും/ക്ലിനിക്കും ആ കുട്ടിക്ക് ആരോഗ്യമുള്ള ഒരു കുഞ്ഞായി വളരുന്നതിനുവേണ്ട, ആ സാഹചര്യത്തിൽ ലഭ്യമായ ഏറ്റവും മികച്ച വൈദ്യ ശുശ്രൂഷ നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് പൂർണ്ണ ഉത്തരവാദിത്വം ഏല്ക്കേണ്ടതാണെന്ന് ഞങ്ങൾ വിധിക്കുന്നു.

(ഐ) ഈ കോടതി, ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 226 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ചികിത്സാപരമായ ഗർഭാവസ്ഥ സമാപനം അനുവദിച്ചിട്ടുള്ളിടത്ത്, കുഞ്ഞ് ജീവനോടെ പിറക്കുമ്പോൾ കുഞ്ഞിന്റെ ഉത്തരവാദിത്വമേൽക്കാൻ കുഞ്ഞിന്റെ മാതാപിതാക്കൾ തയ്യാറാകാതിരിക്കുകയോ അവർക്ക് അതിനു പറ്റാത്ത അവസ്ഥയിലോ ആണെങ്കിൽ, അപ്പോൾ, സർക്കാരും അതിന്റെ ഏജൻസികളും ആ കുഞ്ഞിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏല്ക്കേണ്ടതും, എല്ലായ്പ്പോഴും അങ്ങനെയുള്ള കുട്ടിയുടെ ഉത്തമ താത്പര്യം എന്ന തത്വവും അതുപോലെ ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ നിയമ വ്യവസ്ഥകളും കർക്കശമായി പാലിച്ചുകൊണ്ട് ന്യായമായി സാദ്ധ്യമാകുന്ന വൈദ്യസഹായവും സൗകര്യങ്ങളും നൽകേണ്ടതുമാണ് എന്നു കൂടി ഞങ്ങൾ വിധിക്കുന്നു."

7. ഈ കേസിലും സമാനമായ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു.

അതിനാൽ, താഴെപ്പറയുന്ന രീതിയിൽ ഈ റിട്ട് ഹർജി തീർപ്പാക്കുന്നു :

(i) ചികിത്സാപരമായ ഗർഭാവസ്ഥ സമാപന ആക്റ്റിനനുസൃതമായി ആവശ്യമായത് ചെയ്യാൻ 5-ാം എതിർകക്ഷിയെ അനുവദിക്കുന്നു. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിക്കുന്ന തീയതി മുതൽ ഒരാഴ്ച യ്ക്കുള്ളിൽ ഇത് ചെയ്യേണ്ടതാണ്. 5-ാം എതിർകക്ഷിക്ക് ഏതെങ്കിലും വിദഗ്ദ്ധ വൈദ്യസഹായം മറ്റു വിദഗ്ദ്ധരിൽ നിന്നും ആവശ്യമുണ്ടെങ്കിൽ 5-ാം എതിർകക്ഷിക്ക് ഹെൽത്ത് സർവ്വീസസ് ഡയറക്ടറോട് അഭ്യർത്ഥി ക്കാവുന്നതും ഹെൽത്ത് സർവ്വീസസ് ഡയറക്ടർ ആവശ്യമായത് ഉടനേ ചെയ്യേണ്ടതുമാണ്

(ii) കുഞ്ഞ് ജീവനോടെ പിറക്കുകയാണെങ്കിൽ, 5-ാം എതിർകക്ഷി നിയമപ്രകാരം ആവശ്യമായത് ചെയ്യേണ്ടതാണ്. നവജാതശിശു ജീവനുള്ളതാണെങ്കിൽ, 5-ാം എതിർകക്ഷിയും ബന്ധപ്പെട്ട ആശുപത്രിയും അങ്ങനെയുള്ള കുഞ്ഞിന് ആരോഗ്യമുള്ള ഒരു കുഞ്ഞായി വളരുന്നതിനു വേണ്ട, ആ സാഹചര്യത്തിൽ ലഭ്യമായ ഏറ്റവും മികച്ച വൈദ്യശുശ്രൂഷ കുഞ്ഞിന് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പൂർണ്ണ ഉത്തരവാദിത്വം ഏല്ക്കേണ്ടതാണെന്ന് പ്രഖ്യാപിക്കുന്നു.

(iii) കുഞ്ഞിന്റെ മാതാപിതാക്കൾ കുഞ്ഞിന്റെ ഉത്തരവാദിത്വം ഏല്ക്കാൻ തയ്യാറാകാതിരിക്കുകയോ അവർക്ക് അതിനുകഴിയാത്ത അവസ്ഥ യിലോ ആണെങ്കിൽ, അപ്പോൾ സർക്കാരും അതിന്റെ ഏജൻസിയും അങ്ങനെയുള്ള കുഞ്ഞിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏല്ക്കേണ്ടതും എല്ലായ്പ്പോഴും അങ്ങനെയുള്ള കുഞ്ഞിന്റെ ഉത്തമതാൽപര്യം എന്ന തത്വവും ജുവനൈൽ ജസ്റ്റിസ് ആക്റ്റിലെ നിയമ വ്യവസ്ഥകളും കർക്കശമായി പാലിച്ചുകൊണ്ട് ന്യായമായി സാദ്ധ്യമാകുന്ന വൈദ്യ സഹായവും സൗകര്യങ്ങളും നൽകേണ്ടതാണെന്നും കൂടി പ്രഖ്യാപിക്കുന്നു. ഈ വിധിന്യായത്തിന്റെ ഒരു പകർപ്പ് ഇന്നുതന്നെ നൽകേണ്ടതാണ്.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് മേരി ജോസഫ്**

ആർ.പി.എഫ്.സി നം. 174/2020

**റോജോ തോമസ്**

**Vs**

**മിന്നു തോമസ്**

(2021 സെപ്റ്റംബർ 23-ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ**

**ക്രിമിനൽ നടപടി നിയമസംഹിതയിലെ 125(4) വകുപ്പ് പ്രകാരം ജീവനാംശം ലഭിക്കാൻ ഭാര്യയെ അനർഹമാക്കുന്നത് അവൾ സാധുവായ കാരണമില്ലാതെ ഭർത്താവിനൊപ്പം സഹവസിക്കാൻ വിസമ്മതിക്കുകയോ വ്യഭിചാര ജീവിതം നയിക്കുകയോ പരസ്പര സമ്മതപ്രകാരം വേർപിരിഞ്ഞ് ജീവിക്കുകയോ ചെയ്യുമ്പോഴാണ്.**

**ഉത്തരവ്**

പത്തനംതിട്ട കുടുംബ കോടതി (ചുരുക്കത്തിൽ കീഴ്ക്കോടതി) എം. സി. നം. 238/2017-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവിനെതിരെയാണ് ഈ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിരിക്കുന്നത്. റിവിഷൻ ഹർജിക്കാരൻ എം. സി. യിലെ എതിർകക്ഷിയാണ്. കുടുംബ കോടതി എം. സി. അനുവദിക്കുകയും ഹർജിത്തീയതി മുതൽ പ്രതിമാസം 7,000/-രൂപ നിരക്കിൽ ജീവനാംശബത്ത എതിർകക്ഷിക്കു നൽകുന്നതിന് റിവിഷൻ ഹർജിക്കാരനോട് നിർദ്ദേശിക്കുകയും കോടതിച്ചെലവ് റിവിഷൻ ഹർജിക്കാരനിൽ നിന്നും ഈടാക്കുന്നതിന് അനുവദിക്കുകയും ചെയ്തു. മേൽ പറഞ്ഞ ഉത്തരവ് ഈ റിവിഷനിൽ ചോദ്യം ചെയ്യപ്പെടുന്നു.

2. ഈ റിവിഷനിലെ കക്ഷികളെ, എം. സി. യിലെ അവരുടെ സ്ഥാനത്തിന് അനുസൃതമായി, ഇതിനുശേഷം ഹർജിക്കാരി എന്നും എതിർകക്ഷി എന്നും പരാമർശിക്കുന്നതാണ്.

3. കീഴ്ക്കോടതി പ്രസ്തുത എം. സി. പരിഗണിക്കുമ്പോൾ എതിർകക്ഷി ആ സമയത്ത് ഗൾഫിലായിരുന്നെന്നും അയാളെ മുക്ത്യാർനാമക്കാരനാണ് പ്രതിനിധാനം ചെയ്തിരുന്നതെന്നുമാണ് അഭിഭാഷകൻ ശ്രീ. മനു രാമചന്ദ്രന്റെ വാദം. അദ്ദേഹം പറയുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നും തെളിവു നൽകുന്നതിനായി 10-15 ദിവസത്തെ ഇടവേളകളിൽ തുടർച്ചയായി കീഴ്ക്കോടതി കേസ് പോസ്റ്റ് ചെയ്തു എന്നാണ്. അദ്ദേഹം പറയുന്നതനുസരിച്ച് എതിർകക്ഷി എം. സി. യിൽ എതിർ പത്രിക ഫയൽ ചെയ്തിരുന്നു. എന്നാൽ അയാൾ ഗൾഫിൽ ആയിരുന്നതിനാൽ കോടതിയിലെത്തി പത്രികയിലെ വാദങ്ങൾക്കനുസരിച്ച് തെളിവു നൽകാൻ കഴിഞ്ഞില്ല.

അതിനാൽ കീഴ്ക്കോടതി തർക്കങ്ങൾ അവഗണിച്ചു കൊണ്ട് ദോഷമാരോപിക്കപ്പെടുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

4. അഭിഭാഷകൻ കൂടുതലായി ബോധിപ്പിക്കുന്നത് ഹർജിക്കാരി മൂന്നു കാരണങ്ങൾ കൊണ്ടാണ് പ്രതിമാസ ജീവനാംശബത്ത ആവശ്യപ്പെട്ടിരുന്നത് എന്നാണ്, ഒന്നാമത്തെ കാരണം ചികിത്സാപരവും രണ്ടാമത്തെ കാരണം വിദ്യാഭ്യാസപരവും മൂന്നാമത്തെ കാരണം ജീവിത ക്ലേശങ്ങളും. അദ്ദേഹം പറയുന്നത് എം. സി. യിൽ അവൾ റേഡിയോളജി കോഴ്സിനു പഠിക്കുന്നു എന്നു പറഞ്ഞിരുന്നെങ്കിലും എതിർ വിസ്താരത്തിൽ അവളുടെ വിദ്യാഭ്യാസം വിവാഹത്തിനു മുമ്പേ തന്നെ പൂർത്തിയായിരുന്നെന്നു വെളിപ്പെട്ടു എന്നാണ്. ഹർജിക്കാരി, അവളെ മുറിയിൽ പൂട്ടി ഇട്ടതിനാലും അവളുടെ പഠനം തുടരുന്നതിന് അനുവാദം നിഷേധിക്കപ്പെട്ടതിനാലുമാണ് അവൾ ഭർത്തൃഗൃഹത്തിൽ നിന്നും ഇറങ്ങിപ്പോയതെന്ന് കൂടുതലായി വാദിച്ചെങ്കിലും പ്രസ്തുത വാദങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലാത്തതാണെന്ന് അഡ്വക്കേറ്റ് വാദിക്കുന്നു. മതിയായ കാരണം കൂടാതെയാണ് ഹർജിക്കാരി ഭർത്താവിന്റെ കുടുംബം വിട്ടു പോയിട്ടുള്ളതെന്ന കാര്യം പരിഗണിക്കുന്നതിലും കീഴ്ക്കോടതി പരാജയപ്പെട്ടു. അദ്ദേഹം പറയുന്നത് പ്രസ്തുത കാര്യം കീഴ്ക്കോടതി ശ്രദ്ധിച്ചിരുന്നെങ്കിൽ അവൾ അപ്പോൾ ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകൾ പ്രകാരം ജീവനാംശത്തിന് അവകാശവാദമുന്നയിക്കാൻ അനർഹയായിക്കഴിഞ്ഞിരുന്നു എന്നതിനാൽ പ്രസ്തുത എം.സി. ഹർജിക്കാരിക്ക് അനുകൂലമായി അനുവദിക്കപ്പെടില്ലായിരുന്നു എന്നാണ്. മേൽ പറഞ്ഞ സാഹചര്യങ്ങളിൽ ദോഷമാരോപിക്കപ്പെടുന്ന ഉത്തരവിനെ ദുർബ്ബലപ്പെടുത്തേണ്ടതാണെന്നും, എം. സി യിൽ ഫയൽ ചെയ്ത എതിർ പത്രികയിൽ പറഞ്ഞിട്ടുള്ള വാദങ്ങൾക്ക് തെളിവ് നൽകുന്നതിനു വേണ്ടി എം. സി. 238/2017 കീഴ്ക്കോടതിയിലേക്ക് റിമാൻഡ് ചെയ്യപ്പെടേണ്ടത് ആവശ്യമാണെന്നും അഡ്വക്കേറ്റ് വാദിക്കുന്നു.

5. ഈ കോടതി, കീഴ്ക്കോടതിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

14-9-2021-ലെ കത്തു പ്രകാരം കീഴ്ക്കോടതി റിപ്പോർട്ട് ചെയ്തത് താഴെ പറയും പ്രകാരമാണ്:

"ശ്രീമതി മിന്നു തോമസ് അവരുടെ ഭർത്താവ് റോജോ തോമസിന് എതിരെ ഫയൽ ചെയ്ത എം. സി. നം. 238/2017, 28-10-2018-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു. ആ കേസിൽ 20-2-2018-ന് എതിർകക്ഷി കോടതിയിൽ ഹാജരാകുകയും വക്കാലത്ത് ഫയൽ ചെയ്തെങ്കിലും 5-പോസ്റ്റിംഗുകൾ നൽകിയിട്ടും എം. സി യിൽ അയാൾ പത്രിക ഫയൽ ചെയ്തിട്ടില്ലാത്തതും പത്രിക ഫയൽ ചെയ്യുന്നതിന് അവസാന അവസരം നൽകി കോടതി ഉത്തരവായിട്ടുണ്ടായിരുന്നതുമാണ്. അവസാനം 10-8-2018-ൽ എതിർകക്ഷിയെ എക്സ് പാർട്ടി ആയി പ്രഖ്യാപിച്ചു. അതിനു ശേഷം എം. സി, ഹർജിക്കാരിയുടെ തെളിവിനായി 13-8-2018-ന് പോസ്റ്റ് ചെയ്തു. തുടർന്ന് എതിർകക്ഷി എതിർ പത്രിക ഫയൽ ചെയ്യുകയും എക്സ് പാർട്ടി ഉത്തരവ് ദുർബലപ്പെടുത്തുന്നതിന് ക്രിമിനൽ എം.പി. നം. 294/2018 ഫയൽ ചെയ്യുകയും ചെയ്തു. 14-8-2018-ന് ആ ഹർജി അനുവദിക്കുകയും എതിർ പത്രിക സ്വീകരിക്കുകയും ചെയ്തു. തുടർന്ന് തെളിവിനായി 11-9-2018-ലേക്ക് കേസ് പോസ്റ്റ് ചെയ്തു. ആ ദിവസം ഹർജിക്കാരിയെ എതിർവിസ്താരം നടത്തുന്നതിന് എതിർകക്ഷി സമയം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ആ അഭ്യർത്ഥന 500/-രൂപ കോസ്റ്റിൻമേൽ അനുവദിക്കുകയും കേസ് 15-9-2018-ലേക്ക് പോസ്റ്റ് ചെയ്യുകയും

ചെയ്തു. 15-9-2018-ന് ഹർജിക്കാരിയെ എതിർ വിസ്താരം നടത്തുകയും എതിർകക്ഷി ഹാജരല്ലായിരുന്നെങ്കിലും ഹർജിക്കാരിയുടെ തെളിവ് അവസാനിപ്പിക്കുകയും ചെയ്തു. തുടർന്ന് കേസ് 5-10-2018-ലേയ്ക്ക്, എതിർകക്ഷി ആ ദിവസം ഹാജരാകണം എന്ന നിർദ്ദേശത്തോടെ മാറ്റി വച്ചു. എന്നാൽ 5-10-2018-ലും എതിർകക്ഷി ഹാജരായില്ല. അന്ന് എതിർകക്ഷി തെളിവൊന്നും നൽകാത്തതിനാൽ എതിർകക്ഷിയുടെ തെളിവ് അവസാനിപ്പിച്ചു. കോടതി അന്നേ ദിവസം തന്നെ കേസ് കേൾക്കുകയും ഉത്തരവിനായി 17-10-2018-ലേക്ക് പോസ്റ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് 24-10-2018-ലേയ്ക്കും, 27-10-2018-ലേയ്ക്കും 29-10-2018-ലേക്കും കേസ് മാറ്റി വച്ചു. 29-10-2018-ന് ഹർജി ഭാഗികമായി അനുവദിച്ച് ഉത്തരവു പുറപ്പെടുവിച്ചു."

6. റിപ്പോർട്ടിൽ നിന്നും കാണുന്നത്, പത്രിക ഫയൽ ചെയ്യുന്നതിന് അവസാന അവസരം നൽകിയ ഉത്തരവ് പാലിക്കാതിരുന്നപ്പോഴാണ് ഒരിക്കൽ എതിർകക്ഷിയെ എക്സ് പാർട്ടിയാക്കിയത് എന്നാണ്. അതിനുശേഷം എം. സി. തെളിവിനായി പോസ്റ്റ് ചെയ്തപ്പോഴാണ് അയാൾ എക്സ് പാർട്ടി ഉത്തരവ് ദുർബലപ്പെടുത്തുന്നതിന് അപേക്ഷ ഫയൽ ചെയ്തിട്ടുള്ളത്. കീഴ്ക്കോടതി അപേക്ഷ അനുവദിക്കുകയും പത്രിക സ്വീകരിച്ച് കേസ് തെളിവിനായി 14-8-2018-ലേക്ക് പോസ്റ്റ് ചെയ്യുകയും ചെയ്തു. അന്നേ ദിവസം വാദിയെ എതിർവിസ്താരം നടത്തുന്നതിനായി കേസ് മാറ്റിവയ്ക്കണമെന്ന് എതിർകക്ഷി അഭ്യർത്ഥിക്കുകയും കോടതി 500/-രൂപ കോസ്റ്റിന്മേൽ പ്രസ്തുത അഭ്യർത്ഥന അനുവദിക്കുകയും ചെയ്തു. കേസ് 5-9-2018-നും, 5-10-2018-നും, 24-10-2018-നും 29-10-2018-നും തുടർച്ചയായി പോസ്റ്റ് ചെയ്തിരുന്നെങ്കിലും എതിർകക്ഷി തെളിവുകളൊന്നും ഹാജരാക്കിയില്ല. തെളിവ് റീ ഓപ്പൺ ചെയ്യുന്നതിനും അയാളെത്തന്നെ വിസ്തരിക്കുന്നതിനും ഒരു അപേക്ഷ ഫയൽ ചെയ്യുക പോലും ചെയ്തില്ലെന്നത് ശ്രദ്ധിക്കേണ്ടത് പ്രസക്തമാണ്. മേൽ സാഹചര്യത്തിലാണ് എതിർകക്ഷി ദോഷമാരോപിക്കപ്പെടുന്ന ഉത്തരവ് ദുർബലപ്പെടുത്തുന്നതിനും കേസ് പുന:പരിശോധനയ്ക്കായി കീഴ് കോടതിയിലേക്ക് റിമാൻഡ് ചെയ്യുന്നതിനും ഇപ്പോൾ ആവശ്യപ്പെടുന്നത്. പ്രതിമാസ ജീവനാംശം അനുവദിക്കലിന് കുടുംബ കോടതി ആധാരമാക്കുന്ന ന്യായീകരണത്തെക്കുറിച്ച് ഒരു ധാരണയുണ്ടാകുന്നതിന് ദോഷമാരോപിക്കപ്പെട്ട ഉത്തരവിന്റെ 7-ഉം 8-ഉം ഖണ്ഡികകൾ പ്രസക്തമായിരിക്കുന്നതും അവ താഴെ ഉദ്ധരിച്ചിരിക്കുന്നതുമാണ്:

> "7. പോയിന്റ്: ഹർജിക്കാരിയെത്തന്നെയാണ് പി. ഡബ്ല്യു. 1 ആയി വിസ്തരിച്ചത്. എതിർവിസ്താരത്തിൽ പി. ഡബ്ല്യു 1 പറഞ്ഞത്, 2017-ൽ എസ്.എസ്.എൽ.സി വിജയിച്ച ശേഷം റേഡിയോളജിക്ക് പഠിക്കുകയായിരുന്നു എന്നും വിവാഹശേഷം ആ കോഴ്സ് പൂർത്തിയാക്കി എന്നുമാണ്. അവളെ പഠനം പൂർത്തിയാക്കാൻ അനുവദിക്കാതെ മുറിയിൽ അടച്ചിട്ടിരുന്നുവെന്നും, അതുകൊണ്ടാണ് ഭർത്തൃഗൃഹം ഉപേക്ഷിച്ച് അവളുടെ പിതൃഗൃഹത്തിലേക്ക് പോയത് എന്നുമാണ് അവൾ ലളിതമായി പറഞ്ഞത്. ഹർജിയിലെയും പി. ഡബ്ല്യു.1-ന്റെ വാക്കാലുള്ള സാക്ഷിത്തെളിവിലെയും പ്രസ്താവനകൾ പരിശോധിക്കുമ്പോൾ എതിർകക്ഷിയിൽ നിന്നും പിരിഞ്ഞു താമസിക്കുന്നതിന് അവളെ ന്യായീകരിക്കേണ്ടതാണ്. അവൾ സാധുവായ യാതൊരു കാരണവുമില്ലാതെയാണ് അയാളിൽ നിന്നും വേർപിരിഞ്ഞു ജീവിക്കുന്നതെന്നതിന് തെളിവായി എതിർകക്ഷി യാതൊന്നും ഹാജരാക്കിയിട്ടില്ല. ഹർജിക്കാരി എതിർകക്ഷിയുടെ നിയമപരമായ ഭാര്യയായതിനാലും അവർക്ക് ജോലിയോ വരുമാനമോ ഇല്ലാത്തതിനാലും അയാൾ അവർക്ക് ജീവനാംശം

നൽകാൻ നിയമപരമായി ബാധ്യസ്ഥനാണ്.

8. എതിർകക്ഷി ഫയൽ ചെയ്ത ആക്ഷേപത്തിൽ, മസ്ക്കറ്റിലെ ഒരു ഡ്രൈവർ എന്ന നിലയിൽ മാസവരുമാനമായി അയാൾക്ക് 21,000/-രൂപ ലഭിക്കുന്നു എന്ന് സമ്മതിക്കുന്നു. ഈ സാഹചര്യത്തിൽ ഹർജിക്കാരിക്ക് പ്രതിമാസം 7000/-രൂപ ജീവനാംശമായി ഹർജിത്തീയതി മുതൽ നൽകാൻ ഉത്തരവാകുന്നു."

7. മേൽ പറഞ്ഞതിൽ നിന്നും എതിർകക്ഷി മസ്ക്കറ്റിൽ ഡ്രൈവറായുള്ള തൊഴിലും മാസവരുമാനമായി 21,000/-രൂപ ലഭിക്കുന്നു എന്നതും സമ്മതിക്കുന്നതായി വ്യക്തമായിട്ടുണ്ട്. വിദ്യാഭ്യാസത്തിനും ചികിത്സാപരമായ കാരണത്താലും പണം ആവശ്യമുണ്ട് എന്ന, ഹർജിക്കാരിയുടെ എം. സി. യിലുള്ള പ്രസ്താവനകൾ പരിശോധിക്കുന്നതിൽ കീഴ്ക്കോടതി പരാജയപ്പെട്ടു. അവ സ്ഥാപിക്കുന്നതിന് പൂർണ്ണമായും തെളിവിന്റെ അഭാവമുണ്ടെന്നും 21,000/-രൂപ അംഗീകരിക്കപ്പെട്ട മാസ വരുമാനമുള്ള എതിർകക്ഷി പ്രതിമാസം 7,000/-രൂപ ജീവനാംശമായി ഹർജിക്കാരിക്ക് നൽകാൻ ബാധ്യസ്ഥനാണെന്നുംകൂടി കീഴ്ക്കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്.

8. സാധുവായ എന്തെങ്കിലും കാരണം കൂടാതെയാണ് ഹർജിക്കാരി എതിർ കക്ഷിയുമായുള്ള സഹവാസം വിട്ടതെന്നും വേർപിരിഞ്ഞു ജീവിക്കാൻ തുടങ്ങിയത് എന്നുമുള്ള വാദത്തെ സംബന്ധിച്ച്, സി.ആർ.പി.സി-യുടെ 125-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഒരു ഭാര്യ ജീവനാംശം ലഭിക്കുന്നതിന് അനർഹയാക്കപ്പെടുന്നത് സാധുവായ കാരണം ഇല്ലാതെ ഭർത്താവുമായുള്ള സഹവാസത്തിൽ ജീവിക്കാൻ അവൾ വിസമ്മതിക്കുകയോ വ്യഭിചാര ജീവിതം നയിക്കുകയോ ഇരുവരും പരസ്പര സമ്മതപ്രകാരം വേർപിരിഞ്ഞു ജീവിക്കുകയോ ചെയ്യുമ്പോഴാണ് എന്നു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. (ഊന്നൽ നൽകുന്നു).

9. അതിനാൽ, സി.ആർ.പി.സി യുടെ 125-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് സാധുവായ കാരണം കൂടാതെ ഭർത്താവിനൊപ്പം ജീവിക്കാൻ ഭാര്യ വിസമ്മതി ക്കുകയാണെങ്കിൽ ഭാര്യയ്ക്ക് പ്രതിമാസം ജീവനാംശം ലഭിക്കാൻ അർഹതയില്ല എന്നു പറയുന്നു. ഈ കേസിൽ, സമ്മതിച്ച പ്രകാരം, എതിർകക്ഷി വിദേശത്തായിരുന്നതും കേസ് നടത്തിയിരുന്നത് അയാൾ ഏർപ്പെടുത്തിയ മുക്ത്യാർനാമക്കാരൻ മുഖേനയാണ് എന്നുമാണ്. സഹവാസം ഉപേക്ഷിച്ച ശേഷം അയാളോട് ചേർന്ന് ഒരുമിച്ച് കഴിയാൻ എപ്പോഴെങ്കിലും ആവശ്യപ്പെട്ടുവെന്നോ ആ വാഗ്ദാനം അവൾ നിരസിച്ചുവെന്നോ ഉള്ള ഒരു കേസ് അയാൾക്ക് ഇല്ല. പ്രസക്തമായ സമയത്ത് അയാൾ വിദേശത്ത് ആയിരുന്നതിനാൽ ഹർജിക്കാരി അയാളുടെ കൂടെ ജീവിക്കാൻ വിസമ്മതിച്ചു എന്ന വാദമുയർത്താനും എതിർകക്ഷിക്ക് കഴിയുകയില്ല.

10. വിവാഹ വിഘടനത്തിനായി എതിർകക്ഷി ഒരു ഹർജി മുൻപേ തന്നെ സമർപ്പിച്ചിട്ടുണ്ടെന്ന് അഭിഭാഷകൻ ബോധിപ്പിക്കുന്നു. സാധുവായ കാരണം കൊണ്ടാണ് ഹർജിക്കാരി എതിർകക്ഷിയുമായുള്ള സഹവാസം വിട്ടു പോയതെന്നു ബോദ്ധ്യപ്പെടുന്നതിന് ഈ കാര്യങ്ങൾ മതിയാകുന്നതും എതിർകക്ഷിയോട് പ്രതിമാസം 7000/-രൂപ ജീവനാംശം നൽകാൻ നിർദ്ദേശിച്ച് എം.സി. അനുവദിച്ച, ദോഷമാ രോപിക്കപ്പെടുന്ന ഉത്തരവ് പുറപ്പെടുവിച്ചതിൽ കീഴ്ക്കോടതിയെ കുറ്റം പറയാൻ സാധിക്കുകയില്ലാത്തതുമാണ്.

മേൽ പറഞ്ഞ കാരണങ്ങളാൽ റിവിഷൻ നിലനിൽക്കുകയില്ലാത്തതിനാൽ അത് തള്ളുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് പി.ബി. സുരേഷ് കുമാർ**

റിട്ട് ഹർജി (സിവിൽ) നം. 9657/2021

**രോഹിണി എസ്.റ്റി.**

**Vs**

**തഹസിൽദാറും മറ്റുള്ളവരും**

(2021 ജൂലൈ 30-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**ഒരാൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളെപ്പറ്റി സ്വാഭാവികമായും കേൾക്കുമായിരുന്നവർ ഏഴുവർഷത്തിലേറെയായി അയാളെപ്പറ്റി കേട്ടിട്ടില്ലെങ്കിൽ അയാൾ ജീവിച്ചിരിപ്പുണ്ടെന്നു കാണിക്കാനുള്ള എന്തെങ്കിലും വസ്തുതകളുടെ അഭാവത്തിൽ അയാൾ മരണപ്പെട്ടുവെന്ന് അനുമാനിക്കാവുന്നതാണ്.**

**വിധിന്യായം**

**ജസ്റ്റിസ് പി.ബി. സുരേഷ് കുമാർ**

1. ഹർജിക്കാരി ആവശ്യപ്പെട്ട അവകാശസർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു ക്ഷമതയുള്ള അധികാരസ്ഥാനം പ്രസ്തുത സർട്ടിഫിക്കറ്റിൽ അവളുടെ പിതാവിന്റെ പേര് ഒഴിവാക്കി അനുവദിക്കുന്നതിനായി ഹർജിക്കാരിയുടെ പിതാവിന്റെ കാണാതാകലുമായി ബന്ധപ്പെട്ടു സമർപ്പിച്ച പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പിനായി നിർബ്ബന്ധം പിടിക്കുന്നത് ന്യായീകരിക്കാവുന്നതാണോ എന്നതാണ് ഈ വിഷയത്തിൽ പരിഗണനയ്ക്ക് വരുന്ന ചോദ്യം.

2. ഹർജിക്കാരിയുടെ മാതാവ് 14.02.2013-ൽ മരിച്ചു. ഏകദേശം 30 വർഷം മുമ്പ് അവളുടെ പിതാവ് തങ്കപ്പൻ, ഹർജിക്കാരിയുടെ അമ്മയോടും അവളോടുമുള്ള സഹവാസം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നുവെന്നും അതിനുശേഷം അയാളുടെ സ്ഥിതിഗതികൾ അവർക്ക് അറിയില്ല എന്നും ഹർജിക്കാരി ബോധിപ്പിക്കുന്നു. അതിനു മുമ്പും പിതാവ് അവളുടെ അമ്മയുമായുള്ള സഹവാസം ഉപേക്ഷിച്ചിട്ടുണ്ടായിരുന്നുവെന്നും ഒന്നര വർഷത്തിനുശേഷം മടങ്ങിവന്നുവെന്നും പ്രസ്തുത സാഹചര്യത്തിലാണ് അയാൾ മടങ്ങിവരുമെന്നു പ്രതീക്ഷിച്ച് ഹർജിക്കാരിയുടെ മാതാവ് ഹർജിക്കാരിയുടെ പിതാവിന്റെ കാണാതാകലുമായി ബന്ധപ്പെട്ട്

എന്തെങ്കിലും പരാതി പോലീസ് സ്റ്റേഷനിൽ സമർപ്പിച്ചിട്ടില്ലാത്തത് എന്നു ബോധിപ്പിക്കുന്നു. കഴിഞ്ഞ 30 വർഷത്തിലേറെയായി ഹർജിക്കാരിയുടെ പിതാവിന്റെ സ്ഥിതിഗതികൾ അറിയാത്തതിനാൽ, ഹർജിക്കാരിയുടെ അമ്മയുടെ മരണത്തെ തുടർന്നു് അവകാശസർട്ടിഫിക്കറ്റിനായി ഹർജിക്കാരി ഒരപേക്ഷ സമർപ്പിച്ചു. പരേതയ്ക്ക് ഹർജിക്കാരിയൊഴികെ മറ്റു രക്തബന്ധുക്കൾ ഇല്ലാത്തതിനാലും കഴിഞ്ഞ 30 വർഷത്തിലേറെയായി അവളുടെ പിതാവിന്റെ സ്ഥിതിഗതികൾ അറിയാത്ത തിനാലും, ഹർജിക്കാരി അവളുടെ മരിച്ചുപോയ മാതാവിന്റെ ഏക അനന്തരവാ കാശിയാണെന്ന് ക്ഷമതയുള്ള അധികാരസ്ഥാനം സർട്ടിഫൈ ചെയ്യണമെന്നാണ് ഹർജിക്കാരിയുടെ കേസ്. പ്രസ്തുത അപേക്ഷയെത്തുടർന്നു നടത്തിയ അന്വേഷണത്തിൽ, ഹർജിക്കാരിയും അവളുടെ പിതാവും മാത്രമാണ് പരേതയുടെ അനന്തരാവകാശികളെന്നും കഴിഞ്ഞ 30 വർഷത്തിലേറെയായി അവളുടെ പിതാവിന്റെ സ്ഥിതിഗതികൾ അറിയില്ലായെന്നും ക്ഷമതയുള്ള അധികാരസ്ഥാനത്തിന് വെളിപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും ക്ഷമതയുള്ള അധികാരസ്ഥാനം, അതായത് ഒന്നാം എതിർകക്ഷി, ഹർജിക്കാരിയുടെ പിതാവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പു സഹിതം അപേക്ഷ വീണ്ടും സമർപ്പി ക്കാൻ ഹർജിക്കാരിയോട് ആവശ്യപ്പെടാൻ ബന്ധപ്പെട്ട വില്ലേജോഫീസർക്ക് എക്സിബിറ്റ് P-11 അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു. ഹർജിക്കാരി എക്സിബിറ്റ് P-11 അറിയിപ്പുമൂലം സങ്കടത്തിലാണ്. ഹർജിക്കാരിയുടെ പിതാവിന്റെ മുൻകാല സ്വാഭാവം കണക്കിലെടുത്ത് അദ്ദേഹത്തിന്റെ കാണാതാകലുമായി ബന്ധപ്പെട്ട് ഹർജിക്കാരിയുടെ മാതാവ് പരാതിയൊന്നും സമർപ്പിച്ചിട്ടില്ലാ യെന്നതിനാൽ, അധികാരികൾ പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ് നിഷ്കർഷിക്കുന്നു എന്ന കാരണത്താൽ ഹർജിക്കാരിക്ക് അവകാശ സർട്ടിഫിക്കറ്റ് നേടാൻ കഴിയുന്നില്ല എന്നതാണ് റിട്ട് ഹർജിയിൽ ഹർജിക്കാരി വിശദീകരിക്കുന്ന കേസ്. കേസിന്റെ വസ്തു തകളിലും സാഹചര്യങ്ങളിലും മേൽപ്പറഞ്ഞ രേഖ ഹാജരാക്കാൻ നിഷ്കർഷിക്കൽ സ്വേച്ഛാപരവും അന്യായവുമാണ് എന്നത് കൂടി ഹർജിക്കാരിയുടെ കേസാണ്. ഹർജിക്കാരി, അതിനാൽ, റിട്ട് ഹർജിയിൽ ഇക്കാര്യം സംബന്ധിച്ച് ഉചിതമായ നിർദ്ദേശങ്ങൾക്ക് അപേക്ഷിക്കുന്നു.

3. ഹർജിക്കാരിയുടെ അഭിഭാഷകന്റെയും ഗവൺമെന്റ് പ്ലീഡറുടെയും വാദം കേട്ടു.

4. വില്ലേജ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ ഹർജിക്കാരിയുടെ പിതാവിന്റെ സ്ഥിതിഗതികൾ കഴിഞ്ഞ 30 വർഷത്തിലേറെയായി അറിവില്ലായെന്നു വെളിപ്പെട്ടിട്ടുള്ളതും ക്ഷമതയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെ ലഭ്യമായ വസ്തുത കാണിക്കുന്നത് ഒരു ആൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ സ്വാഭാവികമായി അയാളെപ്പറ്റി കേൾക്കുമായിരുന്ന ആളുകൾ അയാളെപ്പറ്റി ഏഴു വർഷത്തി ലേറെയായി കേട്ടിട്ടില്ലെന്ന് സൂചിപ്പിക്കുമ്പോൾ, ക്ഷമതയുള്ള അധികാരസ്ഥാനം, ഇന്ത്യൻ തെളിവ് ആക്റ്റിലെ 108-ാം വകുപ്പിന്റെ വെളിച്ചത്തിൽ അയാൾ മരണപ്പെട്ടുവെന്ന് അനുമാനിക്കുന്നതിന് ബാദ്ധ്യസ്ഥനാകുന്നതും, അയാളുടെ പേര് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്താതെ അവകാശ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ആളുകളെ കാണാതാകലുമായി ബന്ധപ്പെട്ടു കൊടുത്തിട്ടുള്ള പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ് എല്ലാ സംഗതികളിലും ഒരേ പ്രകാരം നിഷ്കർഷിക്കുന്നതിന് നിയമപരമായ അടിസ്ഥാനമില്ലെന്ന് അഭിഭാഷകൻ വാദിച്ചു.

5. നേരെമറിച്ച്, അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമത്തിൽ സ്ഥിരത നിലനിർത്തുന്നതിനായിട്ടാണ് അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ ആളുകളുടെ കാണാതാകലുമായി ബന്ധപ്പെട്ടു കൊടുത്ത പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പിന് നിഷ്കർഷിക്കുന്നതെന്നും അതിനാൽ പ്രസ്തുതരേഖയ്ക്ക് നിഷ്കർഷിക്കുന്നത് യുക്തിരഹിതമോ സ്വേച്ഛാപരമോ അന്യായമോ ആണെന്നു പറയാൻ കഴിയില്ലെന്നും സർക്കാർ അഭിഭാഷകൻ വാദിച്ചു.

6. ഇരു ഭാഗത്തുമുള്ള കക്ഷികൾക്കു വേണ്ടി നടത്തിയ വാദങ്ങൾ ഞാൻ പരിഗണിച്ചിട്ടുണ്ട്.

7. ഇന്ത്യൻ തെളിവ് ആക്റ്റിലെ 108-ാം വകുപ്പ് ഇപ്രകാരം പറയുന്നു:

> "108. ഏഴു വർഷമായി കേൾക്കപ്പെടാത്ത ആൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം. എന്നാൽ പ്രശ്നം ഒരാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നതായിരിക്കുകയും, അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ സ്വാഭാവികമായി അയാളെപ്പറ്റി കേൾക്കുമായിരുന്ന ആളുകൾ അയാളെപ്പറ്റി ഏഴുവർഷമായി കേട്ടിട്ടില്ലെന്ന് തെളിയിച്ചിരിക്കുകയും ചെയ്യുമ്പോൾ, അയാൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ച് പറയുന്ന ആളിലേക്ക് മാറുന്നു."

ഉദ്ധരിച്ച വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, ഒരാൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ സ്വാഭാവികമായി അയാളെപ്പറ്റി കേൾക്കുമായിരുന്ന ആളുകൾ അയാളെപ്പറ്റി ഏഴു വർഷത്തിലേറെയായി കേട്ടിട്ടില്ലെന്ന് സ്ഥാപിക്കപ്പെട്ടാൽ, അയാൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ചുപറയുന്നയാൾക്കാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ, ഒരാൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അയാളെപ്പറ്റി സ്വാഭാവികമായി കേൾക്കുമായിരുന്ന ആളുകൾ ഏഴു വർഷത്തിലേറെയായി അയാളെപ്പറ്റി കേട്ടിട്ടില്ലെങ്കിൽ, അയാൾ ജീവിച്ചിരിപ്പുണ്ടെന്ന് കാണിക്കാനുള്ള എന്തെങ്കിലും വസ്തുതകളുടെ അഭാവത്തിൽ, അയാൾ മരണപ്പെട്ടതായി അനുമാനിക്കാൻ കഴിയുന്നതാണ്. ഹർജിക്കാരിയുടെ പിതാവ് ജീവിച്ചിരിക്കുന്നുവെന്നോ കഴിഞ്ഞ 30 വർഷത്തിനിടയിൽ ഹർജിക്കാരിയോ അവളുടെ ഏതെങ്കിലും ബന്ധുക്കളോ അയാളെക്കുറിച്ച് കേട്ടിട്ടുണ്ടെന്നോ ഉള്ള കേസൊന്നും ഒന്നാം എതിർകക്ഷിക്കില്ല. നേരെമറിച്ച് ഹർജിക്കാരി നൽകിയ അപേക്ഷയിന്മേൽ നടത്തിയ അന്വേഷണത്തിൽ 30-വർഷത്തിലേറെയായി ഹർജിക്കാരിയുടെ പിതാവിനെക്കുറിച്ച് കേട്ടിട്ടില്ലെന്ന് വെളിപ്പെട്ടു. ആലുവ ഈസ്റ്റ് വില്ലേജ് ഓഫീസറാണ് അന്വേഷണം നടത്തിയത്. ഇതു സംബന്ധിച്ച് വില്ലേജ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടാണ് എക്സിബിറ്റ് P-9. എക്സിബിറ്റ് P-9 റിപ്പോർട്ടിന്റെ പ്രസക്തഭാഗം ഇങ്ങനെ പറയുന്നു:

> "ആലുവ ഈസ്റ്റ് വില്ലേജിൽ കാക്കനാട് തറകരയിൽ പിഷാരത്ത് ഇലവുങ്കൽ പറമ്പ് വീട്ടിൽ തങ്കപ്പൻ മകൾ രോഹിണി എസ്.റ്റി. ലീഗൽ ഹെയർഷിപ്പിനു വേണ്ടി അപേക്ഷിച്ചിട്ടുള്ളതാണ്. പ്രാദേശികാന്വേഷണത്തിൽ അപേക്ഷകയുടെ പിതാവ് ശ്രീ. തങ്കപ്പൻ 36 വർഷമായി നാട് വിട്ട് പോയിട്ടുള്ളതും ടിയാനെ പറ്റി യാതൊരു അറിവും ഇല്ലാത്തതുമാണ്. അപേക്ഷകയുടെ മാതാവ് മാണി

14.02.2013ൽ മരണപ്പെട്ടിട്ടുള്ളതും അവകാശിയായി അപേക്ഷക ശ്രീമതി രോഹിണി മാത്രമാണുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്."

തീർച്ചയായും, അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമം സ്ഥിരതയുള്ളതായിരിക്കേണ്ടതാണ്, എന്നാൽ അത് ഫലത്തിൽ കക്ഷികൾക്ക് അനീതിയിൽ കലാശിക്കാൻ പാടില്ല. ഈ കേസിൽ അവളുടെ പിതാവിന്റെ കാണാതാകലുമായി ബന്ധപ്പെട്ട് പ്രഥമ വിവര റിപ്പോർട്ട് കൊടുക്കാത്തതിന് ഹർജിക്കാരി നൽകുന്ന വിശദീകരണം, അവളുടെ പിതാവിന്റെ മുൻകാല സ്വഭാവം കണക്കിലെടുത്ത്, കുടുംബം ഉത്തമവിശ്വാസപൂർവ്വം അയാൾ കുറച്ചുകാലം കഴിഞ്ഞ് മടങ്ങിവരുമെന്ന് പ്രതീക്ഷിച്ചുവെന്നതാണ്. എന്റെ അഭിപ്രായത്തിൽ, ഇപ്രകാരമുള്ള ഒരു കേസിൽ പോലീസിൽ ഏതെങ്കിലും പ്രഥമ വിവര റിപ്പോർട്ട് കൊടുക്കാത്തതിന് ഹർജിക്കാരിയുടെ കുടുംബത്തെ കുറ്റം പറയാനാകില്ല. പ്രഥമ വിവര റിപ്പോർട്ട് നൽകാത്തതിൽ കുടുംബത്തെ കുറ്റപ്പെടുത്താനാകില്ലെങ്കിൽ ഹർജിക്കാരിക്ക് അവകാശ സർട്ടിഫിക്കറ്റ് നിരസിക്കുന്നത് ഹർജിക്കാരിയുടെ പിതാവ് ജീവിച്ചിരിക്കുന്നുവെന്ന് ക്ഷമതയുള്ള അധികാരസ്ഥാനം ഉറപ്പിച്ചു പറയാത്തിടത്തോളം തീർച്ചയായും ഏകപക്ഷീയമാണ്. ഹർജിക്കാരിയുടെ മേൽപറഞ്ഞ നിലപാടിൽ ക്ഷമതയുള്ള അധികാരസ്ഥാനം ഇതുവരെ സംശയം പ്രകടിപ്പിക്കാതിരിക്കുന്നിടത്തോളം അവളുടെ പിതാവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട് അവൾ ഇപ്പോൾ പ്രഥമ വിവര റിപ്പോർട്ട് നൽകുകയാണെങ്കിൽ ഹർജിക്കാരിക്ക് ഏഴുവർഷത്തിനുശേഷം അപേക്ഷിച്ച അവകാശ സർട്ടിഫിക്കറ്റ് തീർച്ചയായും അനുവദിക്കപ്പെടും എന്ന കാരണത്താൽ കൂടിയാണ് ഞാൻ ഈ വീക്ഷണം സ്വീകരിക്കുന്നത്. സമാനമായ വസ്തുതകളിന്മേൽ, ഒരാളെ കാണാതായിട്ടുണ്ടെന്നും ഏഴുവർഷത്തിലേറെയായി അയാളെക്കുറിച്ച് കേട്ടിട്ടില്ലെന്നും ന്യായമായും ഉറപ്പാണെങ്കിൽ, അയാൾ മരണപ്പെട്ടുവെന്ന് അനുമാനിക്കാവുന്നതാണെന്ന് WP(C)No.8107/2010-ൽ ഈ കോടതി വിധിച്ചിട്ടുള്ളതാണ്.

വിഷയത്തെ സംബന്ധിച്ച പ്രസ്തുത നിരീക്ഷണത്തിൽ, റിട്ട് ഹർജി അനുവദിക്കുകയും ഹർജിക്കാരിയുടെ പിതാവിന്റെ കാണാതാകലുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പിന്, എന്തെങ്കിലുമുണ്ടെങ്കിൽ, നിഷ്ക്കർഷിക്കാതെ ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാൻ 1-ഉം 2-ഉം എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇത് അങ്ങനെയുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ കാലയളവിനുള്ളിൽ ചെയ്യേണ്ടതാണ്.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ &**

**ബഹു. ജസ്റ്റിസ് മുഹമ്മദ് നിയാസ് സി. പി.**

W.A. Nos. 463–465/2021

**സബിത കെ. വി.**

**Vs**

**സതീശൻ കെ. വി. യും മറ്റുള്ളവരും**

(2021 ഡിസംബർ 16–ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

വിൽപ്പത്രം പരിഗണനയ്ക്കായി സമർപ്പിക്കുന്ന ആളിന് വിൽപ്പത്രത്തിന്റെ ഒപ്പിട്ടു പൂർത്തികരിക്കലും അതിന്റെ യഥാർത്ഥതയും തെളിയിക്കുന്നതിനു പുറമെ വിൽപ്പത്രത്തിന്റെ ഒപ്പിട്ടു പൂർത്തികരിക്കലിനെ വലയം ചെയ്യുന്ന സംശയകരമായ സാഹചര്യങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ വിശദീകരിക്കുന്നതിനുള്ള നിയമപരമായ ബാധ്യതയുമുണ്ടായിരിക്കുന്നതാണ്.

**വിധിന്യായം**

**ജസ്റ്റിസ് മുഹമ്മദ് നിയാസ് സി. പി.**

1. നീലേശ്വരം ശ്രീനാരായണ ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, പടന്നക്കാട് ശ്രീ നാരായണ എയ്ഡഡ് യു.പി. സ്കൂൾ (ഇതിനുശേഷം ചുരുക്കത്തിൽ സ്കൂളുകൾ എന്നാണ് പരാമർശിക്കപ്പെടുക) എന്നു പേരുള്ള രണ്ടു സ്ഥാപനങ്ങളുടെ നടത്തിപ്പവകാശം സംബന്ധിച്ച് നിയമാനുസൃത അവകാശികൾ തമ്മിലുള്ള തർക്കം കേരള വിദ്യാഭ്യാസ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അടിസ്ഥാനമാക്കി അംഗത്വം സംബന്ധിച്ച് ഉചിതമായ തീരുമാനത്തിനായി വിദ്യാഭ്യാസ അധികാരസ്ഥാനത്തിന് നിർദ്ദേശം നൽകിയ സിംഗിൾ ജഡ്ജിയുടെ ഡബ്ല്യൂ. പി (സി) 24498/2017, 21246/2016, 3784/2015 എന്നീ കേസുകളിലെ പൊതു വിധിന്യായത്തിൽ നിന്നാണ് ഈ അപ്പീലുകൾ ഉൽഭവിക്കുന്നത്. ഈ അപ്പീലുകളിൽ തീരുമാനം എടുക്കുന്നതിന് ആവശ്യമായ സാരവത്തായ വസ്തുതകൾ താഴെ പറയും പ്രകാരമാണ്:

പരേതനായ കെ.വി.കുഞ്ഞമ്പു മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും 11-8-1978-ൽ അദ്ദേഹത്തിന്റെ മരണം വരെ മാനേജരായിരിക്കുകയും അതിനു ശേഷം കുഞ്ഞമ്പുവിന്റെ 10-05-1978 തീയതിയിലെ വിൽപ്പത്രം പ്രകാരം അദ്ദേഹത്തിന്റെ ഭാര്യ സത്യഭാമ മാനേജർ ആകുകയും 12-08-2013-ൽ അവരുടെ മരണം വരെ അവർ അപ്രകാരം തുടരുകയും അവരുടെ മരണത്തെത്തുടർന്ന് മാനേജർ പദവിക്കായി അവരുടെ ഏഴു മക്കൾക്കിടയിൽ തർക്കങ്ങൾ തുടങ്ങുകയും ചെയ്തു. 2021-ലെ 463-ാം നമ്പർ റിട്ട് അപ്പീലിലെ അപ്പീൽ വാദിയായ സബിത കെ.വി., ആരോപണമനുസരിച്ച് അവരുടെ അമ്മ 27-10-2009-ന് ഒപ്പിട്ടു പൂർത്തിയാക്കിയ, അവരുടെ നടത്തിപ്പവകാശം ഒസ്യത്തു ചെയ്യുന്ന രജിസ്റ്റർചെയ്യപ്പെടാത്ത വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ അവർക്കു മാത്രമായി അവകാശവാദം ഉന്നയിക്കുമ്പോൾ ബാക്കിയുള്ള അഞ്ചു സഹോദരങ്ങളുടെ പിന്തുണയുള്ള മൂത്ത മകനായ ശ്രീ. സതീശൻ കെ. വി. ആ കാരണത്താൽ മാനേജർ സ്ഥാനത്തിന് അവകാശമുന്നയിച്ചു.

2. 2-09-2013-ലെ കത്ത് മുഖാന്തരം സബിത കെ. വി മാനേജർ സ്ഥാനത്തേക്ക് 2-09-2013-ൽ അവകാശവാദമുന്നയിക്കുകയും അതേസമയം സതീശൻ കെ. വി. ബാക്കിയുള്ള നിയമാനുസൃത അവകാശികളുടെ പിന്തുണയോടെ 4/10/2013-ൽ വിജയകരമായി അവകാശവാദം ഉന്നയിക്കുകയും, 11/10/2013-ൽ 4-ാം എതിർകക്ഷി എക്സിബിറ്റ് P-3 ഉത്തരവിലൂടെ അയാളെ മാനേജരായി നിയമിക്കുകയും ആയത് ഡി.പി.ഐ. 31/10/2003-ലെ എക്സിബിറ്റ് P-4 ഉത്തരവുപ്രകാരം അംഗീകരിക്കുകയും ചെയ്തു. സബിത കെ.വി എക്സിബിറ്റ് P-3, എക്സിബിറ്റ് P-4 എന്നീ ഉത്തരവുകൾക്കെതിരെ അപ്പീൽ ബോധിപ്പിക്കുകയും, അത്, അവർ ഹാജരാക്കിയ വിൽപ്പത്രം സ്വീകരിക്കാൻ കഴിയുകയില്ലെന്നും, ഏകാംഗീകൃതമായ വിദ്യാഭ്യാസ ഏജൻസിയായതിനാൽ ആറു മാസത്തെ ഒരു കാലയളവിനുള്ളിൽ ഒരു സ്കീം തയ്യാറാക്കേണ്ടതാണെന്നും കണ്ട് എക്സിബിറ്റ് P-5 പ്രകാരം തീർപ്പാക്കുകയും ചെയ്തു. അതിനുശേഷം ഇരുകക്ഷികളും തമ്മിൽ കത്തിടപാടുകൾ നടത്തിയിട്ടുള്ളതും ആത്യന്തികമായി നിയമാനുസൃത അവകാശികളെ ചേർത്ത് ബൈലാ ഉണ്ടാക്കേണ്ടതിനാൽ യാതൊരു നിയമനവും നടത്താൻ പാടില്ല എന്ന നിബന്ധനയോടു കൂടി 16-10-2015-ലെ എക്സിബിറ്റ് P-13 ഉത്തരവു പ്രകാരം സതീശൻ കെ. വി. യെ വീണ്ടും മാനേജരായി സർക്കാർ നിയമിക്കുകയും ചെയ്തു. ആനുഷംഗികമായ ഉത്തരവ് ഡി.ഇ.ഒ. 12-11-2015-ൽ എക്സിബിറ്റ് P-14 മുഖേന പുറപ്പെടുവിച്ചു. സബിത കെ.വി. എക്സിബിറ്റ് P-13, എക്സിബിറ്റ് P14 എന്നീ ഉത്തരവുകൾ റിട്ട് പെറ്റീഷൻ (സി) 37814/2015 ഫയൽ ചെയ്യുന്നതു മുഖേന ചോദ്യം ചെയ്തു. പ്രസ്തുത റിട്ട് പെറ്റീഷനിൽ യാതൊരു ഇടക്കാല ഉത്തരവും അനുവദിച്ചില്ല. അതേ സമയം, മാനേജരായി പ്രവർത്തിക്കുന്നതിൽ എക്സിബിറ്റ് P-13-ഉം എക്സിബിറ്റ് P-14-ഉം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ചോദ്യം ചെയ്തുകൊണ്ട് സതീശൻ കെ. വി. റിട്ട് പെറ്റീഷൻ നമ്പർ 21246/2016 ഫയൽ ചെയ്തു. പിന്നീട് നിയമാനുസൃത അവകാശികൾ തമ്മിലുള്ള തർക്കം തീർപ്പാക്കുന്നതുവരെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ മാനേജരായി 17/7/2021 തീയതിയിലെ എക്സിബിറ്റ് P-23 ഉത്തരവുപ്രകാരം സർക്കാർ നിയമിച്ചു. പ്രസ്തുത ഉത്തരവ് സതീശൻ കെ. വി. ഡബ്ല്യൂ.പി(സി) 24498/2017 മുഖേന ചോദ്യം ചെയ്തു. അപ്പീലിനു വിധേയമായ, മേൽപ്പറഞ്ഞ മൂന്ന് റിട്ട് പെറ്റീഷനുകളിൽ

പുറപ്പെടുവിച്ച പൊതുവിധിന്യായം മുഖേന, ഇതിലെ നാലാം എതിർകക്ഷി കാസർഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ഏകാംഗീകൃതമായ പ്രസ്തുത വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ അംഗങ്ങളുടെയും യോഗം വിളിച്ചു ചേർക്കുന്നതിനും, സതീശൻ കെ.വി.യും മറ്റ് അഞ്ചു സഹോദരങ്ങളും ചേർന്നു തയ്യാറാക്കിയ ബൈലായ്ക്ക് എതിരെ ആക്ഷേപങ്ങളുന്നയിക്കാൻ ഇവിടത്തെ അപ്പീൽ വാദിയായ സബിത കെ. വി. ക്ക് ഒരു അവസരം നൽകുന്നതിനും, കൂടാതെ അപ്പീൽവാദിക്ക് തന്റേതായ ഒരു സ്വതന്ത്ര ബൈലാ ഹാജരാക്കാൻ അവസരം നൽകുന്നതിനും അതിനുശേഷം ആക്റ്റിലെയും കെ. ഇ. ആറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്കൂളുകളുടെ നടത്തിപ്പിനായി അന്തിമ ബൈലാ അംഗീകരിക്കുന്നതിന്മേൽ തീരുമാനം എടുക്കുന്നതിനും സിംഗിൾ ജഡ്ജി നിർദ്ദേശം നൽകി. അങ്ങനെയുള്ള ഒരു തീരുമാനം എടുക്കുന്നതുവരെ നാലാം എതിർകക്ഷിയെ മാനേജരായി നിയമിച്ച, എക്സിബിറ്റ് P23 സർക്കാരുത്തരവ് പ്രാബല്യത്തിൽ തുടരാൻ അനുവദിച്ചു.

3. അഡ്വക്കേറ്റ് മഹേഷ് വി. രാമകൃഷ്ണൻ യഥാവിധി അധികാരപ്പെടുത്തിയ, അപ്പീൽ വാദിയ്ക്ക് വേണ്ടിയുള്ള സീനിയർ അഭിഭാഷകൻ ശ്രീ. എൻ. സുഗുണപാലൻ, അഡ്വക്കേറ്റ് റ്റി. കെ. വിപിൻദാസ് അധികാരപ്പെടുത്തിയ, ഒന്നാം എതിർകക്ഷിയ്ക്കു വേണ്ടിയുള്ള സീനിയർ അഭിഭാഷകൻ ശ്രീ. ജാജു ബാബു, ഔദ്യോഗിക എതിർകക്ഷികൾക്കു വേണ്ടിയുള്ള ഗവൺമെന്റ് പ്ലീഡർ എന്നിവരെ കേട്ടു.

4. സത്യഭാമയുടെ മരണത്തോടെ, മരണപത്ര പ്രകാരമുള്ള വിനിയോഗം മുഖേനയോ വ്യക്തിനിയമം മുഖേനയോ ഒരു പ്രത്യേക വ്യക്തിക്കു പിൻതുടർച്ചാവകാശമായി കൈവരാതിരുന്നാൽ മാത്രമേ പ്രസ്തുത വിദ്യാഭ്യാസ ഏജൻസി ഒരു ഏകാംഗീകൃത വിദ്യ്യാസ ഏജൻസി ആകുകയുള്ളു എന്നും ഈ കേസിൽ, വിൽപ്പത്രമുള്ളതിനാൽ പ്രസ്തുത വിദ്യാഭ്യാസ ഏജൻസി ഒരു വ്യക്തിഗത വിദ്യാഭ്യാസ ഏജൻസിയായി തുടരുന്നുവെന്നും വാദിക്കുകയും അതിന് Somanatha Pillai v. State of Kerala [2017(1) KLT 127] എന്ന കേസിലെ വിധിന്യായത്തെ സീനിയർ അഭിഭാഷകൻ അവലംബിക്കുകയും ചെയ്യുന്നു. അദ്ദേഹം വിൽപ്പത്രത്തിന്റെ സ്വീകാര്യതയെ സംബന്ധിച്ച് Iysha Narayan v. State of Kerala [ILR 1985 (1) Ker 348], Abdul Rahim v. State of Kerala [1984 KLT 773 DB], Kunhikrishnan Adiyodi v. State of Kerala [MANU/KE/0150/2003 : 2003 (2) KLT 488 DB], Murugan and others. v. Kesava Gounder [MANU/SC/0265/2019: AIR 2019 SC 2696 : 2019 KHC 6223] , Kartar Singh and others v. Ranbir Singh and another [MANU/HP/1484/2018 : AIR 2019 NOC 220 : 2019 KHC3106], H.K. Desappa Setty and others. v. K.N. Thammana Gouda and another [MANU/KA/0219/1984 : AIR 1984 Karnataka 153] എന്നിവയിലെ വിധിന്യായങ്ങളെ അവലംബിക്കുകയും ചെയ്തു.

5. സബിത കെ. വി. സ്കൂളിന്റെ നടത്തിപ്പിനുള്ള അവകാശം അവൾക്ക് മരണശാസനം വഴി നൽകുന്ന, അവളുടെ അമ്മ 27/10/2009-ൽ ഒപ്പിട്ടു പൂർത്തികരിച്ച, ഒരു വിൽപ്പത്രം ഹാജരാക്കിയിട്ടുണ്ടെന്നും അതുകൊണ്ട് മറ്റു നിയമാനുസൃത അവകാശികളെ ഒഴിവാക്കി അവളെ മാനേജർ ആയി നിയമിക്കണം എന്ന് സീനിയർ അഭിഭാഷകൻ വാദിക്കുന്നു. എതിർകക്ഷികൾക്ക് തർക്കമുണ്ടെങ്കിൽ അവർ അതിനെ ചോദ്യം ചെയ്യേണ്ടതാണെന്നും സിവിൽ കോടതി മുമ്പാകെയുള്ള ഒരു തർക്കത്തിന്റെ അഭാവത്തിൽ വിദ്യാഭ്യാസ അധികാരസ്ഥാനങ്ങൾ മേൽപ്പറഞ്ഞ വിൽപ്പത്രത്തിന്റെയടിസ്ഥാനത്തിൽ മാനേജരെ നിയമിക്കേണ്ടതായിരുന്നുവെന്നുമാണ് അതു കൂടാതെയുള്ള അദ്ദേഹത്തിന്റെ വാദം.

6. നേരെമറിച്ച്, എതിർകക്ഷികൾക്കുവേണ്ടിയുള്ള സീനിയർ അഭിഭാഷകൻ ഇതിനെതിരെ വാദിച്ചത്, ആരോപണവിധേയമായ വിൽപ്പത്രം വഞ്ചനാപൂർവ്വം ഉണ്ടാക്കിയിട്ടുള്ളതാണെന്നും ബാക്കിയുള്ള എല്ലാ നിയമാനുസൃത അവകാശി കളും ഈ എതിർവാദം, 16-10-2015-ന് പുറപ്പെടുവിച്ച എക്സിബിറ്റ് P13 ഉത്തരവിൽ നിന്നുപോലും കാണാൻ കഴിയുന്ന പ്രകാരം ഏറ്റവും ആദ്യ സമയത്തുതന്നെ ഉന്നയിച്ചിട്ടുള്ളതുമാണെന്നാണ്. ബാക്കിയുള്ള എല്ലാ നിയമാനുസൃത അവകാശികളുടെയും പിന്തുണ കണക്കിലെടുത്തുകൊണ്ട് അപ്പീലുകളിലെ എതിർകക്ഷി സതീശൻ കെ. വി. യെ മാനേജർ ആയി നിയമിച്ച തിൽ യാതൊരു തെറ്റുമില്ലെന്നും വിദ്യാഭ്യാസ അധികാര സ്ഥാനങ്ങളുടെ ഉത്തരവിൽ, അത് സതീശൻ കെ. വി. യെ നിയമിച്ചിടത്തോളം യാതൊരു ഇടപെടലും ആവശ്യ മില്ലെന്നുമാണ് എതിർകക്ഷികൾക്കു വേണ്ടിയുള്ള സീനിയർ അഭിഭാഷകന്റെ വാദം.

7 വിൽപ്പത്രം ഹാജരാക്കപ്പെടുന്ന എല്ലാ കേസുകളിലും, 1872-ലെ ഇന്ത്യൻ തെളിവ് ആക്റ്റിലെ 68-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതും വിൽപ്പത്രം യഥാവിധി ഒപ്പിട്ടു പൂർത്തികരിച്ചതാണെന്ന് തെളിയിക്കേണ്ട ചുമതല വിൽപ്പത്രം പരിഗണനയ്ക്കായി സമർപ്പിക്കുന്ന ആളിനായിരിക്കുന്നതുമാണ്. വിൽപ്പത്രം പരിഗണനയ്ക്കായി സമർപ്പിക്കുന്ന ആളിന് വിൽപ്പത്രത്തിന്റെ ഒപ്പിട്ടു പൂർത്തീകരിക്കലും അതിന്റെ യഥാർത്ഥതയും തെളിയിക്കുന്നതിനുപുറമെ വിൽപ്പത്രം ഒപ്പിട്ടു പൂർത്തീകരിക്കലിനെ വലയം ചെയ്യുന്ന സംശയകരമായ സാഹചര്യങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അവ വിശദീകരിക്കുന്നതിനുമുള്ള നിയമപരമായ ഒരു ബാദ്ധ്യതയും ഉണ്ടായിരി ക്കുന്നതാണ്. തെളിവിന്റെ രീതിയുമായി ബന്ധപ്പെട്ട്, തർക്കമുള്ള വിൽപ്പത്ര ത്തെയും തർക്കമില്ലാത്ത വിൽപ്പത്രത്തെയും സംബന്ധിച്ചിടത്തോളം തെളിവ് ആക്റ്റിലെ 68-ാം വകുപ്പിൽ യാതൊരു വ്യത്യാസവും അടങ്ങിയിരിക്കുന്നില്ല. തെളിവ് ആക്റ്റിലെ 68-ാം വകുപ്പിനെയും 1925-ലെ ഇന്ത്യൻ പിൻതുടർച്ച ആക്റ്റിലെ 63-ാം വകുപ്പിനെയും അവലംബിച്ചല്ലാതെ വിൽപ്പത്രത്തിന്റെ യഥാവിധിയുള്ള ഒപ്പിട്ടു പൂർത്തീകരണം തെളിയിക്കാൻ കഴിയുകയില്ല. ഈ കേസിൽ വിൽപ്പത്രം പരിഗണനയ്ക്കായി സമർപ്പിക്കുന്ന ആൾ ഒഴികെ മറ്റെല്ലാ നിയമാനുസൃത അവകാശികളും ഈ വിൽപ്പത്രം വഞ്ചനാപൂർവ്വം ഉണ്ടാക്കിയ താണെന്നു തർക്കിക്കുകയാണെന്നത് കാണേണ്ടതാണ്. പ്രസ്തുത സാഹചര്യ ത്തിൽ ഒരു വിൽപ്പത്രം ഉള്ള കാര്യം എതിർകക്ഷികൾക്ക് അറിയാമെന്നും, അതിനാൽ, എതിർകക്ഷികളുടെ ആവശ്യപ്രകാരം അത് ദുർബ്ബല പ്പെടുത്തുന്നതുവരെ സാധുവായിക്കരുതണമെന്ന, അപ്പീൽവാദിക്കു വേണ്ടി യുള്ള സീനിയർ അഭിഭാഷകന്റെ വാദം അനുവദിക്കാൻ കഴിയുകയില്ല. അപ്പീൽവാദിയുടെ ഈ വാദത്തെ പിന്തുണക്കുന്നതിനായി അവലംബിക്കുന്ന വിധിന്യായങ്ങളിലൊന്നും മറ്റുവിധത്തിൽ പറയുന്നില്ല. വിദ്യാഭ്യാസ അധികാര സ്ഥാപനങ്ങൾക്ക്, തെളിവെടുപ്പ് ആവശ്യമായ സങ്കീർണ്ണമായ വസ്തുതാ പ്രശ്നങ്ങളും നിയമപ്രശ്നങ്ങളും തീരുമാനിക്കാൻ കഴിയുകയില്ലെന്നും, അത് സിവിൽ കോടതി മുഖേന മാത്രമേ സാധിക്കുകയുള്ളു എന്നുമുള്ള അപ്പീൽവാദിക്കുവേണ്ടിയുള്ള സീനിയർ അഭിഭാഷകന്റെ വാദത്തോട് ഞങ്ങൾ യോജിക്കുന്നു. വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു അവകാശ വാദമുന്നയിച്ച്, വിൽപ്പത്രം പരിഗണനയ്ക്കായി സമർപ്പിക്കുന്ന അപ്പീൽവാദി യാണ് അത് തെളിയിക്കുന്നതിനുവേണ്ടി ഉചിതമായ സിവിൽ വ്യവഹാരം ഫയൽ

ചെയ്ത് നിയമത്തിനനുസൃതമായി വിൽപ്പത്രം തെളിയിക്കേണ്ടത്. അത് ചെയ്യാതിരുന്നതിനാൽ അവളുടെ അവകാശവാദം വിദ്യാഭ്യാസ അധികാരികൾ ശരിയായി നിരസിച്ചിട്ടുള്ളതും അതിൽ ഇടപെടേണ്ട ആവശ്യമില്ലാത്തതുമാണ്.

8. അങ്ങനെയുള്ള സാഹചര്യങ്ങളിൽ, വിദ്യാഭ്യാസ അധികാരസ്ഥാനങ്ങൾ വിൽപ്പത്രത്തിലെ വ്യവസ്ഥകൾ അംഗീകരിക്കാത്തതിലോ വിൽപ്പത്രത്തിൽ പറഞ്ഞിരിക്കുന്ന അവകാശം നൽകാത്തതിലോ തെറ്റൊന്നും ഞങ്ങൾ കാണുന്നില്ല. ഭാരതത്തിന്റെ ഭരണഘടനയുടെ 226-ാം അനുച്ഛേദപ്രകാരമുള്ള ഒരു നടപടിക്കെതിരെയുള്ള ഒരു അപ്പീലിൽ ഒരു വിൽപ്പത്രത്തിലെ വ്യവസ്ഥകൾ വ്യഖ്യാനിക്കാൻ, അതുപോകട്ടെ, അതിന്റെ യഥാർത്ഥത പരിഗണിക്കാൻ പോലുമാകില്ല. സിംഗിൾ ജഡ്ജി ശരിയായി കണ്ടെത്തിയതുപോലെ, ഇപ്പോഴത്തെ നിലയിൽ, ഒരു ഏകാംഗീകൃത വിദ്യാഭ്യാസ ഏജൻസിയായതിനാൽ, കേരള വിദ്യാഭ്യാസ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സ്ഥാപനം നടത്തേണ്ടതും അതിന് മാനേജരെ തിരഞ്ഞെടുക്കുന്ന രീതി നിശ്ചയിക്കുന്ന ഒരു സ്കീം അല്ലെങ്കിൽ ബൈലാ ആവശ്യവുമാണ്.

9. അവസാനിപ്പിക്കുന്നതിനു മുമ്പ്, ഈ വിൽപ്പത്രം യഥാർത്ഥമാണെന്നു കരുതിയാൽത്തന്നെയും മാനേജർ പദവി സിവിൽ അവകാശമല്ലാത്തതും എന്നാൽ നിയമപരമായ അവകാശമായതുകൊണ്ടും ഒരു മരണസ്വത്തിന്റെ വിഷയമായിരിക്കാൻ കഴിയില്ലാത്തതിനാൽ വിൽപ്പത്രത്തിന്റെ അടിസ്ഥാനത്തിൽ സബിത കെ. വി. ക്ക് അവകാശം ഉന്നയിക്കാൻ യാതൊരു അവകാശവും നൽകുകയില്ല എന്ന് സിംഗിൾ ജഡ്ജി നിരീക്ഷിച്ചിട്ടുള്ളത് ഞങ്ങൾ ശ്രദ്ധിക്കുന്നു. സിംഗിൾ ജഡ്ജിയുടെ ഈ നിരീക്ഷണം എല്ലാ സാഹചര്യങ്ങൾക്കും ഒരുപോലെ ബാധകമായ, നിയമത്തിന്റെ പൊതുവായ ഒരു നിർദ്ദേശമെന്നു കരുതാൻ കഴിയുകയില്ല എന്നു ഞങ്ങൾ കാണുന്നു. ഈ അപ്പീലിൽ മേൽപ്പറഞ്ഞ വിഷയം തീരുമാനിക്കാൻ ഞങ്ങളോട് ആവശ്യപ്പെടാത്തതിനാൽ അതിൽ തീരുമാനം എടുക്കുന്നില്ലാത്തതും അതിനാൽ ഈ ചോദ്യം തീരുമാനിക്കാതെ വിടുന്നതുമാണ്. അപ്പീലിനാധാരമായ വിധിന്യായത്തിൽ നൽകിയ നിർദ്ദേശങ്ങളോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. തത്ഫലമായി മേൽപ്പറഞ്ഞ അപ്പീലുകൾ തള്ളുന്നു.

## ബഹു. കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അനു ശിവരാമൻ**

റിട്ട് പെറ്റീഷൻ നം. 22081/2021

**എം. രാജേഷ് കുമാർ**

**Vs**

**ജില്ലാ കളക്ടർ, എറണാകുളം.**

(2022 ഫെബ്രുവരി 8-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

**2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ്-2008-ലെ ആക്റ്റും അതിൻ പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും നിലവിൽ വന്ന തീയതിയിൽ കര ഭൂമി ആയിരുന്ന വസ്തുവിനെ പ്രസ്തുത ആക്റ്റ് പ്രകാരം തയ്യാറാക്കുന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താൻ കഴിയില്ല.**

**വിധിന്യായം**

**ജസ്റ്റിസ് അനു ശിവരാമൻ**

1. എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ നടമാ വില്ലേജ് ബ്ലോക്ക് നം. 47-ലെ 11-ഉം 12-ഉം റീസർവ്വേ നമ്പരുകളിൽപെട്ട (പഴയ സർവ്വേ നം 161/3) 10.82 ആർ വസ്തുവിന്റെ കൈവശക്കാരനായ ഉടമസ്ഥനാണ് ഹർജിക്കാരൻ. വസ്തു വാസയോഗ്യമായ കെട്ടിടത്തോടൊപ്പം ഹർജിക്കാരൻ 2004-ൽ വാങ്ങിയതാണെന്ന് ബോധിപ്പിക്കുന്നു.

2. വസ്തു മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള അപേക്ഷകൾ ഹർജിക്കാരൻ സമർപ്പിച്ചിരുന്നെന്നും, പ്രസ്തുത അപേക്ഷ പരിഗണിക്കാൻ 30.08.2017-ലെ എക്സിബിറ്റ് P2 വിധിന്യായത്തിലൂടെ നിർദ്ദേശിച്ചുവെന്നും ബോധിപ്പിക്കുന്നു. എക്സിബിറ്റ് P2 വിധിന്യായത്തെത്തുടർന്ന് എൽ.എൽ.എം.സി കാര്യം പരിഗണിക്കുകയും വസ്തു കരഭൂമിയാണെന്നും 28 വർഷത്തിലധികം പഴക്കമുള്ള ഒരു വീട് വസ്തുവിലുണ്ടെന്നും ചൂണ്ടിക്കാട്ടി എക്സിബിറ്റ് P3 റിപ്പോർട്ട് ജില്ലാ കളക്ടർ മുമ്പാകെ നൽകുകയും ചെയ്തു എന്നും ബോധിപ്പിക്കുന്നു. എക്സിബിറ്റ് P5 വിധിന്യായം മുഖേന എക്സിബിറ്റ് P4 നടപടിക്രമം റദ്ദാക്കുകയും പുന:പരിശോധനയ്ക്ക് ഉത്തരവാകുകയും ചെയ്തശേഷമാണ്

ഭൂവിനിയോഗ ഉത്തരവിലെ ഖണ്ഡം 6(2) പ്രകാരമുള്ള അനുമതി ഹർജ്ജിക്കാരന് നൽകിക്കൊണ്ട് 23.01.2020-ൽ എക്സിബിറ്റ് P6 ഉത്തരവ് ആത്യന്തികമായി പുറപ്പെടുവിച്ചതെന്ന് ഹർജിക്കാരനു വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. എക്സിബിറ്റ് P6 ഉത്തരവിനെത്തുടർന്ന്, അടിസ്ഥാന നികുതി രജിസ്റ്ററിൽ തിരുത്തലുകൾ/മാറ്റങ്ങൾ വരുത്തുന്നതിനായി എക്സിബിറ്റ് P7 നിവേദനം കേരള ഭൂനികുതി ആക്റ്റിലെ 64-ാം വകുപ്പു പ്രകാരം ഫാറം എ പ്രകാരമുള്ള ഒരപേക്ഷയോടൊപ്പം നൽകുകയും ആയത് പരിഗണിക്കാൻ എക്സിബിറ്റ് P8 വിധിന്യായത്തിലൂടെ ഈ കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എക്സിബിറ്റ് P8 വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 2-ാം എതിർകക്ഷിയെ ഹർജിക്കാരൻ സമീപിച്ചപ്പോൾ, 10.02.2021 പ്രകാരം ഡാറ്റാ ബാങ്ക് വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും, കേരള ഭൂവിനിയോഗ ഉത്തരവു പ്രകാരമുള്ള എക്സിബിറ്റ് P6 ഉത്തരവിലെ വിഷയമായ ഹർജിക്കാരന്റെ വസ്തു വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാ ബാങ്കിൽ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഹർജിക്കാരനോട് പറഞ്ഞുവെന്ന് ബോധിപ്പിക്കുന്നു. അതിനാൽ ഹർജിക്കാരന് ഫാറം 5-ൽ അപേക്ഷ ഫയൽ ചെയ്ത് ഒഴിവാക്കൽ ആവശ്യപ്പെടേണ്ടി വരുമെന്ന് വാദമുന്നയിക്കുന്നു.

3. എക്സിബിറ്റ് P6-ൽ നിന്നും വെളിവാകുന്ന പ്രകാരം, കേരള ഭൂവിനിയോഗ ഉത്തരവിലെ ഖണ്ഡം 6(2) പ്രകാരമുള്ള ഒരു ഉത്തരവിൽ ഹർജിക്കാരന്റെ വസ്തു ഇതിനകം തന്നെ ഉൾപ്പെടുന്നതുകൊണ്ട്, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് (ചുരുക്കത്തിൽ 2008-ലെ ആക്റ്റ്) നിലവിൽ വന്ന തീയതിയിൽ വസ്തു നെൽവയലോ തണ്ണീർത്തടമോ അല്ലായിരുന്നതിനാൽ വസ്തു വീണ്ടും ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താൻ കഴിയുമായിരുന്നില്ലെന്ന് ഹർജിക്കാരനു വേണ്ടിയുള്ള അഭിഭാഷകൻ ബോധിപ്പിക്കുന്നു. ഈ വാദത്തെ പിന്തുണയ്ക്കുന്നതിനായി ഈ കോടതിയുടെ എക്സിബിറ്റ് P11 വിധിന്യായത്തെ അവലംബിക്കുന്നു. ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടത് ചട്ടങ്ങൾ നിലവിൽ വന്ന തീയതി പ്രകാരമുള്ള, അതായത് 24.12.2008-ന്, കൃഷി യോഗ്യമായ നെൽവയലുകളുടെ ഡാറ്റാബാങ്കാണെന്നും, കേരള ഭൂവിനിയോഗ ഉത്തരവിലെ ഖണ്ഡം 6(2) പ്രകാരമുള്ള ഉത്തരവുകളിൽ പ്രത്യേകമായി ഉൾപ്പെടുന്ന വസ്തുക്കൾ അതിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നും വാദിക്കുന്നതിലേക്കായി ഈ കോടതിയുടെ Lalu. P.S v State of Kerala and others [MANU/KE/2747/2020: 2020(5) KHC490]-ലെ തീരുമാനത്തെക്കൂടി ഹർജിക്കാരനുവേണ്ടിയുള്ള അഭിഭാഷകൻ അവലംബിക്കുന്നു.

4. തർക്ക വസ്തു എക്സിബിറ്റ് P3 റിപ്പോർട്ടിലും എക്സിബിറ്റ് P6 ഉത്തരവിലും ഉൾപ്പെടുന്നതിനാൽ വിജ്ഞാപനം ചെയ്ത ഡാറ്റാബാങ്കിൽ അതിന്റെ ഉൾപ്പെടുത്തൽ സ്പഷ്ടമായും ഒരു പിശകാണെന്ന് സർക്കാർ അഭിഭാഷകൻ ബോധിപ്പിക്കുന്നു.

5. മുന്നോട്ടുവച്ച വാദപ്രതിവാദങ്ങൾ പരിഗണിച്ചും നിയമത്തിലെ വ്യവസ്ഥകളും വിഷയത്തിലെ കീഴ്വഴക്കങ്ങളും കണക്കിലെടുത്തും ഹർജിക്കാരൻ ആവശ്യപ്പെട്ട നിവൃത്തികൾക്ക് അർഹതയുണ്ടെന്ന് ഞാൻ കരുതുന്നു. 2008-ലെ ആക്ടും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും നിലവിൽ വന്ന തീയതിയിൽ വസ്തു കര ഭൂമിയായിരുന്നുവെന്ന് നിസ്സംശയം രേഖപ്പെടുത്തുന്ന എക്സിബിറ്റ് P3 റിപ്പോർട്ടിലും എക്സിബിറ്റ് P6 ഉത്തരവിലും ഹർജിക്കാരന്റെ വസ്തു ഉൾപ്പെടുന്ന വസ്തുത

കണക്കിലെടുക്കുമ്പോൾ പ്രസ്തുത ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ ഡാറ്റാബാങ്കിൽ ടി വസ്തു ഉൾപ്പെടാൻ സാദ്ധ്യതയുള്ളതല്ലെന്ന് ഞാൻ കരുതുന്നു. ഡാറ്റാബാങ്കിൽ പ്രസ്തുത വസ്തുവിന്റെ ഉൾപ്പെടുത്തൽ, അതിനാൽ, പ്രത്യക്ഷമായി പിശകും എക്സിബിറ്റ് P3-ഉം എക്സിബിറ്റ് P-6-ഉം പരിഗണിക്കാതെ ചെയ്തതും, പ്രസ്തുത ഉൾപ്പെടുത്തലിന് വസ്തുവിന്റെ പുനർനിർണ്ണയത്തിനും എക്സിബിറ്റ് P8 വിധിന്യായത്തിൽ ഈ കോടതി നിർദ്ദേശിച്ചിട്ടുള്ള, ആയതിന്റെ പുനർതരം തിരിക്കലിനും തടസ്സമായി നിൽക്കാൻ കഴിയാത്തതുമാണ്.

6. വിഷയത്തിന്റെ മേൽപ്പറഞ്ഞ പ്രകാരമുള്ള വീക്ഷണത്തിൽ, വിജ്ഞാപനം ചെയ്യപ്പെട്ട എക്സിബിറ്റ് P10 ഡാറ്റാബാങ്കിൽ നിന്നും എക്സിബിറ്റ് P3 റിപ്പോർട്ടിലും എക്സിബിറ്റ് P6 ഉത്തരവിലും ഉൾപ്പെടുന്ന പ്രസ്തുത വസ്തു ഒഴിവാക്കുന്നതിന് മൂന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ റിട്ട് ഹർജി തീർപ്പാക്കുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാബാങ്കിൽ നിന്നും എക്സിബിറ്റ് P3 യിലും എക്സിബിറ്റ് P6-ലും ഉൾപ്പെട്ട പ്രസ്തുത വസ്തു ഒഴിവാക്കി തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഉചിതമായ നടപടികൾ എൽ.എൽ.എം.സി സ്വീകരിക്കേണ്ടതാണ്. വസ്തു പുരയിടമായി/കരഭൂമിയായി പരിഗണിച്ച് പുനർ നിർണ്ണയിക്കുന്നതിനും, അടിസ്ഥാന നികുതി രജിസ്റ്ററിലും മറ്റു റവന്യൂ രേഖകളിലും പുരയിടം/കര ഭൂമി എന്ന് തരം മാറ്റാൻ അനുയോജ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും രണ്ടാം എതിർകക്ഷിക്ക് കൂടുതലായി നിർദ്ദേശം നൽകുന്നു. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ടു മാസക്കാലയളവിനുള്ളിൽ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതനുസരിച്ച് ഈ റിട്ട് ഹർജിയിൽ ഉത്തരവായിരിക്കുന്നു.

**ബഹു. കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് രാജ വിജയരാഘവൻ. വി**

റിട്ട് പെറ്റീഷൻ നം.7903/2021

**സതീശൻ പി.കെ.**

**Vs**

**പ്രിൻസിപ്പൽ കേന്ദ്രീയ വിദ്യാലയ (കെ.വി.II) കട്ടരിബാഗ്-ഉം**

മറ്റുള്ളവരും

(23.12.2021-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 16-ാം വകുപ്പ് നാലാം തരം പരീക്ഷയിൽ മികവു പുലർത്തിയ കുട്ടിയെ പിതാവ് ആവശ്യപ്പെട്ട പ്രകാരം നാലാം തരത്തിൽ ഒരു വർഷം കൂടി തുടരാൻ അനുവദിക്കാതിരുന്ന സ്കൂളധികൃതരുടെ നടപടി ശരിവച്ചു.

**വിധിന്യായം**

**ജസ്റ്റിസ് രാജ വിജയരാഘവൻ. വി**

1. പ്രാഥമിക വിദ്യാഭ്യാസം തുടരുന്ന ഒരു കുട്ടിയെ, മാതാപിതാക്കളുടെ അപേക്ഷയനുസരിച്ച് അതേ ക്ലാസ്സിൽ നിലനിർത്താൻ കഴിയുമോ? കട്ടരിബാഗ് കേന്ദ്രീയ വിദ്യാലയത്തിലെ IV-ാം ക്ലാസ്സിൽ പഠിക്കുന്ന ഏകദേശം 10 വയസ്സു പ്രായമുള്ള തന്റെ കുട്ടിയെ അതേ ക്ലാസ്സിൽ മറ്റൊരു വർഷം കൂടി നിലനിർത്തണമെന്ന ഒരു കുട്ടിയുടെ പിതാവിന്റെ അപേക്ഷ സ്കൂളധികൃതർ നിരസിച്ചപ്പോൾ നിർദ്ദേശങ്ങൾ തേടിക്കൊണ്ടാണ് അയാൾ ഈ കോടതിയെ സമീപിച്ചിട്ടുള്ളത്.

2. പിതാവും മാതാവും സർക്കാരുദ്യോഗസ്ഥരും പ്ലീഡിംഗുകളിൽ നിന്നും അവർ വിദ്യാഭ്യാസമുള്ളവരുമാണെന്നാണ് വ്യക്തമാകുന്നത്. അവർ വാദിക്കുന്നത് അവർ അവരുടെ ബന്ധപ്പെട്ട ജോലികളിൽ വളരെയേറെ വ്യാപൃതരായിരുന്നതിനാൽ അവർക്ക് അവരുടെ കുട്ടിയ്ക്കുവേണ്ടി അധികസമയം നീക്കിവയ്ക്കാൻ കഴിഞ്ഞില്ല എന്നാണ്. കോവിഡുമൂലമുള്ള നിയന്ത്രണങ്ങളാൽ ക്ലാസ്സുകൾ ഓൺലൈനായാണ്

നടത്തിയത്. ഹർജ്ജിക്കാരൻ പറയുന്നത് അയാളുടെ കുട്ടിയെ വിലയിരുത്തിയതിൽ നിന്നും മാതാപിതാക്കൾക്കു മനസ്സിലായത്, കുട്ടി അവന്റെ പഠനത്തിൽ ശരാശരിയിൽ താഴെയാണെന്നാണ്. ഹർജ്ജിക്കാരന്റെ അഭിപ്രായത്തിൽ, കുട്ടിയ്ക്കുമേൽ ശരിയായ രീതിയിലുള്ള ഒരു മേൽനോട്ടം വഹിക്കുന്നതിനും കുട്ടി പഠിക്കുന്ന ക്ലാസ്സിനുള്ള നിർദ്ദിഷ്ഠ പാഠഭാഗങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നുറപ്പുവരുത്തുന്നതിനും അധ്യാപകർ പരാജയപ്പെട്ടു. മേൽ പറഞ്ഞ സാഹചര്യങ്ങളിൽ, കുട്ടിയുടെ ഭാവിയെക്കരുതി, കുട്ടിയെ അതേ ക്ലാസ്സിൽ നിലനിർത്തണമെന്നപേക്ഷിച്ചുകൊണ്ട് 1-ഉം 2-ഉം എതിർകക്ഷികൾ മുമ്പാകെ എക്സിബിറ്റ് P2-ഉം P3-ഉം നിവേദനങ്ങൾ അവർ സമർപ്പിച്ചു. അവർ വാദിക്കുന്നത്, എതിർകക്ഷികൾ അവരുടെ അപേക്ഷ ഗൗനിക്കാതിരുന്നതിനാലാണ് ഈ കോടതിയെ ഈ റിട്ട് പെറ്റീഷനുമായി സമീപിക്കുന്നതിന് പിതാവ് തയ്യാറായതെന്നാണ്.

3. 1-ഉം 2-ഉം എതിർകക്ഷികൾ അവരുടെ സ്റ്റാന്റിംഗ് കൗൺസൽ മുഖേന പത്രിക ഫയൽ ചെയ്തിട്ടുണ്ട്. ഹർജ്ജിക്കാരന്റെ മകൻ 2020-21 സെഷനിൽ 160/207 ഹാജരോടെ, അതായത് ഇപ്പോഴത്തെ അധ്യയന വർഷത്തിൽ 77%, എല്ലാ ഓൺലൈൻ ക്ലാസ്സുകളിലും ഹാജരായിട്ടുണ്ടെന്നു ബോധിപ്പിക്കുന്നു. മാത്രമല്ല കുട്ടി വിദ്യാലയ സംബന്ധമായവയിൽ വളരെ നേട്ടമുണ്ടാക്കിയിട്ടുള്ളതും മൊത്തത്തിൽ 'A' ഗ്രേഡ് നേടിയിട്ടുമുള്ളതുമാണ്. അതു കൂടാതെ കോവിഡ്-19 മഹാമാരി കാരണം, കേന്ദ്രീയ വിദ്യാലയ സംഘതൻ 2020-21 അധ്യയനവർഷത്തേക്ക്, "No Detention" നയം സ്വീകരിച്ചിട്ടുണ്ടെന്നു പറയുന്നു. യാതൊരു സാഹചര്യത്തിലും, കുട്ടിയെ അതേ ക്ലാസ്സിൽത്തന്നെ നിലനിർത്താനാകില്ലെന്നതാണ് എതിർകക്ഷികൾ സ്വീകരിക്കുന്ന നിലപാട്.

4. ഞാൻ ഹർജ്ജിക്കാരനുവേണ്ടി ഹാജരാകുന്ന അഭിഭാഷക ശ്രീമതി സി.പി.ജ്യോതിയെയും 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്കുവേണ്ടി ഹാജരാകുന്ന സ്റ്റാന്റിംഗ് കൗൺസൽ ശ്രീ. കെ. ഐ. മായൻകുട്ടി മേത്തറേയും കേട്ടു.

5. ***Unnikrishnan V. State of Andhra Pradesh*** (AIR 1993 SC 2178)-ൽ ഒരു വ്യക്തിയുടെ ജീവിതത്തിനും രാജ്യത്തിനും വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനപരമായ പ്രാധാന്യം സംബന്ധിച്ച് വിദ്യാഭ്യാസത്തിനുള്ള അവകാശം 21-ാം അനുഛേദം ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിൽ അന്തർലീനമായിരിക്കുന്നതും അതിൽ നിന്നും ലഭിക്കുന്നതുമാണെന്ന് പരമോന്നത കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. 14 വയസ്സുവരെ പ്രായമുള്ള ഓരോ കുട്ടിക്കും സൗജന്യ വിദ്യാഭ്യാസത്തിന് മൗലികാവകാശമുണ്ടെന്ന് വിധിക്കുകയും ഭരണഘടനയുടെ 45-ാം അനുഛേദത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ രാഷ്ട്രത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നു നിർദ്ദേശിച്ചുകൊണ്ട് 2002-ലെ 86-ാം ഭരണഘടനാഭേദഗതി ആക്റ്റ് 21 A അനുച്ഛേദം ഭരണഘടനയിൽ കൂട്ടിച്ചേർത്തു. 86-ാം ഭരണഘടനാഭേദഗതിക്ക് പ്രഭാവം നൽകുന്നതിനും ആറു മുതൽ പതിനാല് വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുന്നതിനും വേണ്ടി 2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് (2009-ലെ ആക്റ്റ് 35) നിർമ്മിക്കപ്പെട്ടു.

6. ആക്ടിലെ 2(C) വകുപ്പ് ഒരു കുട്ടിയെ ആറ് മുതൽ പതിനാലു വരെ പ്രായമുള്ള ആൺകുട്ടി അല്ലെങ്കിൽ പെൺകുട്ടി എന്നർത്ഥമാകുന്നു എന്ന് നിർവ്വചിച്ചിരിക്കുന്നു.

7. ആക്റ്റിലെ 16-ാം വകുപ്പ്, പരീക്ഷ നടത്തുന്നതിനും ചില സംഗതികളിൽ നിലനിർത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ ഇപ്രകാരമാണ്:

16. ചില സംഗതികളിൽ പരീക്ഷയും നില നിർത്തലും. (1) എല്ലാ അധ്യയന വർഷത്തിന്റെയും അവസാനം അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും ഒരു റഗുലർ പരീക്ഷ ഉണ്ടായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പരീക്ഷയിൽ ഒരു കുട്ടി പരാജയപ്പെടുകയാണെങ്കിൽ അവന് അധിക ശിക്ഷണം നൽകേണ്ടതും ഫല പ്രഖ്യാപനത്തിന്റെ തീയതി മുതൽ രണ്ട് മാസക്കാലയളവിനുള്ളിൽ പുന:പരീക്ഷയ്ക്ക് അവസരം നൽകേണ്ടതുമാണ്.

(3) സമുചിത സർക്കാരിന്, (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പുന:പരീക്ഷയിൽ ഒരു കുട്ടി പരാജയപ്പെടുകയാണെങ്കിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കു വിധേയമായും, കുട്ടിയെ അഞ്ചാം ക്ലാസ്സിലോ എട്ടാം ക്ലാസ്സിലോ രണ്ട് ക്ലാസ്സുകളിലുമോ നിലനിർത്താൻ അനുവദിക്കാവുന്നതാണ്:

എന്നാൽ സമുചിത സർക്കാരിന്, പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കൽ വരെ ഒരു കുട്ടിയെ ഏതെങ്കിലും ക്ലാസ്സിൽ നിലനിർത്തേണ്ടതില്ലെന്ന് തീരുമാനിക്കാവുന്നതാണ്.

(4) പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കൽ വരെ യാതൊരു കുട്ടിയെയും സ്കൂളിൽ നിന്നും പുറത്താക്കാൻ പാടുള്ളതല്ല.

8. അധ്യയന വർഷത്തിന്റെ അവസാനം അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും ഒരു റഗുലർ പരീക്ഷ നടത്താൻ നിയമം വ്യവസ്ഥ ചെയ്യുന്നു. ഒരു കുട്ടി പ്രസ്തുത പരീക്ഷയിൽ പരാജയപ്പെടുകയാണെന്നിരിക്കിലും കുട്ടിക്ക് അധിക ശിക്ഷണം നൽകേണ്ടതും ഫലപ്രഖ്യാപനം മുതൽ രണ്ട് മാസത്തിനുള്ളിൽ പുന:പരീക്ഷ അനുവദിക്കേണ്ടതുമുണ്ട്. അവൻ പുന:പരീക്ഷയിൽ പരാജയപ്പെടുകയാണെങ്കിലും സമുചിത സർക്കാർ ഒരു കുട്ടിയെ നിലനിർത്താൻ സ്കൂളിനെ അനുവദിക്കുകയാണെങ്കിൽ മാത്രമേ ഒരു കുട്ടിയെ അതേ ക്ലാസ്സിൽ നിലനിർത്താൻ കഴിയൂ.

9. ഈ കേസിൽ, കുട്ടി A ഗ്രേഡ് മാർക്ക് നേടിയിട്ടുണ്ട്. യാതൊരു സാഹചര്യത്തിലും മാതാപിതാക്കൾ അപ്രകാരം ആവശ്യപ്പെട്ടാലും കുട്ടിയെ അതേ ക്ലാസ്സിൽ നിലനിർത്താൻ കഴിയുകയില്ല.

10. യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി റൈറ്റ്സ് ഓഫ് ദി ചൈൽഡ് (UNCRC) കുട്ടികളുടെ വർഗ്ഗമോ മതമോ കഴിവുകളോ പരിഗണിക്കാതെ

എല്ലാ കുട്ടികളുടെയും സിവിൽ, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശങ്ങൾ പ്രതിപാദിക്കുന്ന, ഏറ്റവും വ്യാപകമായി അംഗീകരിക്കപ്പെട്ട ഉടമ്പടികളിൽ ഒന്നാണ്. അടിസ്ഥാന മൗലികാവകാശങ്ങൾ ഓരോ കുട്ടിയ്ക്കും അവകാശപ്പെട്ടതാണ് എന്ന സങ്കല്പം അടിസ്ഥാനമാക്കിയുള്ളതാണ് UNCRC. 1992-ൽ ഇന്ത്യ UNCRC അംഗീകരിച്ചിട്ടുള്ളതും, എന്നാലത് ഈ കേസുമായി ബന്ധമില്ലാത്ത വിഷയങ്ങളിന്മേൽ ചില ഉപാധികളോടെയുമാണ്.

11. പ്രസ്തുത കൺവെൻഷന്റെ ആർട്ടിക്കിൾ 12 ഇപ്രകാരമാണ്:

1. കക്ഷിരാഷ്ട്രങ്ങൾ, അവന്റെയോ അവളുടെയോ സ്വന്തം കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ കഴിവുള്ള ഒരു കുട്ടിക്ക്, കുട്ടിയെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ആ കാഴ്ചപ്പാടുകൾ, കുട്ടിയുടെ പ്രായത്തിനും പക്വതയ്ക്കും അനുസൃതമായി കുട്ടിയുടെ കാഴ്ചപ്പാടുകൾക്ക് മതിയായ പ്രാധാന്യം നൽകിക്കൊണ്ട്, സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തേണ്ടതാണ്.

2. ഈ ആവശ്യത്തിനായി, കുട്ടിയെ ബാധിക്കുന്ന ഏതൊരു നീതിന്യായപരവും ഭരണപരവുമായ നടപടിക്രമത്തിലും, ദേശീയ നിയമത്തിലെ നടപടിച്ചട്ടങ്ങളുമായി പൊരുത്തപ്പെടുന്ന രീതിയിൽ, നേരിട്ടോ പ്രതിനിധി മുഖേനയോ ഉചിതമായ നികായം മുഖേനയോ പ്രത്യേകമായി കുട്ടിയെ കേൾക്കുന്നതിന് അവസരം നൽകേണ്ടതാണ്.

ഒരു കുട്ടിയ്ക്ക് അവന്റെയോ അവളുടെയോ സ്വന്തം വീക്ഷണങ്ങൾ രൂപപ്പെടുത്താൻ കഴിവുണ്ടെന്നും കുട്ടിയെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ആ കാഴ്ചപ്പാടുകൾ സ്വതന്ത്രമായി പ്രകടിപ്പിക്കാൻ അവന്/അവൾക്ക് അവകാശമുണ്ടായിരിക്കുമെന്നും കുട്ടിയുടെ പ്രായത്തിനും പക്വതയ്ക്കും അനുസൃതമായി കുട്ടിയുടെ കാഴ്ചപ്പാടുകൾക്ക് മതിയായ പ്രാധാന്യം നൽകണമെന്നും കൺവെൻഷൻ അംഗീകരിച്ചിട്ടുള്ളതാണ്.

12. പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർത്തിട്ടില്ലാത്തതോ പൂർത്തിയാക്കാത്തതോ ആയ കുട്ടികൾക്ക് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുന്ന, 2009-ലെ 35-ാം ആക്ടിലെ 4-ാം വകുപ്പ് പരാമർശിക്കുന്നത് പ്രയോജനകരമായിരിക്കും. പ്രസ്തുത വ്യവസ്ഥ, ആറു വയസ്സിന് മുകളിൽ പ്രായമുള്ള ഒരു കുട്ടിയെ ഏതെങ്കിലും സ്കൂളിൽ ചേർത്തിട്ടില്ലാത്തിടത്ത് അഥവാ ചേർത്തിട്ടുണ്ടെങ്കിലും അവനോ അവൾക്കോ പ്രാഥമികവിദ്യാഭ്യാസം പൂർത്തികരിക്കാൻ സാധിച്ചിട്ടില്ലാത്തിടത്ത്, അവനെ അല്ലെങ്കിൽ അവളെ, അവന്റെ അല്ലെങ്കിൽ അവളുടെ പ്രായത്തിന് യോജിച്ച ഒരു ക്ലാസ്സിൽ ചേർക്കേണ്ടതാണ് എന്നു വ്യവസ്ഥ ചെയ്യുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു കുട്ടിയ്ക്ക് ആറു വയസ്സ് പൂർത്തിയായിട്ടുള്ളതും ഏതെങ്കിലും ക്ലാസിൽ ചേർത്തിട്ടില്ലാത്തതും പഠിക്കാനുള്ള അവന്റെ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ആ കുട്ടിക്ക് അവന്റെ പ്രായത്തിന് യോജിച്ച ഒരു ക്ലാസ്സിൽ പ്രവേശനം അനുവദിക്കേണ്ടതാണ്.

13. ആക്ടിലെ 4-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ കുട്ടി IV-ാം ക്ലാസ്സിൽ പഠിച്ചിട്ടില്ലായിരുന്നെങ്കിലും V-ാം ക്ലാസ്സിൽ പ്രവേശനം ലഭിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയാണെങ്കിൽ V-ാം ക്ലാസ്സിൽ പ്രവേശിപ്പിക്കാൻ ബന്ധപ്പെട്ട സ്കൂൾ ബാധ്യസ്ഥമാണ്. മറ്റു കുട്ടികളുമായി സമാനതയിലാകുന്നതിലേക്ക്, പ്രത്യേക പരിശീലനം ലഭിക്കാൻ കുട്ടിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർക്കുന്ന കുട്ടിയ്ക്ക് പതിനാല് വയസ്സിനു ശേഷവും പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ സൗജന്യ വിദ്യാഭ്യാസത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

14. തന്റെ 10 വയസ്സ് പ്രായമുള്ള കുട്ടിയെ അതേ ക്ലാസ്സിൽ ഇനിയും മറ്റൊരു വർഷം കൂടി നിലനിർത്തിയാൽ അവന് ഉണ്ടാകാൻ സാധ്യതയുള്ള മാനസികാഘാതം ഹർജിക്കാരൻ വിസ്മരിക്കുന്നു എന്നത് വ്യക്തമാണ്. ഈ ഉദാസീനമായ സാഹസം ആരംഭിക്കുന്നതിനു മുമ്പ് കുട്ടിയുമായി അച്ഛനോ അമ്മയോ വിഷയം ചർച്ച ചെയ്തിട്ടുണ്ടായിരുന്നുവെന്നും അവന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നു വെന്നും ഹർജിക്കാരന് കേസില്ല. 2009-ലെ 35-ാം ആക്റ്റ് നിലവിലില്ലായിരുന്നെന്നും മാതാപിതാക്കളുടെ താൽപ്പര്യം നടപ്പിലാകുമായിരുന്നെന്നും ഒരു നിമിഷം കരുതിയാൽ, കുട്ടി താഴ്ന്ന ക്ലാസ്സിൽ ഇരിക്കാൻ നിർബന്ധിതനാക്കപ്പെടുമായിരുന്നു. സഹപാഠികൾ അവനെ പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുമായിരുന്നു. ഇത് കുട്ടിയുടെ മനസ്സിന് പരിഹരിക്കാനാവാത്ത ദോഷമുണ്ടാക്കുമായിരുന്നു.

15. കുട്ടിയുടെ പിതാവ്, തന്റെ വിവേക ശൂന്യവും യുക്തിരഹിതവുമായ പ്രവൃത്തി കുട്ടിക്ക് വരുത്തുമായിരുന്ന ദോഷം വിസ്മരിച്ചുകൊണ്ടാണ് ഈ ഹർജിയുമായി വന്നതെന്നതിന് എന്റെ മനസ്സിൽ സംശയമില്ല. കുട്ടി അവന്റെ പഠനത്തിൽ വേണ്ടത്ര മികവ് പുലർത്തുന്നില്ലായെന്ന തെറ്റായ ധാരണയിൽ കുട്ടിയെ മാനസികാ ഘാതമേൽപ്പിക്കുന്നത് തുടരാതിരിക്കാനായി അവർ ഒരു അംഗീകൃത കൗൺസലറിൽ നിന്നും കൗൺസലിംഗ് തേടണമെന്ന് ഹർജിക്കാരന് വേണ്ടി ഹാജരായ അഭിഭാഷക നോട് ഈ കോടതി അഭ്യർത്ഥിച്ചു. ഹർജിക്കാരനും ഭാര്യയും കൗൺസലിംഗിന് വിധേയ രാകാനും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവരുടെ ധാരണകൾ പ്രായപൂർത്തി യാകാത്ത അവരുടെ കുട്ടിയുടെ മേൽ അടിച്ചേൽപ്പിക്കുന്നില്ലെന്ന് ഉറപ്പു വരുത്താനും ഞാൻ അവരെ ഉപദേശിക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട നിവൃത്തികളൊന്നും അനുവദിക്കാൻ ബാദ്ധ്യസ്ഥമല്ല. ഈ റിട്ട് ഹർജി തള്ളുന്നു. ചെലവ് അനുവദിക്കുന്നില്ല.

**ബഹു. കേരള ഹൈക്കോടതി മുമ്പാകെ**

**ബഹു. ജസ്റ്റിസ് എസ്.വി. ഭാട്ടി**

**&**

**ബഹു. ജസ്റ്റിസ് എ. ബദറുദ്ദീൻ**

സി. ആർ. പി (വഖഫ്) നം. 442/2016

**പി. വി. കാസിം**

**Vs**

**കക്കാട്ടിരി ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റിയും മറ്റുള്ളവരും**

2021 ഡിസംബർ 14-ന് വിധി പ്രസ്താവിച്ചത്

**ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ**

ജമാഅത്തിന്റെയോ വഖഫ് സ്വത്തിന്റെയോ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ബൈലായിലോ സ്കീമിലോ ഉള്ള എന്തെങ്കിലും വ്യവസ്ഥകൾ 'ഊരുവിലക്ക്', 'പുറത്താക്കൽ', 'ഭ്രഷ്ട് കൽപ്പിക്കൽ' എന്നിവയ്ക്ക് അധികാരം നൽകുന്നുണ്ടെങ്കിൽ അവ ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളെ ലംഘിക്കുമെന്നതിനാൽ, നിയമവിരുദ്ധമാണ്.

**ജസ്റ്റിസ് എ. ബദറുദ്ദീൻ**

1. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുമ്പാകെയുള്ള O.P. No. 90/2012-ലെ ആദ്യ ഹർജിക്കാരനും എറണാകുളം വഖഫ് ട്രിബ്യൂണൽ മുമ്പാകെ W.O.A. No.10/2015-ലെ അപ്പീൽവാദിയുമാണ് ഇവിടത്തെ റിവിഷൻ ഹർജിക്കാരൻ. മുകളിലെ നടപടിക്രമങ്ങളിലെ 1 മുതൽ 4 വരെയുള്ള എതിർകക്ഷികളാണ് ഇവിടത്തെ എതിർ കക്ഷികൾ.

2. ആവശ്യമായ വസ്തുതകൾ, അനാവശ്യ വിവരണങ്ങൾ ഒഴിവാക്കിയവ താഴെ പറയും പ്രകാരമാണ്:

> ഒന്നാം എതിർകക്ഷി കക്കാട്ടിരി ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റിയിലെ അംഗം എന്ന് പറയുന്ന ഇവിടത്തെ റിവിഷൻ ഹർജിക്കാരൻ 5-ാം എതിർകക്ഷി വഖഫ് ബോർഡ് മുമ്പാകെ 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ അയാളുടെ മേൽ ഊരുവിലക്ക് (ഭ്രഷ്ട് കൽപ്പിക്കൽ)

ഏർപ്പെടുത്തിയെന്നാരോപിച്ച് O.P. No. 90/2012 ഫയൽ ചെയ്തു. അക്കാരണത്താൽ, അത് ദുർബ്ബലപ്പെടുത്തണമെന്ന് അയാൾ അപേക്ഷിച്ചു.

3. 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ വഖഫ് ബോർഡ് മുമ്പാകെയും അതുപോലെ വഖഫ് ട്രിബ്യൂണൽ മുമ്പാകെയും ആക്ഷേപം ഫയൽ ചെയ്യുകയും ഹർജിക്കാരൻ ആരോപിച്ച 'ഊരുവിലക്ക് ' ആരോപണം നിഷേധിക്കുകയും ചെയ്തു. 1 മുതൽ 4 വരെ എതിർകക്ഷികളുടെ അഭിപ്രായത്തിൽ, ഹർജിക്കാരൻ ഒരു അംഗത്തിന് ലഭ്യമായ എല്ലാ അവകാശങ്ങളും അതിന്റെ പൂർണ്ണതയിൽ അനുഭവിച്ചുകൊണ്ട് ജമാഅത്ത് അംഗമായി തുടരുകയാണ്.

4. കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ഇരുപക്ഷത്തെയും കേട്ടശേഷം ഹർജിക്കാരൻ വാദിച്ചതുപോലെ 1 മുതൽ 4 വരെ എതിർകക്ഷികൾ ഏതെങ്കിലും തരത്തിലുള്ള ഭ്രഷ്ട് കൽപ്പിക്കൽ ഏർപ്പെടുത്തിയിട്ടില്ലെന്നു കണ്ട് 27.07.2015-ലെ ഉത്തരവ് പ്രകാരം അപേക്ഷ തള്ളി.

5. മേല്പറഞ്ഞ ഉത്തരവ് എറണാകുളം വഖഫ് ട്രിബ്യൂണൽ മുമ്പാകെ W.O.A. No. 10/2015-ൽ ചോദ്യം ചെയ്യപ്പെട്ടു. ലഭ്യമായ വസ്തുതകളും തെളിവും വിലയിരുത്തിയ ശേഷം ട്രിബ്യൂണലും വഖഫ് ബോർഡിന്റെ ഉത്തരവ് സ്ഥിരീകരിച്ചു. അതുകൊണ്ട് റിവിഷൻ ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചു.

6. കേരള സംസ്ഥാന വഖഫ് ബോർഡും വഖഫ് ട്രിബ്യൂണലും പുറപ്പെടുവിച്ച ഉത്തരവിനെ വിമർശിച്ചുകൊണ്ട്, 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ ഹർജിക്കാരനുമേൽ "ഊരുവിലക്ക്" (ഭ്രഷ്ട് കൽപ്പിക്കൽ) ഏർപ്പെടുത്തിയെന്നും ആയത് പരോക്ഷമായി ഹർജിക്കാരന്റെ അവകാശത്തെ ഇല്ലാതാക്കിയെന്നും ജമാഅത്തിൽ ഒരു അംഗമായി തുടരുന്നതിന് അയാൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നും സമൂഹത്തിൽ അയാളുടെ പ്രതിച്ഛായക്ക് അപകീർത്തിപ്പെടുത്തലുണ്ടായെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ ശക്തമായി സമർത്ഥിച്ചു.

7. അഭിഭാഷകരായ ശ്രീ. റ്റി. എച്ച്. അബ്ദുൾ അസീസിനെയും ശ്രീ. ജംഷീദ് ഹാഫിസിനെയും ഞങ്ങൾ കേട്ടു, പ്രത്യേകിച്ചും ഉറപ്പിച്ചു പറയലിൽ സൂചിപ്പിക്കുന്ന സാഹചര്യവും എതിർവാദം നടത്തുന്ന എതിർകക്ഷികളുടെ പ്രഖ്യാപനവും ശ്രദ്ധിച്ചു.

8. കക്കാട്ടിരി ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റി അപ്രഖ്യാപിത 'ഊരുവിലക്ക്' ഹർജിക്കാരനുമേൽ ഏർപ്പെടുത്തിയതാണ് കാരണം എന്നു തോന്നുന്നു.

9. പരിഗണനയ്ക്കായി വരുന്ന മൗലികമായ വിഷയം ഊരുവിലക്ക്, പുറത്താക്കൽ, ഭ്രഷ്ട് കൽപ്പിക്കൽ എന്നിവ നിയമപരമായി അനുവദനീയമാണോ എന്നതാണ്.

10. ചോദ്യത്തിന് ഉത്തരം നൽകുന്നതിന് മുമ്പ്, തർക്കത്തിന്റെ കാതൽ പരാമർശിക്കുന്നത് പ്രയോജനപ്രദമായിരിക്കും. റിവിഷൻ ഹർജിക്കാരൻ പറയുന്നതനുസരിച്ച് 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ അയാൾക്കുമേൽ 'ഊരുവിലക്ക്' ഏർപ്പെടുത്തി. എന്നാൽ 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ

പ്രസ്തുത ആരോപണം നിഷേധിച്ചു. പ്രകടമായ/പ്രഖ്യാപിതമായ ഭ്രഷ്ട് കൽപ്പിക്കൽ തെളിയിക്കാൻ തെളിവില്ലാത്തതിനാൽ റിവിഷൻ ഹർജിക്കാരൻ ഉന്നയിച്ച ആരോപണം ട്രിബ്യൂണലും വഖഫ് ബോർഡും തള്ളിക്കളഞ്ഞു. കൂടാതെ റിവിഷൻ ഹർജിക്കാരൻ പള്ളിയിലെ സ്ഥിരം സന്ദർശകനാണെന്നും ജമാഅത്തിൽ അനുഷ്ഠിക്കുന്ന പ്രത്യേകവും പൊതുവായതുമായ പ്രാർത്ഥനകളിൽ അയാൾ പങ്കാളിയാകുന്നുണ്ടെന്നും കാണിച്ച് 1 മുതൽ 4 വരെയുള്ള എതിർകക്ഷികൾ ബോധിപ്പിച്ച വാദത്തിന് ട്രിബ്യൂണലും വഖഫ് ബോർഡും വിശ്വാസ്യത കൽപ്പിച്ചു.

11. എന്നിരുന്നാലും, ട്രിബ്യൂണലിന്റെ ഉത്തരവ് സൂക്ഷ്മമായി വായിക്കുമ്പോൾ, 10-ാം ഖണ്ഡികയുമായി ബന്ധപ്പെട്ട്, റിവിഷൻ ഹർജിക്കാരൻ മുസ്ലീം സമുദായത്തിലെ ജമാ അത്ത് ഇസ്ലാമി വിഭാഗത്തിൽ പെട്ടയാളാണെന്നും പള്ളി നടത്തുന്നത് മുസ്ലീം സമുദായത്തിലെ വ്യത്യസ്ത ആശയസംഹിതയുള്ള സുന്നി വിഭാഗമാണെന്നും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ, പ്രധാനമായും ആശയസംഹിത നടപ്പിലാക്കുന്ന കാര്യത്തിലെ അഭിപ്രായ വ്യത്യാസം ഈ കാര്യത്തിൽ ഉൾച്ചേർന്നിരിക്കുന്നു. റിവിഷൻ ഹർജിക്കാരനെതിരെ പ്രകടമായതോ പ്രഖ്യാപിതമായതോ ആയ രീതിയിൽ ഏർപ്പെടുത്തിയതായി ആരോപിക്കപ്പെടുന്ന 'ഊരുവിലക്ക്' സ്ഥിരീകരിക്കുന്നതിന് രേഖകളൊന്നും ലഭ്യമല്ലെങ്കിലും റിവിഷൻ ഹർജിക്കാരനുമേൽ മറ്റൊരു തരത്തിൽ ചില ഉപരോധങ്ങൾ ഈ കേസിൽ രൂപപ്പെടുത്തിയിട്ടുണ്ടെന്ന് ഇത് തീർച്ചയായും സൂചിപ്പിക്കുന്നു. അതിനെ 'വ്യംഗ്യമായ' അല്ലെങ്കിൽ 'അപ്രഖ്യാപിത' ഊരുവിലക്ക് എന്ന് പരാമർശിക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ സന്ദർഭത്തിൽ എതിർകക്ഷികൾ രേഖപ്പെടുത്തിയ പ്ലീഡിംഗുകൾ സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. എന്നിരുന്നാലും പ്രകടമായതോ/പ്രഖ്യാപിതമായതോ അല്ലെങ്കിൽ വ്യംഗ്യമായതോ/അപ്രഖ്യാപിത മായതോ ആയ 'ഊരുവിലക്ക്', 'പുറത്താക്കൽ' 'ഭ്രഷ്ട് കൽപ്പിക്കൽ' എന്നിവ, ഈ അധികാരങ്ങൾ വഖഫ് ആക്റ്റിന്റെ രൂപത്തിലും ഉള്ളടക്കത്തിലും നിന്നു കണ്ടെത്താൻ കഴിയുന്നില്ലായെന്നതിനാൽ നിയമവിരുദ്ധമാണെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. ജമാഅത്തിന്റെ ബൈലോ അനുസരിച്ചും വഖഫ് ആക്റ്റിന്റെ അടിസ്ഥാനത്തിലുമാണ് ജമാ അത്ത് പ്രവർത്തിക്കേണ്ടതെന്നുകൂടി ഞങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. ജമാ അത്തിന്റെയോ വഖഫ് സ്വത്തിന്റെയോ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട ബൈലായിലോ സ്കീമിലോ ഉള്ള എന്തെങ്കിലും വ്യവസ്ഥകൾ 'ഊരുവിലക്ക്', 'പുറത്താക്കൽ', 'ഭ്രഷ്ട് കൽപ്പിക്കൽ' എന്നിവയ്ക്ക് അധികാരം നൽകുന്നുണ്ടെങ്കിൽ അവ ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളെ ലംഘിക്കുമെന്നതിനാൽ, നിയമവിരുദ്ധമാണെന്നു കൂടി ഞങ്ങൾ വിധിക്കുന്നു.

റിവിഷൻ ഹർജിക്കാരൻ കുറഞ്ഞത് ഒരു അപ്രഖ്യാപിത അല്ലെങ്കിൽ വ്യംഗ്യമായ 'ഊരുവിലക്കി' ന്റെ മധ്യത്തിലെങ്കിലുമാണ് എന്നതാണ് ചർച്ചയുടെ പരിണത ഫലം. അതിനാൽ റിവിഷൻ ഹർജിക്കാരനെതിരെ ഇതിനുശേഷം ഏതെങ്കിലും 'പ്രഖ്യാപിതമോ' 'അപ്രഖ്യാപിതമോ' ആയ ഊരുവിലക്ക് ഉണ്ടായിരിക്കരുതെന്ന് ഉത്തരവാകുന്നു.

മുകളിൽ സൂചിപ്പിച്ചപ്രകാരം ട്രൈബ്യൂണലിന്റെ കണ്ടെത്തലുകൾ പരിഷ്ക്കരിക്കുന്നു. അതനുസരിച്ച് സി. ആർ. പി തീർപ്പാക്കുന്നു.

# ലേഖനങ്ങൾ





**മനോജ് എം. പി.**
സെക്ഷൻ ഓഫീസർ
നിയമ (എച്ച്) വകുപ്പ്



# അഡ്മിന് പറ്റാവുന്ന അക്കിടികൾ

പയ്യനെന്താ പരിപാടി എന്ന് എല്ലാ പെൺവീട്ടുകാരും ബ്രോക്കർമാരോട് ചോദിയ്ക്കുമ്പോലെ നമ്മുടെ ഒരു ബ്രോക്കർ ചേട്ടനോട് ചോദിച്ചപ്പോൾ 'അയ്യോ പയ്യൻ വലിയ നെലേലല്ലേ? ഭരണപരമായ ചുമതലകൾ കൊണ്ട് അവന് ഉണ്ണാനും ഉറങ്ങാനും പോലും സമയമില്ല' എന്ന് മറുപടി കൊടുത്തതും കെട്ട് കഴിഞ്ഞു രണ്ടാം പക്കം പുതുപ്പെണ്ണ് നെലവിളിച്ച് തിരികെയെത്തിയപ്പോൾ ആളുകൾ വാപൊളിച്ചിരുന്നതും കാര്യം അന്വേഷിച്ചപ്പോൾ പയ്യന് കുറച്ചു വാട്സ്ആപ്പ് ഗ്രൂപ്പുകളുടെ അഡ്മിൻ പണി മാത്രമാണ് ഉള്ളത് എന്നും ജോലീം കൂലിമില്ലാത്ത പയ്യന്റെ ഒപ്പം ജീവിക്കാൻ കഴിയാതെയാണ് പെണ്ണ് നെലവിളിച്ച് തിരികെ വന്നതെന്നുമുള്ള തമാശ ഏതോ നർമ്മ സല്ലാപം പംക്തിയിൽ വായിച്ചോരോർമ്മ.

ഇപ്പൊ മൊബൈൽ ഫോണിന്റെ കാലമാണല്ലോ എവിടെ നോക്കിയാലും ആളുകൾ അതിന്മേൽ തോണ്ടി കൊണ്ടിരിക്കുന്നതുമാത്രമേ കാണാനുള്ളൂ. ഈ തോണ്ടലിലെ ഒരു പ്രധാന ഇനമാണ് നമ്മുടെ '**വാട്സ്ആപ്പ്**'. വന്നു വന്നു വാട്സ്ആപ്പിൽ കൂടി നടക്കാത്ത ഒരു കാര്യവുമില്ലാതായി. അല്ലല്ല വാട്സ്ആപ്പില്ലാതെ ഒരു കാര്യവും നടക്കാതായി എന്ന് പറയുന്നതാവും കൂടുതൽ ശരി. കഷ്ടകാലത്തിന് ഒരു വാട്സ്ആപ്പ് അക്കൗണ്ട് എടുത്തുപോയാൽ അപ്പൊതന്നെ ചിലർ നമ്മളെ ഗ്രൂപ്പിലെടുക്കുന്ന അവസ്ഥ; അപ്പൊത്തന്നെ സിനിമയിലെടുത്തു എന്ന പോലെ. ഭക്ഷണം കഴിക്കുന്നവർക്ക് ഒരു ഗ്രൂപ്പ്; കഴിക്കാത്തവർക്ക് വേറൊരു ഗ്രൂപ്പ് ആണുങ്ങൾക്കൊരു ഗ്രൂപ്പ്; പെണ്ണുങ്ങൾക്കൊരു ഗ്രൂപ്പ്; അതിൽ തന്നെ പാന്റിടുന്നോർക്ക് ഒരു ഗ്രൂപ്പ്; മുണ്ടുടുക്കുന്നോർക്ക് വേറൊരു ഗ്രൂപ്പ്; ഇങ്ങനെ നാനാവിധ ഗ്രൂപ്പോട് ഗ്രൂപ്പ്. ഈ ഗ്രൂപ്പിലെല്ലാം നൂറായിരം പോസ്റ്റുകൾ. രാവിലെ ഈ സംഗതി തുറന്നു വെച്ച് വായിച്ചും കണ്ടും കേട്ടും തുടങ്ങിയാൽ പാതിരാത്രി കിടന്നുറങ്ങുന്നതിന് മുൻപ് മുഴുവൻ ഒരു റൗണ്ട് നോക്കി തീർന്നാൽ ഭാഗ്യം. ഇതാണ് അവസ്ഥ. സത്യത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പിന്റെ

വിശേഷങ്ങൾ പറയലല്ല കുറിപ്പിന്റെ ഉദ്ദേശ്യം. അത് പറഞ്ഞാൽ ഇവിടെങ്ങും തീരുകയുമില്ലല്ലോ. 'വാട്സ്ആപ്പ്' ഗ്രൂപ്പ് അഡ്മിന്റെ തലവേദനകളെക്കുറിച്ച് പറയാനാണ് കറങ്ങിത്തിരിഞ്ഞു വന്നത്.

ഗ്രൂപ്പ് രൂപീകരിയ്ക്കുന്നതോടെ നമ്മുടെ അഡ്മിന്റെ ഉറക്കം പോയി കിട്ടും. നാട്ടിൻപുറങ്ങളിലൊക്കെ പണ്ട് സർപ്പയജ്ഞക്കാർ എന്നൊരു കൂട്ടർ വരുമായിരുന്നത് അല്പസ്വല്പം പ്രായമൊക്കെയുള്ളവർ ഓർക്കുന്നുണ്ടായിരിക്കും. ഉഗ്രവിഷ സർപ്പങ്ങളായ അണലിയും മൂർഖനും മുതൽ താല്കാലിക അന്നം മുടക്കികളായ നീർക്കോലികൾ വരെയുള്ള വലിയൊരു കൂട്ടിൽ നമ്മുടെ സർപ്പയജ്ഞക്കാരൻ ഇങ്ങനെ ഇരിയ്ക്കും. എപ്പൊ കടികിട്ടുമെന്ന് മനസാ ഭയപ്പെടുന്ന ഈ സർപ്പയജ്ഞ ക്കാരന്റെ മനസ് പോലെയാണ് നമ്മുടെ പല വാട്സ് ആപ്പ് അഡ്മിൻമാരുടെയും സ്ഥിതി. ഗ്രൂപ്പംഗമായ ഏതൊരാൾ എപ്പോഴാണ് പണിപാളുന്ന വിധത്തിൽ ഒരു പോസ്റ്റ് കാച്ചുക എന്ന് നിശ്ചയിക്കുകവയ്യ. ചിലപ്പോഴതൊരു തെറിയാകാം; മറ്റു ചിലപ്പോൾ അവിടന്നും കടന്നുപോകാം. അങ്ങനെ വന്നാൽ നമ്മുടെ അഡ്മിന്റെ സ്ഥിതിയൊന്നാലോചിച്ചു നോക്കൂ.

നിങ്ങൾ അങ്ങനെ ആലോചിച്ചിരിയ്ക്കുമ്പോൾ നമ്മുടെ അഡ്മിൻമാർക്കെല്ലാം ആശ്വാസത്തിനു വക നല്കുന്ന ഒരു ഹൈക്കോടതി വിധി വന്നത് ഞാൻ സൂചിപ്പിക്കാം. **മാനുവൽ Vs സ്റ്റേറ്റ് ഓഫ് കേരളയും മറ്റൊരാളും** (2022(2)KHC 142) എന്ന ഈ ക്രിമിനൽ എം. സി കേസിലെ പെറ്റീഷണർ, "ഫ്രണ്ട്സ്" എന്ന പേരിൽ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചു. സ്വാഭാവികമായും അദ്ദേഹം അതിന്റെ അഡ്മിൻ ആയി. 29.03.2022 രാത്രി എട്ടരയോട് അടുപ്പിച്ച് ഈ വാട്സ് ആപ്പ് ഗ്രൂപ്പിൽ ഒരു അശ്ലീല വീഡിയോ ആ ഗ്രൂപ്പിലെ ഒരു അംഗം പോസ്റ്റ് ചെയ്തു. ഈ വീഡിയോ വാട്സ് ആപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തയാളെ ഒന്നാം പ്രതിയാക്കിയും വാട്സ് ആപ്പ് ഗ്രൂപ്പ് അഡ്മിനായ പെറ്റീഷണറെ രണ്ടാം പ്രതി ചേർത്തും എറണാകുളം സിറ്റി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം പൂർത്തീകരിച്ച് IT ആക്റ്റ് 2000-ലെ 67B(a)-യും (d)-യും പ്രകാരവും പോക്സോ നിയമത്തിന്റെ 13, 14, 15 വകുപ്പുകൾ ചേർത്തും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനായുള്ള എറണാകുളം അഡീഷണൽ സെഷൻസ് കോടതിയിൽ അന്തിമറിപ്പോർട്ട് ഫയൽ ചെയ്തിരിക്കുകയാണ്. ഈ ഘട്ടത്തിലാണ് വാട്സ്ആപ്പ് ഗ്രൂപ്പ് അഡ്മിനായ പെറ്റീഷണർ ഈ കേസിൽ തനിക്കെതിരായ തുടർനടപടികൾ CrPc 482-ാം വകുപ്പ് പ്രകാരം റദ്ദുചെയ്യണമെന്നാവശ്യപ്പെട്ട് ഈ ക്രിമിനൽ എം.സി ഫയൽ ചെയ്തത്.

അശ്ലീല വീഡിയോ പോസ്റ്റ് ചെയ്തത് പെറ്റീഷണറല്ല മറ്റൊരാളാണെന്നത് തർക്കമില്ലാത്ത സാഹചര്യത്തിൽ വാട്സ്ആപ്പ് ഗ്രൂപ്പ് അഡ്മിൻ ഈ കേസിൽ "Vicariously Liable" ആണോ എന്നത് മാത്രമാണ് തർക്കം. "Vicarious liability" എന്ന നിയമ പദം പരിചിതമല്ലാത്തയാളുകൾക്കായി അത് ഒന്നു പരാമർശിച്ചശേഷം കേസിന്റെ കാര്യത്തിലേയ്ക്ക് തിരികെ വരാം. നമ്മുടെ നിയമസംബന്ധമായ പല പദങ്ങളെയും സമാന മലയാള പദങ്ങളിലേക്ക് തർജ്ജമ ചെയ്യുക എന്നത് പലപ്പോഴും പ്രയാസകരമാണ്. അതുകൊണ്ട് തന്നെ "Vicarious liability" എന്ന വാക്കിന് അതിന്റെ പൂർണ്ണ അന്തഃസത്ത ഉൾക്കൊള്ളുന്ന ഒരു മലയാള പദം കണ്ടെത്താൻ എനിക്ക് കഴിയുന്നില്ല എന്ന് ഖേദപൂർവ്വം പറയട്ടെ. "പരോക്ഷ ബാദ്ധ്യത" എന്നോ 'പരോക്ഷ

ഉത്തരവാദിത്തം' എന്നോ ഒരു വാക്കേ തല്ക്കാലം എനിക്ക് ആ ഇംഗ്ലീഷ് പദത്തിന്റെ മലയാള തർജ്ജമയായി പറയാൻ കഴിയുന്നുള്ളൂ. ഒരു ഉയർന്ന സ്ഥാനത്തുള്ള യാൾക്ക് അയാൾക്ക് കീഴിൽ പ്രവർത്തിക്കുന്നയാൾ ചെയ്യുന്ന കുറ്റത്തിന്റെ ഒരു ബാദ്ധ്യത വന്നു ചേരുന്നു എന്നതാണ് സംഗതി. ഭൃത്യൻ ചെയ്യുന്നതിന് യജമാനനുള്ള ഉത്തരവാദിത്തം എന്ന് ചുരുക്കിപ്പറയാം.

സിവിൽ നിയമത്തിൽ ഇത്തരത്തിലുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുക എളുപ്പമാണെങ്കിലും ക്രിമിനൽ കേസുകളുടെ കാര്യം വരുമ്പോൾ അതത്ര എളുപ്പമല്ല. ചെയ്യുന്ന കുറ്റത്തിൽ ഏതെങ്കിലും തരത്തിൽ ഭാഗഭാക്കാകുന്നയാളെ മാത്രമേ ക്രിമിനൽ നിയമപ്രകാരം പരോക്ഷ ബാദ്ധ്യതയിൽപ്പെടുത്താൻ കഴിയൂ. ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 149, 154, 155, 156, 268, 499 തുടങ്ങിയ വകുപ്പുകളെല്ലാം ഇതിന് ഉദാഹരണമാണ്. എന്നാൽ ചില നിയമങ്ങളിൽത്തന്നെ ഭൃത്യൻ ചെയ്യുന്ന ക്രിമിനൽ കുറ്റത്തിന് യജമാനൻ ഉത്തരവാദിയാവുമെന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1911-ലെ ഇന്ത്യൻ ആർമി ആക്റ്റ്, 1954-ലെ ഭക്ഷണത്തിൽ മായം കലർത്തൽ നിരോധന ആക്ട് തുടങ്ങിയവ ഇത്തരം നിയമങ്ങൾക്ക് ഉദാഹരണമാണ്.

IT ആക്റ്റിലോ POCSO നിയമത്തിലോ എവിടെയും മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു പ്രത്യേക വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ പെറ്റീഷണർക്ക് അനുകൂലമായ വിധി ഹൈക്കോടതി പുറപ്പെടുവിച്ചു എന്ന് പ്രത്യേകം പറയേണ്ടതില്ലയെന്നറിയാം. എന്നാൽ അത്തരം ഒരു തീർപ്പിലേയ്ക്കെത്തുവാൻ കോടതി എത്തിച്ചേർന്നതിന്റെ കാരണങ്ങൾ കൂടി നോക്കുന്നത് നിയമ വിഷയ തല്പരരായ വായനക്കാർക്ക് ഗുണകരമാകും എന്ന് കരുതുന്നു. അവ ഇതാണ്; ഏതെങ്കിലുമൊരു മെസ്സേജിംഗ് സർവ്വീസിന്റെ ഗ്രൂപ്പ് അഡ്മിനെ ആ ഗ്രൂപ്പിലെ ഏതെങ്കിലും ഒരംഗം ചെയ്യുന്ന പോസ്റ്റിന്റെ പേരിൽ കുറ്റക്കാരനാക്കുന്ന ഒരു നിയമവും നിലവിലില്ല. IT ആക്ടിന്റെ കീഴിൽ വരുന്ന ഇന്റർമീഡിയറി എന്ന പദവി ഒരു വാട്സ് ആപ്പ് അഡ്മിന് ഇല്ല. ഒരു വാട്സ് ആപ്പ് അഡ്മിനും ആ ഗ്രൂപ്പിലെ അംഗവും തമ്മിൽ ഒരു യജമാന-ഭൃത്യ ബന്ധമില്ല. ആകെക്കൂടി വാട്സ് ആപ്പ് അഡ്മിന് ഉള്ള അധികാരം ഗ്രൂപ്പിൽ ഒരാളെ ചേർക്കാനോ ഉള്ള ഒരാളെ ഗ്രൂപ്പിൽ നിന്ന് ഒഴിവാക്കാനോ മാത്രമാണ്. ഇതൊക്കെ ക്കൊണ്ട് തന്നെ ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നയാളോ അതിന്റെ അഡ്മിനായി തുടരുന്നു എന്ന ഒറ്റക്കാരണത്താലോ ആ ഗ്രൂപ്പിൽ മറ്റൊരാൾ പോസ്റ്റ് ചെയ്യുന്ന നിയമപരമല്ലാത്ത ഒരു പ്രവർത്തിയുടെ ക്രിമിനൽ ഉത്തരവാദത്തിന് ബാദ്ധ്യത പ്പെടുന്നില്ല.

ഇപ്പോ ചില ഗ്രൂപ്പ് അഡ്മിൻമാർ നീട്ടി വിടുന്ന ദീർഘനിശ്വാസം സത്യമായും എനിക്ക് കേൾക്കാം. പക്ഷെ അവരോടൊക്കെ എനിക്ക് രഹസ്യമായി പറയാനുള്ളത്, "ലക്ഷം മാനുഷർ ചേർന്നീടുമ്പോൾ ലക്ഷണമൊത്തവരൊന്നോ രണ്ടോ" എന്നാകിലും കഴിവതും വല്യ കുഴപ്പക്കാരല്ലാത്തവരെന്ന് കാണുന്നവരെ ചേർത്ത് ഗ്രൂപ്പ് ഉണ്ടാക്കുന്നതാവും നല്ലത് എന്നതാണ്. ഇനി ഗ്രൂപ്പ് അംഗങ്ങളോടായി പറയാനുള്ളത്; 'അവനവന് ആത്മ സുഖത്തിനാചരിക്കുന്നത് അപരന് സുഖത്തിനായി വരണം' എന്ന ശ്രീനാരായണ ഗുരുവിന്റെ പ്രസിദ്ധമായ പ്രഘോഷണം ഓരോ പോസ്റ്റിടുമ്പോഴും മനസ്സിൽ വരണമെന്നതാണ്.



**ദിപിൻ റോയ്. എസ്.എൽ.**
അസിസ്റ്റന്റ് ലീഗൽ ഓഫീസർ,
നിയമ(ലെഗ് എഫ്) വകുപ്പ്




# 'മറക്കാനുള്ള അവകാശം'

**'മറക്കാനുള്ള അവകാശം'** കേൾക്കുമ്പോൾ അല്പം അതിശയോക്തി തോന്നാമെങ്കിലും നമ്മുടെ പൗരാവകാശങ്ങളുടെ പട്ടികയിൽ ഒരെണ്ണം കൂടി കൂട്ടിച്ചേർക്കപ്പെടാൻ പോകുന്നു എന്ന് വേണം കരുതാൻ. വ്യക്തിഗത ഡാറ്റയുടെ സംരക്ഷണവും ഐഡന്റിറ്റിയോടുള്ള ആദരവും സംബന്ധിച്ച ഒരു ആശയം ഇതിനകം പല രാജ്യങ്ങളിലും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ ലോകത്ത് സോഷ്യൽ മീഡിയ സൃഷ്ടിച്ച 'പൊതു ഇടങ്ങളിലെ' ആശയ വിനിമയത്തിന്റെ അനിയന്ത്രിതമായ സാധ്യത ദുരുപയോഗപ്പെടുത്താൻ തുടങ്ങിയപ്പോൾ വ്യക്തികളുടെ സ്വകാര്യതയുമായി ബന്ധപ്പെട്ട് നിയമ ലോകത്തും സൈബറിടങ്ങളിലും ഗൗരവമേറിയ സംവാദങ്ങൾക്കും ചർച്ചകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു വിഷയമായി മാറിയിരിക്കുന്നു 'മറക്കാനുള്ള അവകാശം' ***(The Right to be Forgotten).***

## എന്താണ് മറക്കാനുള്ള അവകാശം?

ഒരു വ്യക്തിയെക്കുറിച്ചുള്ള സ്വകാര്യ വിവരം ഇന്റർനെറ്റിൽ നിന്നും നീക്കം ചെയ്യണമെന്നാണ് 'മറക്കാനുള്ള അവകാശം' എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ന് ഈ രംഗത്ത് പഠനം നടത്തുന്ന വിദഗ്ധർ പറയുന്നു. അതായത് ഇന്റർനെറ്റ്, Google തിരയൽ, ഡാറ്റാബേസ്, വെബ്സൈറ്റുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും പ്ലാറ്റ്ഫോമിൽ നിന്ന് ഏതെങ്കിലും വ്യക്തിഗത വിവരങ്ങൾ പ്രസക്തമല്ലെങ്കിൽ അല്ലെങ്കിൽ ആവശ്യമില്ലെങ്കിൽ നീക്കം ചെയ്യാനുള്ള അവകാശം.[1] ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ സ്വകാര്യതയ്ക്കുള്ള മനുഷ്യാവകാശത്തിന്

1. https://gdpr.eu/right-to-be-forgotten.

മുൻഗണനയുണ്ട്. 1948-ലെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം ആർട്ടിക്കിൾ 12-ൽ ഇപ്രകാരം പറയുന്നു 'ഒരാളുടെ സ്വകാര്യത, കുടുംബം, വീട് അല്ലെങ്കിൽ കത്തിടപാടുകൾ എന്നിവയിൽ അനിയന്ത്രിതമായ ഇടപെടലുകൾ നടത്താനോ അദ്ദേഹത്തിന്റെ ബഹുമാനത്തിനും പ്രശസ്തിക്കും നേരെയുള്ള ആക്രമണത്തിനും ആരും വിധേയരാകാൻ പാടില്ല. അത്തരം ഇടപെടലുകൾക്കോ ആക്രമണങ്ങൾക്കോ എതിരെ നിയമത്തിന്റെ പരിരക്ഷ ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്."[2]

ഇന്ത്യയിൽ 'മറക്കാനുള്ള അവകാശം' എന്ന കോൺസെപ്റ്റ് പുതിയ സംഭവമാണെങ്കിലും അന്താരാഷ്ട്രതലത്തിൽ മറക്കാനുള്ള അവകാശത്തെ സ്വകാര്യതയ്ക്കുള്ള അവകാശത്തിൽ ഉൾപ്പെടുത്തി മൗലികാവകാശമായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ പല ലോകരാജ്യങ്ങളും കൈക്കൊണ്ടിട്ടുണ്ട്. യൂറോപ്യൻ യൂണിയനിൽപ്പെട്ട 48 രാജ്യങ്ങളിൽ **General Data Protection Regulation (G.D.P.R)** ആർട്ടിക്കിൾ **17**[3] പ്രകാരം 'മറക്കാനുള്ള അവകാശം' നിയമപരമായ അവകാശമായി യൂറോപ്യൻ യൂണിയൻ അംഗീകരിച്ചു. യുണൈറ്റഡ് കിംഗ്ഡത്തിലും യൂറോപ്പിലും നിരവധി കേസുകളിൽ ഈ വ്യവസ്ഥകൾക്ക് അനുകൂലമായ വിധികൾ ഉണ്ടായിട്ടുണ്ട്.

ലോകത്ത് ആദ്യമായി 'The right to be forgotten' എന്ന അവകാശത്തിനായി ഒരു കേസ് ഫയൽ ചെയ്യപ്പെട്ടത്, <u>Google Spain SL and Google Inc. v. Agencia Española de Protección de Datos (AEPD) and Mario Costeja Gonzlez</u>[4] എന്ന കേസാണ്. സാമ്പത്തിക ബാധ്യത വരുത്തിയത് മൂലം Mario Costeja എന്നയാളുടെ വസ്തുവകകൾ വർഷങ്ങൾക്ക് മുൻപ് ലേലത്തിൽ വയ്ക്കുകയും അത് സംബന്ധിച്ച പൊതു അറിയിപ്പ് പത്രത്തിൽ അച്ചടിച്ച് വരുകയും ചെയ്തു. പ്രസ്തുത പത്ര വാർത്തയുടെ വിശദാംശങ്ങൾ പിന്നീട് Google വെബ്സൈറ്റ് പ്ലാറ്റ്ഫോമിലും പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ തന്റെ പേര് ഗൂഗിളിൽ തിരയുമ്പോഴെല്ലാം തന്റെ പൂർവ്വകാലത്തെ പാപ്പരത്വത്തെക്കുറിച്ചുള്ള വിവരങ്ങളാണ് മറ്റുള്ളവർക്ക് ആദ്യം ലഭ്യമാക്കുക എന്നും അത് തനിക്ക് മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നും കാണിച്ച് ഗൂഗിളിന് Mario Costeja പരാതി നൽകുകയും പ്രസ്തുത വിവരങ്ങൾക്ക് ഇപ്പോൾ പ്രാധാന്യമില്ലാത്തതിനാൽ അത് ഗൂഗിൾ തിരയൽ പ്ലാറ്റ്ഫോമിൽ നിന്നും നീക്കം ചെയ്യണം എന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഗൂഗിൾ പരാതി സ്വീകരിച്ചില്ല. പിന്നീട് പ്രസ്തുത പരാതി സംബന്ധിച്ച തർക്കം The Court of Justice of the European Union-നു മുന്നിൽ എത്തുകയും കോടതി Mario Costeja യ്ക്ക് അനുകൂലമായി വിധിപറയുകയും ചെയ്തു. Mario Costeja യുടെ സ്വകാര്യ വിവരങ്ങൾ ഗൂഗിൾ പ്ലാറ്റ്ഫോമിൽ നിന്നും മാറ്റാൻ ഗൂഗിളിന് ബാധ്യത ഉണ്ടെന്നും Mario Costeja എന്ന വ്യക്തിക്ക് Right to be Forgotton' എന്ന അവകാശത്തിനു അർഹതയുണ്ടെന്നും കോടതി നിരീക്ഷിച്ചു.

---

2. Article 12:Right to privacy-*No one shall be subjected to arbitrary interference with his privacy, family, home or correspondence, nor to attacks upon his honor and reputation. Everyone has the right to the protection of the law against such interference or attacks.*
3. Article 17; Right to erasure ('right to be forgotten') ** **
4. ECLI:EU:C:2014;317,

**'മറക്കാനുള്ള അവകാശം' ഇന്ത്യയിൽ**

2021-ൽ ബോളിവുഡ് നടനും ടെലിവിഷൻ താരവുമായ അഷുതോഷ് കൗശിക് ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച 'മറവി ഹർജി'[5] ചർച്ചയായതോടെയാണ് ഇന്റർനെറ്റിൽ പങ്കുവെക്കപ്പെടുന്ന വ്യക്തിവിവരങ്ങളുടെ സ്വകാര്യതയുമായി ബന്ധപ്പെടുത്തി 'മറക്കാനുള്ള അവകാശം' എന്ന കോൺസെപ്റ്റ് ഇന്ത്യയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയത്. വർഷങ്ങൾക്ക് മുമ്പ് താൻ ചെയ്തൊരു തെറ്റിന്റെ പേരിൽ ഇന്നും പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് അഷുതോഷ് കൗശിക്കിന്റെ ഹർജി. 'റൈറ്റ് ടു ബി ഫോർഗോട്ടോൺ' എന്നതായിരുന്നു താരത്തിന്റെ ആവശ്യം. വർഷങ്ങൾക്ക് മുമ്പ് മദ്യപിച്ച് വാഹനമോടിച്ച കേസുമായി ബന്ധപ്പെട്ട് താരത്തിന്റെ വീഡിയോകളും പോസ്റ്റും സാമൂഹിക മാധ്യമങ്ങളിൽ വൈറലായിരുന്നു. തന്നെ കുറിച്ചുള്ള മുൻകാലങ്ങളിലെ വാർത്തകളും, ലേഖനങ്ങളും, വീഡിയോകളും ഇന്റർനെറ്റിൽ നിന്ന് നീക്കം ചെയ്യാൻ കേന്ദ്ര സർക്കാറിനും ഗൂഗിളിനും നിർദ്ദേശം നൽകണം എന്ന് ആവശ്യപ്പെട്ടാണ് അഷുതോഷ് ഹർജി നൽകിയത്[6]. ഇന്റർനെറ്റിൽ തന്നെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങൾ 'മറക്കാനുള്ള അവകാശത്തിൽ'പ്പെടുമെന്നും ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം സ്വകാര്യത സംരക്ഷിക്കുന്നതിന്റെ ഭാഗമാണെന്നുമാണ് കൗശിക് പറയുന്നത്.

സ്വകാര്യതയ്ക്കുള്ള അവകാശം ഇന്ത്യൻ ഭരണഘടന പ്രകാരം ഇന്ത്യൻ പൗരന്മാർക്ക് മൗലികാവകാശമാണെന്ന് ചീഫ് ജസ്റ്റിസ് ജെ. എസ്. ഖേഹറിന്റെ നേതൃത്വത്തിലുള്ള സുപ്രീം കോടതിയുടെ ഒമ്പതംഗ ജഡ്ജി ബെഞ്ച് 2017 ഓഗസ്റ്റ് 24- ന് വിധിച്ചു[7]. പ്രസ്തുത വിധിയിൽ സ്വകാര്യതക്കുള്ള അവകാശത്തെ മറക്കാനുള്ള അവകാശം എന്ന കോൺസെപ്റ്റുമായി ബന്ധപ്പെട്ടുത്തി ചില നിരീക്ഷണങ്ങൾ ബഹു.സുപ്രീം കോടതി നടത്തിയിട്ടുള്ളതിന്റെ പശ്ചാത്തലത്തിലും കൂടിയാണ് ഇന്ത്യയിൽ മറക്കാനുള്ള അവകാശം എന്ന കോൺസെപ്റ്റിന് കൂടുതൽ പ്രാധാന്യം കൈവന്നിട്ടുള്ളത്. മറക്കാനുള്ള അവകാശത്തിന് കൂടുതൽ നിയമ പരിരക്ഷ ലഭിക്കത്തക്ക തരത്തിലുള്ള നിയമനിർമ്മാണങ്ങളോ സുപ്രീം കോടതി ഉത്തരവുകളോ നിലവിലില്ലെങ്കിലും ഇന്ത്യയിലെ വിവിധ ഹൈക്കോടതികൾ സ്വകാര്യതയുമായി ബന്ധപ്പെട്ട് പരിഗണനയ്ക്കു വന്ന വിവിധ ഹർജികൾ കൈകാര്യം ചെയ്യുന്ന വേളയിൽ 'മറക്കാനുള്ള അവകാശത്തെ' ഒരു മൗലികാവകാശമായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മറക്കാനുള്ള അവകാശത്തിനു നിയമ പരിരക്ഷ ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിൽ ആദ്യമായി ഒരു കേസ് ഫയൽ ചെയ്യപ്പെട്ടത് Dharamraj Bhanushankar Dave v. State of Gujarat[8] എന്ന കേസിലാണ്. ക്രിമിനൽ ഗൂഢാലോചനയ്ക്കും മറ്റും പ്രതിചേർക്കപ്പെട്ട് പിന്നീട് മേൽക്കോടതി വെറുതെ വിട്ട ഈ കേസിലെ ഹർജിക്കാരൻ കേസിലെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിധിന്യായത്തിലെ ഭാഗങ്ങൾ ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യുന്നത് വ്യക്തിപരമായും ജോലിസംബന്ധമായും തന്റെ അന്തസ്സിന് കളങ്കം ഉണ്ടാക്കുമെന്നതിനാൽ ഇന്റർനെറ്റിൽ പബ്ലിഷ് ചെയ്യുന്നത് തടയണമെന്ന്

5. Ashutosh Kaushik v Union of India and Others, (2021).
6. https://indianexpress.com/article/explained/the-right-to-be-forgotten india,July 30, 2021.
7. Justice K.S.Puttaswamy (Retd.) v. Union of India (AIR 2017 SC 4161).
8. 2017 SCC OnLine Guj 2493.

ആവശ്യപ്പെട്ട് ഗുജറാത്ത് ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട മറക്കാനുള്ള അവകാശം കോടതി അംഗീകരിച്ചില്ല. എന്നാൽ, V***** (Name Redacted) v. The Registrar General, High Court of Karnataka[9] എന്ന കേസിൽ പീഡനത്തിന് ഇരകളാകുന്നവരുടെ പേര് വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാകുന്ന തരത്തിൽ Cause Title–ൽ ഉൾപ്പെട്ടു വരുന്നത് തടയണമെന്ന ഹർജി പരിഗണിച്ചുകൊണ്ട് ടി കേസിലെ ഹർജിക്കാരന് 'മറക്കാനുള്ള അവകാശത്തിനു' അർഹതയുണ്ടെന്നും ഹർജിക്കാരന്റെ സ്വകാര്യതക്കുള്ള അവകാശം സംരക്ഷിക്കേണ്ടതുണ്ടെന്നും കോടതി നിരീക്ഷിച്ചു. തുടർന്ന് *Jorawar Singh Mundy v. Union of India.,*[10] *Subhranshu* ***Rout vs. State of Orissa.***[11]***, Zulfiqar Ahmad Khan v. Quintillion Business Media (P) Ltd.***[12] എന്നീ കേസുകൾ പരിഗണിക്കുമ്പോൾ വിവിധ ഹൈക്കോടതികൾ ഹർജിക്കാരുടെ 'മറക്കാനുള്ള അവകാശത്തെ' സംരക്ഷിക്കുന്ന തരത്തിലുള്ള വിധിന്യായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

## വ്യക്തിഗത ഡാറ്റാ സംരക്ഷണ ബിൽ , 2019

വ്യക്തിഗത വിവരങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 2017–ൽ ജസ്റ്റിസ് ബി.എൻ. ശ്രീകൃഷ്ണ അധ്യക്ഷനായ ഒരു സമിതി കേന്ദ്ര സർക്കാർ രൂപീകരിക്കുകയും സമിതി "A Free and Fair Digital Economy: Protecting Privacy, Empowering Indians"[13] എന്ന തലക്കെട്ടിൽ ഒരു റിപ്പോർട്ടും വ്യക്തിഗത ഡാറ്റാ സംരക്ഷണ ബിൽ , 2019 (Personal Data Protection Bill )–ന്റെ കരടും കേന്ദ്ര സർക്കാരിന്റെ പരിഗണയ്ക്കായി നൽകിയിരുന്നു. പ്രസ്തുത ബിൽ കേന്ദ്ര സർക്കാർ ചില മാറ്റങ്ങളോടെ പാർലമെന്റിൽ അവതരിപ്പിക്കുകയും[14] കൂടുതൽ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനുമായി Joint Parliamentary Committee(J.P.C) യുടെ പരിഗണയ്ക്കായി അയക്കുകയും J.P.C അതിന്റെ റിപ്പോർട്ട് പാർലമെന്റിന്റെ മേശപ്പുറത്ത് വച്ചിട്ടുള്ളതുമാണ്. വ്യക്തിഗത ഡാറ്റാ സംരക്ഷണ ബില്ലിൽ മറക്കാനുള്ള അവകാശം (Right to be Forgotten) സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. "മറക്കാനുള്ള അവകാശം" എന്ന ആശയം ഇന്ത്യയിൽ വികസിച്ചുകൊണ്ടിരിക്കുന്നു. സ്വകാര്യതയ്ക്കുള്ള അവകാശം ഒരു മൗലികാവകാശമാണ്, അതിൽ മറക്കാനുള്ള അവകാശവും ഉൾപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റ്, അതിന്റെ പൗരന്മാരെയും അവരുടെ സ്വകാര്യതയെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, വ്യക്തിഗത ഡാറ്റ സംരക്ഷണ ബിൽ 2019 കൊണ്ടുവന്നിട്ടുണ്ടെന്നും ഈ ബില്ലിൽ 'മറക്കാനുള്ള അവകാശം' സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും,''2021–ൽ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം സ്വകാര്യതയുമായി ബന്ധപ്പെട്ട ഒരു

9. 2017 SCC OnLine Kar 424.
10. W.P.(C) 3918/2021 & CM APPL. 11767/2021.
11. 2020 SCC OnLine Ori 878.
12. 2019 (175) DRJ 660.
13. https://ruralindiaonline.org/en/library/resource/a-free-and-fair-digital-economy-protecting-privacy-empowering-indians/.
14. Bill No. 373 of 2019.,AS INTRODUCED IN LOK SABHA.


കേസിൽ ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.[15] നിർദ്ദിഷ്ട വ്യക്തിഗത ഡാറ്റ സംരക്ഷണ ബില്ലിലെ Clause-20-ലാണ് 'മറക്കാനുള്ള അവകാശം' (Right to be forgotten) സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.[16]

ആധുനിക ഡാറ്റാ സ്വകാര്യതാ നിയമത്തിന്റെ പിതാവായി അറിയപ്പെടുന്നയാളും ഇന്റർനെറ്റ് സ്വകാര്യതാ നിയമത്തിന്റെ വളർച്ചയ്ക്ക് കനപ്പെട്ട സംഭാവനയും നൽകിയ അലൻ എഫ്. വെസ്റ്റിൻ (Allen F. Westin) അദ്ദേഹത്തിന്റെ "Privacy and Freedom"[17] എന്ന പുസ്തകത്തിൽ ഡാറ്റ പ്രൈവസിയുമായി ബന്ധപ്പെടുത്തി സ്വകാര്യതയെ നിർവചിക്കുന്നത് 'വ്യക്തികൾ, ഗ്രൂപ്പുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ സ്വയം എപ്പോൾ, എങ്ങനെ, എത്രത്തോളം വിവരങ്ങൾ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നുവെന്ന് സ്വയം നിർണ്ണയിക്കാനുള്ള അവകാശവാദം' എന്നാണ്. അർത്ഥവത്തായ ജനാധിപത്യ പങ്കാളിത്തത്തിന് സ്വകാര്യതയ്ക്കുള്ള മനുഷ്യാവകാശം ആവശ്യമാണ്. അത് മനുഷ്യന്റെ അന്തസ്സും സ്വയംഭരണവും ഉറപ്പാക്കുന്നു. ഒരു വ്യക്തിയുടെ വിവരങ്ങൾ ഇന്റർനെറ്റിലെ പൊതു ഇടങ്ങളിൽ എങ്ങനെ വിതരണം ചെയ്യാമെന്നതിനുള്ള മാനദണ്ഡങ്ങൾ ആ വ്യക്തിയുടെ സ്വകാര്യതയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പൊതുജനങ്ങൾക്കിടയിൽ അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് ഇക്കാലത്ത് അസാധാരണമായ സ്വാധീനമാണുള്ളത്. വ്യക്തിയിൽനിന്ന് ശേഖരിക്കുന്ന വിവരങ്ങളും ഡേറ്റയും വ്യക്തിയുടെ അറിവും സമ്മതവുമില്ലാതെ ദുരുപയോഗിക്കപ്പെടുമ്പോൾ ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പാക്കപ്പെടുന്ന മൗലികാവകാശമാണ് ഹനിക്കപ്പെടുന്നത്. അതുകൂടി സംരക്ഷിക്കപ്പെടുമ്പോഴേ സ്വകാര്യതക്കുള്ള അവകാശം അർത്ഥപൂർണ്ണമാകൂ.

15. https://www.thehindu.com/news/ Data protection Bill has provisions for 'right to be forgotten',Center tells H.C,.Dated, DECEMBER 17, 2021.

16. clause-20:mentions the Right to be Forgotten. Clause-20(l): Data principal (the person to whom the data is related) shall have the right to restrict or prevent the continuing disclosure of his personal data by data fiduciary.

17. 'Privacy and Freedom'-by Alan.F. Westin.1968.,https://ml.wiki567.com/privacy- rights;



നിയമ വകുപ്പുദ്യോഗസ്ഥർക്കായി
നടത്തിയ

# ലേഖന മത്സരം

വിഷയം

**മൗലിക കർത്തവ്യങ്ങൾ  കാലിക പ്രസക്തി**



**അമൽ രാജഗോപാൽ**
ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II
കേരള ഔദ്യോഗികഭാഷ
(നിയമനിർമ്മാണ)കമ്മീഷൻ




**"ഓരോരുത്തർക്കും സമൂഹത്തോട് ചില കർത്തവ്യങ്ങളുണ്ടെന്നും എങ്കിൽ മാത്രമേ ആ വ്യക്തിയുടെ പൂർണ്ണവും സ്വാതന്ത്ര്യവുമായ വികാസം സാധ്യമാകൂ"**

(അനുച്ഛേദം 29(1), അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം, 1948)

ഭാരതത്തിൽ പുരാതനകാലം മുതൽ തന്നെ ഒരു വ്യക്തിയുടെ "കർത്തവ്യങ്ങൾക്ക്" ഊന്നൽ നൽകിയിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽ അനുച്ഛേദം 51 A-യിൽ മൗലികകർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഒരാൾ മൗലിക കർത്തവ്യങ്ങൾ ശരിയായ ഉത്തരവാദിത്തത്തോടെ പാലിക്കുമ്പോൾ നിയമപരമായ ഉപരോധങ്ങളുടെ ആവശ്യമില്ല. ഈ കടമകൾ കാര്യക്ഷമമായും, കൂട്ടമായും പാലിക്കപ്പെടുമ്പോൾ സാമ്പത്തികമായി മാത്രമല്ല, എല്ലാ മേഖലകളിലും രാഷ്ട്രത്തിന് വികസനം കൈവരിക്കാനാകും.

'വസുധൈവകുടുംബകം' എന്ന മഹത്തായ ആശയം ലോകത്തിന് മുന്നിൽ കാഴ്ചവച്ച രാജ്യമാണ് ഇന്ത്യ. ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും ഇന്ത്യയിൽ എത്തിച്ചേർന്ന മനുഷ്യരെ ചേർത്തുപിടിച്ച് ഭാരതസംസ്ക്കാരത്തിന്റെ ഭാഗമാക്കി മാറ്റിയ ഏറ്റവും ആതിഥ്യമരുളുന്ന രാജ്യമാണ് നമ്മുടേത്. വൈവിധ്യങ്ങൾ ഒത്തൊരുമിച്ചപ്പോൾ, ഇന്ത്യ ജ്ഞാനത്തിന്റെയും, സഹിഷ്ണുതയുടെയും പ്രതിരൂപമായി ലോകത്തിന് മുന്നിൽ പ്രകാശിച്ചു.

പ്രാപഞ്ചിക ദർശനം, ഐക്യബോധം, സഹിഷ്ണുത, പൊരുത്തപ്പെടൽ, നാനാത്വത്തിൽ ഏകത്വം എന്നിവ ഇന്ത്യൻ സമൂഹത്തിന്റെ മുതൽക്കൂട്ടാണെന്ന് ഉൾക്കൊള്ളാതെ ജനങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങിയതിന്റെ ഫലമായാണ്, വർഗീയത, ജാതീയത, സാമ്പത്തിക ഭിന്നത, വംശീയ അക്രമം തുടങ്ങിയ ഒന്നിലധികം വിഭജന വിഷയങ്ങൾക്ക് ഇന്ത്യൻ സമൂഹം സാക്ഷിയാകേണ്ടി വന്നത്. ആൾക്കൂട്ട

കൊലപാതകങ്ങൾ, ഗോ സംരക്ഷണത്തിന്റെ വർദ്ധനവ്, ദുരഭിമാനക്കൊല, ജാതീയത എല്ലാം തന്നെ അസഹിഷ്ണുതയുടെ കടന്നു കയറ്റമാണ് വരച്ചു കാട്ടുന്നത്. ഇവ ഭാരതത്തിന്റെ അഖണ്ഡതക്കും, സമഗ്രതയ്ക്കും വിള്ളൽ വരുത്തുന്നതും, രാജ്യത്തിന്റെ വികസനത്തിന് വെല്ലുവിളി സൃഷ്ടിക്കുന്നതുമാണ്. ഇവയെ നേരിടണമെങ്കിൽ, നമുക്കു മുന്നിലുള്ള മഹത്തായ മാർഗമാണ് "ദേശീയോദ്ഗ്രഥനം" – ഒരേയൊരിന്ത്യ, ഒരൊറ്റ ജനത എന്ന വികാരം. നമ്മുടെ മൗലിക കർത്തവ്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതും അത് തന്നെയാണ് ഇന്ത്യയുടെ പാരമ്പര്യത്തിലും സംസ്ക്കാരത്തിലും വേരൂന്നിയ "സർവ്വ ധർമ്മ സംഭവ" തത്വം ഉയർത്തിക്കാട്ടേണ്ട ഈ കാലയളവിൽ മൗലികകർത്തവ്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിച്ച് അച്ചടക്കമുള്ള പൗരന്മാരായി വാർത്തെടുക്കേണ്ടത് ആവശ്യമായിരുന്നു. 'ഉത്തരവാദിത്തമുള്ള പൗരന്മാർ' രാഷ്ട്രത്തിന്റെ ആസ്തിയും, വികസനത്തിലേക്കുള്ള തുറുപ്പു ചീട്ടുമാണ്. അതിനായി, മൗലിക കർത്തവ്യങ്ങൾക്ക് ഈ കാലഘട്ടത്തിലുള്ള പ്രസക്തി നമുക്ക് തട്ടിനോക്കാവുന്നതാണ്.

"ഭരണഘടന കേവലം അഭിഭാഷകരുടെ രേഖയല്ല; അത് ജീവന്റെ വാഹനമാണ്, അതിന്റെ ആത്മാവ് എല്ലായ്പ്പോഴും പ്രായത്തിന്റെ ആത്മാവാണ്" ശ്രീ.ബി.ആർ. അംബേദ്കർ, ഭരണഘടന എന്ന ഇന്ത്യൻ ജനാധിപത്യത്തിന്റെ വിശുദ്ധ ഗ്രന്ഥത്തിന്റെ പൊരുൾ മനസിലാക്കി ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുകയും, ദേശീയ പതാകയെയും, ഗാനത്തെയും ആദരിക്കുകയും ചെയ്യുന്നതും നമ്മളെ ഒന്നിപ്പിക്കുകയും, രാജ്യസ്നേഹവും, രാജ്യത്തോട് കൂറും നമ്മളിൽ ഉളവാക്കുകയും ചെയ്യും. "ഭാരതമെന്നുകേട്ടാലഭിമാന പൂരിതമാകണമന്തരംഗം" എന്ന മഹാകവി വള്ളത്തോളിന്റെ വരികൾ നമ്മളിൽ ഏകത്വവും, ഐക്യവും പ്രതിനിധാനം ചെയ്യും. "നമ്മൾ ഇന്ത്യക്കാർ " എന്ന ബോധ്യം അസഹിഷ്ണുതയുടെ കടന്നു കയറ്റത്തെ തട്ടിക്കളഞ്ഞ് ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന തത്വം ഉൾക്കൊണ്ട് ജീവിക്കുവാൻ നമ്മളെ പ്രാപ്തരാക്കും.

ദേശത്തോട് അഭിമാനവും, ആത്മാർത്ഥതയും വളർത്തിയെടുക്കുന്നതിനായി ഭാരതീയ സംസ്കാരത്തിന്റെ മഹത്വങ്ങൾ അറിയുകയും, നിലനിർത്തുകയും, വരും തലമുറകളിലേക്ക് പകരുകയും ചെയ്യേണ്ടത് ആവശ്യമാണ്. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആധിപത്യത്തിന് മുന്നിൽ അഹിംസയും, സമാധാനവും പടവാളാക്കി പൊരുതിയ ധീരദേശാഭിമാനികളുടെ ചുവടുപിടിച്ച് പടുത്തുയർത്തിയ ഭൂമിയാണിത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഉയർത്തിക്കാട്ടി നമുക്ക് വഴിതെളിച്ചവർ, ഇവ എക്കാലത്തും വിലപ്പെട്ടതും ഒഴിച്ചു കൂടാനാവാത്തതുമാണെന്നും അവ ഉൾക്കൊണ്ട് ജീവിക്കുവാനും നമ്മളെ പഠിപ്പിക്കുന്നു. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണെന്ന" തിലകന്റെ വാക്കുകളും, "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്ന ആശാന്റെ വരികളും ഇന്ത്യക്കാരിൽ എന്നും "നമ്മൾ ഒന്ന്" എന്ന വികാരം ഉണർത്തുന്നവയാണ്.

സമാധാനം, അഹിംസ, അനുകമ്പ, മതേതരത്വം എന്നീ മൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സഹിഷ്ണുതയുടെയും, സ്നേഹത്തിന്റെയും പാത പിന്തുടരേണ്ടവരാണ് നമ്മൾ, ആഗോളതലത്തിൽ അഹിംസാത്മകവും, സമാധാനപരവുമായ

സഹവർത്തിത്വത്തിന്റെ രൂപത്തിൽ ഇന്ത്യ ലോക പൗരന്മാരിൽ ഒരു വലിയ ഏകീകൃത ശക്തി ഉപയോഗിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ശീതയുദ്ധക്കാലത്ത് ഉടലെടുത്ത ചേരിചേരാ പ്രസ്ഥാനം മുതൽ ഇപ്പോഴത്തെ റഷ്യൻ ഉക്രെയ്ൻ യുദ്ധത്തിലെ ഇന്ത്യയുടെ നിഷ്പക്ഷ നിലപാടുവരെ.

പ്രതിഷേധിക്കാനുള്ള അവകാശങ്ങൾ പൗരനു ഭരണഘടന നൽകുന്നുണ്ടെങ്കിലും, പ്രതിഷേധം അക്രമാസക്തമായി പൊതുമുതൽ നശിപ്പിക്കുമ്പോൾ അത് പ്രതിഷേധത്തിന്റെ ലക്ഷ്യത്തെ പരാജയപ്പെടുത്തുകയും, "പൊതുമുതൽ സംരക്ഷിക്കുക" എന്ന തന്നിൽ നിക്ഷിപ്തമായ കർത്തവ്യത്തെ എറിഞ്ഞുടയ്ക്കുകയും ചെയ്യുന്നു. കിഴക്കൻ ഇന്ത്യയിൽ റെയിൽവേ ജോലികൾ ലഭിക്കാത്തതിൽ പ്രതിഷേധിച്ച് രോഷാകുലമായ ജനക്കൂട്ടം തീവണ്ടിയുടെ ബോഗികൾ തീയിട്ടു നശിപ്പിച്ചത് ഈ വർഷം ആദ്യ മാസം നമ്മൾ അറിഞ്ഞതാണ്; എന്നാൽ "സമാധാനം" മുൻനിർത്തി ഒരു വർഷത്തോളം പോരാടിയ വിജയം 'കർഷക സമരം' വിജയം കൈവരിക്കുകയും ചെയ്യുകയുണ്ടായി. അവകാശങ്ങൾ ആസ്വദിക്കുമ്പോൾ, ജനാധിപത്യസമൂഹത്തിൽ ഒരാൾ തന്റെ കടമകളും, ഉത്തരവാദിത്വങ്ങളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്.

യുദ്ധം വരുമ്പോൾ മാത്രമല്ല, രാജ്യം ഏത് പ്രതിസന്ധിഘട്ടം നേരിട്ടാലും, ഓരോ പൗരനും മുന്നോട്ടു വരേണ്ടതുണ്ട് എന്നതിന് ഉത്തമ ഉദാഹരണമാണ് കൊറോണ കാലഘട്ടത്തിലെ ആരോഗ്യമേഖലയിലെ ഉണർന്നുള്ള പ്രവർത്തനവും, കേരളത്തിൽ പ്രളയം വന്നപ്പോൾ രക്ഷാദൗത്യത്തിന് ചുക്കാൻ പിടിച്ച മത്സ്യത്തൊഴിലാളികളും.

"ഇന്ത്യയുടെ വികസനത്തിലും പുരോഗതിയിലും സംഭാവന നൽകേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ്"-സ്വാമി വിവേകാനന്ദൻ. നൈപുണ്യത്തിലും ഉന്നത വിദ്യാഭ്യാസത്തിലും ശ്രദ്ധ പുതുക്കി, മാനവികത, മാനസിക പുരോഗതി വളർത്തുന്നത് ഇന്ത്യയുടെ "ജനസംഖ്യാപരമായ ലാഭവിഹിതം"(demographic dividend) ശരിയായ ദിശയിൽ പ്രയോജനപ്പെടുത്താൻ സാധ്യമാക്കുന്നതാണ്. കഴിഞ്ഞ 5 വർഷത്തിനിടെ ഇന്ത്യയിൽ പേറ്റന്റ് ഫയലിംഗുകൾ 30% വർദ്ധിച്ചതായ സാമ്പത്തിക സർവ്വേ 2021-22 (Economic Survey 2021-22) രേഖപ്പെടുത്തിയിരിക്കുന്നു. ആയത് മൂലം ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യയുടെ റാങ്കിംഗ് 2015-16 ൽ '81'-ൽ നിന്ന് 2021-ൽ '46' ആയി ഉയർന്നിരിക്കുന്നു. "ലോഹ നാനോകണകങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ" എന്ന കണ്ടുപിടിത്തത്തിന് സനാതന ധർമ്മ കോളേജ് (S.D College) ആലപ്പുഴക്ക് പേറ്റന്റ് ലഭിച്ചതും, കോഴി മാലിന്യത്തിൽ നിന്ന് ബയോഡീസൽ ഉത്പാദിപ്പിച്ചതിന് വെറ്റിനറി ഡോക്ടർ ആയ ജോൺ എബ്രഹാമിന് പേറ്റന്റ് ലഭിച്ചതും ഈ കാലയളവിലെ കേരളത്തിന്റെ നേട്ടങ്ങളാണ്. ശാസ്ത്ര സാങ്കേതിക നയങ്ങൾ ദേശീയ വികസന തന്ത്രങ്ങളുമായി സംയോജിപ്പിക്കുന്നത്, ഉത്പ്പാദനക്ഷമത വർദ്ധിച്ച്, മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമാകും. ഓരോ വ്യക്തിയും, അവരവരുടെ കഴിവുകൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തിയാൽ മാത്രമേ രാഷ്ട്ര വികസനത്തിലേക്ക് എത്തിച്ചേരാനാകൂ.

ഇന്ത്യയിലെ മാനുഷിക മൂലധനത്തെ മറ്റു രാജ്യങ്ങൾ വിലകൊടുത്ത് ഉപയോഗപ്പെടുത്തുന്ന 'മസ്തിഷ്ക ചോർച്ച' (brain drain) " ആഗോളവത്ക്കര

ണത്തിന്റെ കടന്നുകയറ്റം മൂലം പതിൻമടങ്ങു വർദ്ധിച്ചു വരുന്നതും, ആയവ തടയപ്പെടേണ്ടതുമാണ്. രാജ്യത്തിന്റെ വളർച്ചയ്ക്കും, ഉന്നമനത്തിനും വേണ്ടി മാനുഷിക മൂലധനത്തിന്റെ ശരിയായ നിക്ഷേപത്തിലേക്കായി ഓരോ പൗരനും പ്രവർത്തിക്കേണ്ടത് ആവശ്യമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ജപ്പാൻ, കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ആഗോള സമീപനങ്ങളിൽ നിന്ന് പഠിക്കുന്നതിലൂടെയും, ജനസംഖ്യപരമായ ലാഭവിഹിതത്തിന്റെ (demographic dividend) നേട്ടങ്ങൾ കൊയ്യാൻ നമുക്ക് കഴിയും.

പുരാതന ഭാരതം ഉയർത്തിയെടുത്ത ശാസ്ത്രസാങ്കേതിക വിദ്യകളുടെ ഊരും ചൂടും ഉൾക്കൊണ്ട് ആനുകാലിക നേട്ടം കൈവരിക്കേണ്ടതിനു പകരം, അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും മുൻനിർത്തി പ്രവർത്തിക്കുന്നത് രാജ്യത്തെ പിന്നോട്ടു നയിക്കും. സ്വയം പര്യാപ്തതയും, ചിന്താശീലവും, ആത്മവിശ്വാസവുമുള്ള പൗരന്മാർ രാജ്യത്തിന് മുതൽക്കൂട്ടാണ്.

"ഒരു കുട്ടിക്കും, ഒരു അദ്ധ്യാപകനും, ഒരു പേനക്കും, ഒരു പുസ്തകത്തിനും ലോകത്തെ മാറ്റാൻ കഴിയും"-മലാല യൂസഫ്സായി." 'ഭാവി ജീവിതം ക്ലാസ്സ് മുറിയിൽ രൂപപ്പെടുന്നു' എന്ന് കോതാരി കമ്മീഷന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യക്തി വികസനത്തിലൂടെ സാമൂഹിക വികസനം നേടിയെടുക്കാമെന്ന് വ്യക്തമാക്കുന്നു. വ്യക്തിക്കും, രാഷ്ട്രത്തിനും ഒന്നു പോലെ വികസനം നൽകുന്നതാണ് വിദ്യാഭ്യാസം. പൗരബോധം, സ്വാതന്ത്ര്യബോധം, പ്രതിബദ്ധത, സാഹോദര്യം, സമത്വം എന്നിവ ക്ലാസ് മുറികളിലൂടെ രൂപപ്പെട്ടു വരുന്നു. എന്നാൽ പോക്സോ കേസുകളുടെ വർദ്ധനവ്, ബാലവേല, ബന്ധിത തൊഴിൽ എന്നിവയെല്ലാം നിഷ്കളങ്കത ചൂഷണം ചെയ്യുന്നത് ഉയർത്തിക്കാട്ടുന്നു. എല്ലാ കുട്ടികളും, ചൂഷണത്തിൽ നിന്നും മുക്തരും, സ്വതന്ത്രവും, നീതിയുക്തവുമായ വിദ്യാഭ്യാസം നേടുന്ന ശിശു സൗഹൃദ സമൂഹം സൃഷ്ടിക്കുവാൻ ചുക്കാൻ പിടിക്കുന്ന നോബൽ ജേതാവായ കൈലാഷ് സത്യാർഥിയുടെ 'ബച്ച്പൻ ബചാവോ ആന്തോളൻ' എന്ന സംഘടനയുടെ മഹത്തായ നേട്ടങ്ങൾ എടുത്തു പറയേണ്ടവയാണ്. ഓരോ പൗരനും, അവരുടെ കുട്ടികൾക്ക് ലിംഗഭേദമെന്യേ 14 വയസ്സുവരെ വിദ്യാഭ്യാസം നൽകുന്നു എന്ന് ഉറപ്പു വരുത്തുന്നത് രാജ്യത്തിന്റെ വികസനത്തിന് ഒരു പൊൻതൂവൽ ആണ്.


പ്രകൃതി പുരുഷസമ്മേളനമാണ് സ്ത്രീ-പുരുഷ സമ്മേളനമെന്ന വേദാന്തചിന്ത സ്ത്രീ-പുരുഷ സമത്വത്തിന്റെ സാംഗത്യം തുറന്നു കാട്ടുന്നു. "തുല്യനീതി" മുൻനിർത്തി, 'ശക്തരായ സ്ത്രീകൾ ശക്തരായ രാഷ്ട്രം' എന്ന ആശയത്തിലൂന്നി സ്ത്രീകളെ ശാക്തീകരിക്കുക. "Me too" എന്ന രണ്ട് ലളിതമായ വാക്കുകൾ വെർച്വൽ ലോകത്തെ കൊടുങ്കാറ്റാക്കിയപ്പോൾ, നമ്മുടെ കേരളത്തിലും "അവൾക്കൊപ്പം" എന്ന ശക്തമായ വാക്കുകൾ ഉയർത്തപ്പെട്ടു. 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' എന്ന പദ്ധതി വിജയം കാണണമെങ്കിൽ ജനതയുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതുണ്ട്.

സർവ്വചരാചരങ്ങളെയും തുല്ല്യതയോടെ കണ്ടിരുന്ന ഒരു സംസ്കാരത്തിന്റെ ഭാഗമായതിനാൽ തന്നെ വനം, നദി, പക്ഷി മൃഗാദികൾ തുടങ്ങിയവ സംരക്ഷിക്കേണ്ട കടമ ഓരോ ഇന്ത്യൻ പൗരനിലും നിക്ഷിപ്തമാണ്. ഈ കർത്തവ്യം പാലിക്കപ്പെടുവാൻ ഭരണഘടന അനുശാസിക്കുന്നതും, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ മുൻനിർത്തിയാണ്. മനുഷ്യൻ വരുത്തിയ മാറ്റങ്ങളും, സാമ്പത്തിക

വളർച്ചക്കുവേണ്ടിയുള്ള പ്രകൃതി ചൂഷണവുമാണ് കാലാവസ്ഥ വ്യതിയാനത്തിന് സംഭാവനയായത്. പാരിസ്ഥിതിക നിയന്ത്രണങ്ങൾ ലംഘിക്കാതെ, "സുസ്ഥിര വികസനം" പിന്തുടരേണ്ടത് അനിവാര്യമാണ്. മഹാപ്രളയവും, പെട്ടിമുടിയിലും കവളപ്പാറയിലുമുണ്ടായ മണ്ണിടിച്ചിലും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമാണ്. 'കിള്ളിയാർ ശുചീകരണ ദൗത്യ'ത്തിൽ, കിള്ളിയാർ നദി വൃത്തിയാക്കുവാൻ ജനങ്ങൾ മുന്നോട്ടു വന്ന കാഴ്ച കേരളം കണ്ടതാണ്. യുണൈറ്റഡ് നാഷൻസിന്റെ 'we the change' ക്യാംപെയിനിന്റെ കീഴിൽ ഇന്ത്യയിൽ നിന്ന് യുവ കാലാവസ്ഥാ നേതാക്കളായി തെരഞ്ഞെടുക്കപ്പെട്ട 17 പേരിൽ 3 പേർ മലയാളികളാണ്.

"ലോകാസമസ്താ സുഖിനോ ഭവന്തു" എന്ന ആശയം ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടിയ നമ്മുടെ രാജ്യത്തിന്റെ ഓരോ പൗരനും പ്രകൃതിയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വമുള്ളതും, ആയത് വിട്ടുവീഴ്ചയില്ലാതെ പാലിക്കേണ്ടതുമാണ്. എന്നാൽ മാത്രമേ നമ്മൾ ഇന്ന് അനുഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ ആക്കം കുറയ്ക്കുന്നതിനും, വരുന്ന തലമുറകൾക്ക് ഇവിടെ വാസം യോഗ്യമാക്കുന്നതിനും സാധ്യമാകൂ.

സ്വതന്ത്രഭാരതം ഇന്നോളം നേടിയ വികസനങ്ങളുടെ ഉയരങ്ങളേക്കാൾ ഏറെ പടികൾ ഇനിയും മുന്നോട്ട് കയറുവാനുണ്ട്. എല്ലാ സർക്കാർ പ്രസിദ്ധീകരണങ്ങളിലും, ഡയറികളിലും, കലണ്ടറുകളിലും പൊതു ഇടങ്ങളിലും ഭരണഘടനയുടെ ആമുഖവും, മൗലിക കർത്തവ്യങ്ങളും പ്രദർശിപ്പിക്കണമെന്നും, ആയത് വഴി അവ എല്ലായ്പ്പോഴും പൗരന്മാരുടെ ശ്രദ്ധയിൽപെടുമെന്നും, ഭരണഘടനയുടെ പ്രവർത്തനം അവലോകനം ചെയ്യാനുള്ള ദേശീയ കമ്മീഷൻ ശുപാർശ ചെയ്യുകയുണ്ടായി. കർത്തവ്യങ്ങളെക്കുറിച്ച് അവബോധം വളർത്തിയെടുക്കേണ്ടതും, മൂല്യങ്ങളെ മുൻനിർത്തി, കർത്തവ്യങ്ങൾ പാലിച്ച്, ഉത്തമപൗരനായി, ഐക്യദാർഢ്യത്തോടെ, ഇന്ത്യൻ ജനത എന്ന വികാരം ഉൾക്കൊണ്ട് നാം പ്രവർത്തിച്ചാൽ മാത്രമേ, ഈ കാലഘട്ടത്തിൽ കൊറോണ മൂലം രാജ്യം നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കാനും, വികസനത്തിലേക്ക് കുതിക്കുവാനും നമുക്ക് ആകൂ.



**ഗംഗാ ദേവി.ബി**
ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് I
നിയമ (കെ.എൽ.ബി.എഫ്) വകുപ്പ്




ഭാരതത്തിന്റെ ഭരണഘടനയുടെ ഭാഗം IV-ൽ അനുച്ഛേദം 51 ക-യിലാണ് മൗലിക കർത്തവ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ക-മുതൽ ട-വരെയുള്ള ഖണ്ഡങ്ങളിലായി '11' മൗലിക കർത്തവ്യങ്ങളാണ് ഭാരതത്തിലെ പൗരന്മാർ അനുഷ്ഠിക്കേണ്ടത്.

സ്വരൺസിംഗ് കമ്മിറ്റിയുടെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ടാണ് 1976-ൽ 42-ാം ഭരണഘടനാഭേദഗതിയിലൂടെ മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടന യുടെ ഭാഗമാകുന്നത്. സോവിയറ്റ് യൂണിയന്റെ ഭരണഘടനയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് മൗലിക കർത്തവ്യങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ആദ്യം '10' മൗലിക കർത്തവ്യങ്ങളാണ് ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. തുടർന്ന് 2002-ൽ 82-ാം ഭരണഘടന ഭേദഗതിയിലൂടെ '6' മുതൽ '14' വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം ഒരുക്കേണ്ടത് രക്ഷിതാക്കളുടെ കടമയാണെന്ന '11'-മത്തെ കർത്തവ്യം ഭരണഘടനയുടെ ഭാഗമാക്കുകയുണ്ടായി.

ആധുനിക ജനാധിപത്യ രാഷ്ട്രീയ സംവിധാനത്തിൽ മൗലിക അവകാശങ്ങളും മൗലിക കർത്തവ്യങ്ങളും പരസ്പരപൂരകങ്ങളായി പ്രവർത്തിച്ചുകൊണ്ടാണ് രാഷ്ട്ര മനസ്സിന്റെ രൂപീകരണവും പ്രവർത്തനവും നടക്കേണ്ടത്. അതായത് രാഷ്ട്രവും പൗരന്മാരും ഭരണകൂടവും അതിന്റെ ഏജൻസികളും രാഷ്ട്രപുരോഗതിയ്ക്കും ജനക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഒന്നായി പ്രവർത്തിക്കണമെന്നർത്ഥം.

ഇൻഡ്യയുടെ തനതാർന്ന രാഷ്ട്രീയ ചരിത്രത്തിൽ പൗരന്മാർ മൗലിക അവകാശങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരായിരിക്കുമ്പോൾ തന്നെ തങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ച് ആവശ്യപ്പെടുന്ന നിലയിൽ ബോധവാന്മാരല്ലായെന്ന പ്രവണതയാണ് പൊതുവെ കണ്ടുവരുന്നത്. അതിർത്തികളും, ജനങ്ങളും, ഭരണഘടനയും, പരമാധികാരവും, ഭാഷയും മാത്രം കൊണ്ട് രൂപപ്പെടുത്താവുന്നതല്ല വർത്തമാനകാലത്തെ രാഷ്ട്രസംവിധാനം. ജനതയുടെയും ഭരണകൂടത്തിന്റെയും അതിന്റെ എജൻസികളുടെയും സർഗ്ഗാന്മകവും ക്രിയാന്മകവും സമയോചിതവും കാലാനുസൃതവുമായ പാരസ്പര്യത്തിലൂടെയും ഏകോപിത പ്രവർത്തന

ങ്ങളിലൂടെയും മാത്രമേ വികസനത്തിലേയ്ക്കും പുരോഗതിയിലേയ്ക്കും രാഷ്ട്രത്തിന് ത്വരിതവേഗതയിൽ പ്രയാണം ചെയ്യുവാനാകൂ. സമകാലീന ആഗോള വ്യവസ്ഥയിൽ സാങ്കേതിക രാഷ്ട്രീയത്തിൽ നിന്നും ജൈവരാഷ്ട്രത്തിലേയ്ക്കുള്ള രാസമാറ്റം ഒരു അനിവാര്യതയാണ്. രാഷ്ട്രമനസ്സും ജനമനസ്സും (സമൂഹമനസ്സും) പൊതുമനസ്സായി രൂപാന്തരം പ്രാപിക്കണം എന്നർത്ഥം.

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക:

ഇന്നത്തെ ദേശീയ സാഹചര്യത്തിൽ ഭരണഘടനയെയും അതിന്റെ ആദർശങ്ങളെയും അതിന്റെ സ്ഥാപനങ്ങളെയും ബഹുമാനിക്കുകയും അനുസരിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതിന് പരമപ്രാധാന്യമാണുള്ളത്. രാഷ്ട്രസേവനത്തിന്റെ ആണിക്കല്ലായി ഓരോ പൗരനും ഈ കർത്തവ്യം നിർവ്വഹിക്കേണ്ടതാണ്. രാഷ്ട്രം ഉണ്ടെങ്കിലേ ജനതയും അവർക്ക് സ്വാതന്ത്ര്യവും പുരോഗതിയും ഉണ്ടാകൂ. ദേശീയഗാനവും ദേശീയ പതാകയും സംബന്ധിച്ച് പൗരന്മാർ പാലിക്കേണ്ട എല്ലാ നിബന്ധനകളും നിർബന്ധമായും നിർവ്വഹിക്കേണ്ടതാണ്.

രാഷ്ട്രവും വിവിധങ്ങളായ അതിന്റെ സംവിധാനങ്ങളും പ്രവർത്തിക്കുന്നത് ഭരണഘടനാനുസൃതമായാണ്. അതിനാൽത്തന്നെ ഓരോ ഇൻഡ്യൻ പൗരനും ഭരണഘടനയെ അനുസരിക്കുകയെന്നത് തന്റെ പ്രാഥമിക കർത്തവ്യമാണെന്ന് ദൃഢപ്രതിജ്ഞ ചെയ്യേണ്ടതാണ്. മതസ്പർദ്ധതയുടെയും മതതീവ്രവാദത്തിന്റെയും വിവിധങ്ങളായ വംശീയ വികാരങ്ങളുടെയും ഭാഷാപരവും മറ്റുമായ വിഭാഗീയതകളുടെയും ഇന്നിന്റെ ഭൂമികയിൽ ഭരണഘടനാനുസൃതമായ നിലപാടുകൾ ഓരോ പൗരനും സ്വീകരിക്കേണ്ടത് രാഷ്ട്രത്തിന്റെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക:

സ്വാതന്ത്ര്യസമര ചരിത്രവും അതിന് നേതൃത്വം നൽകിയ ഋഷി തുല്യരായ സമരസേനാനികളുടെ ജീവിതവും പ്രവർത്തനങ്ങളും മനസ്സിലാക്കുക വഴി ഓരോ പൗരനും സ്വയം ശുദ്ധീകരിക്കേണ്ടതും സ്വാതന്ത്ര്യസമര കാലഘട്ടത്തിലെ മഹനീയ ആദർശങ്ങളുടെ പിൻമുറക്കാരായി മാറി അഴിമതിയും സ്വജനപക്ഷപാതവും സ്വാർത്ഥ മോഹങ്ങളും വിഭാഗീതയും ഇല്ലാത്ത ഒരു ക്രിയാത്മക സമൂഹത്തെയും അതുവഴി ചലനാത്മകമായ ഒരു രാഷ്ട്രത്തെയും സൃഷ്ടിക്കുന്നതിനായി സജീവമായി പങ്കെടുക്കേണ്ടതാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ അഹിംസാവാദവും ദൃഢമായ മതേതരത്വവും, നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ക്രിയാത്മകതയും ഉൾക്കൊണ്ടുകൊണ്ട് സ്വാതന്ത്ര്യവും ജനാധിപത്യവും മതേതരത്വവും സാഹോദര്യവും എല്ലാവിധത്തിലുള്ള സഹിഷ്ണുതയും രാജ്യത്ത് നിലനിർത്തുന്നതിന് ഓരോ പൗരനും അക്ഷീണം പ്രവർത്തിക്കേണ്ടതാണ്.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക:

അതിർത്തികളിലെ സംഘർഷാവസ്ഥയുടെയും അയൽരാജ്യങ്ങളുടെ ആക്രമണോത്സുകതയുടെയും ഫലമായി ഇന്ത്യൻ അതിർത്തികളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും അനിശ്ചിതത്വവും ഓരോ പൗരനെയും തന്റെ മാതൃരാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നില നിർത്തുന്നതിന് നിരന്തരമായ പോരാട്ടത്തിന് സന്നദ്ധരാക്കേണ്ടതാണ്. പൗരബോധവും പൗരധർമ്മവും രാഷ്ട്രീയ മനസ്സുമായി സമന്വയിച്ച് പൊതുബോധമായി രൂപപ്പെട്ട് രാഷ്ട്ര പുരോഗതിയിലേയ്ക്കും സമൃദ്ധിയിലേയ്ക്കും ഐശ്വര്യത്തിലേയ്ക്കും മുന്നേറുമ്പോഴാണ് പരമാധികാരത്തിൽ അധിഷ്ഠിതമായ ജനാധിപത്യം ലക്ഷ്യപ്രാപ്തി നേടുന്നത്.

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക:

രാഷ്ട്രം നമ്മെ സംരക്ഷിക്കുന്നതുപോലെ രാഷ്ട്രത്തെയും അതിന്റെ അതിർത്തികളെയും അഭിമാനത്തെയും സ്വത്വത്തെയും സംരക്ഷിക്കേണ്ട ബാധ്യത ഓരോ ഇൻഡ്യാക്കാരനും ഏറ്റെടുക്കേണ്ടതും അതിനായി ഏതുതരം സേവനത്തിനും ത്യാഗങ്ങൾക്കും, ജീവൻ അർപ്പിക്കുവാൻപോലും സന്നദ്ധരായിരിക്കണം. 1962-ലും 1965-ലും 1971-ലും 1999-ലും അയൽരാജ്യങ്ങൾ നമ്മെ ആക്രമിക്കുകയും രാജ്യത്തെ അസ്ഥിരപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തപ്പോഴും 2021-ൽ ഗാൽവൻ പ്രദേശത്തെ ചൈനീസ് നുഴഞ്ഞുകയറ്റം ഉണ്ടായപ്പോഴും ഇന്ത്യൻ സൈന്യവും ഇന്ത്യൻ ജനതയും ഒറ്റക്കെട്ടായി ഒരു മനസ്സായി പ്രവർത്തിച്ച് ശത്രുക്കളെ തുരത്തുകയും ഇന്ത്യയുടെ അതിർത്തികളും പരമാധികാരവും അഭിമാനവും സംരക്ഷിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിദ്ധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക:

ഈ മൗലിക കർത്തവ്യം നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നു. എന്തെന്നാൽ മതപരവും പ്രാദേശികവും ഭാഷാപരവും വംശീയവുമായ നാനാത്വത്തെ ചൂഷണം ചെയ്യുവാനും സ്വാർത്ഥ താത്പര്യങ്ങളിലും വിഘടനവാദ പ്രവർത്തനങ്ങളിലുമായി വിഭാഗീയവൽക്കരിച്ച് വംശീയവാദവും മത തീവ്രവാദവുമായി മാറ്റി വൈദേശിക ശക്തികളുടെ ഉപകരണങ്ങളായി രാഷ്ട്രശിഥിലീകരണം നടത്തുന്ന ഛിദ്രശക്തികൾ രാജ്യത്ത് വലിയ തോതിൽ ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ ദേശീയതയുടെ മുഖമുദ്രയായ 'നാനാത്വത്തിലെ ഏകത്വം' മുറുകെ പിടിച്ചുകൊണ്ട് ഛിദ്രാത്മക ശക്തികളുടെ കുൽസിത പ്രവർത്തനങ്ങളെ ചെറുത്ത് തോല്പിക്കേണ്ടതും രാജ്യത്ത് നിയമവാഴ്ചയും മതേതരത്വവും സമാധാനവും നിലനിർത്തി രാജ്യ പുരോഗതിയ്ക്കായി ഒരു മനസ്സായി പ്രവർത്തിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി കണ്ട് ഓരോ പൗരനും ആയതിനു വേണ്ടി പ്രതിജ്ഞാ ബദ്ധരാകേണ്ടതാണ്.

അതുപോലെതന്നെ ലിംഗസമത്വത്തിന്റെ പ്രാധാന്യം പ്രവർത്തിയിലൂടെ കാണിക്കേണ്ട സവിശേഷ സാഹചര്യം രാജ്യത്ത് നിലനിൽക്കുന്നു. സ്ത്രീത്വത്തെ ബഹുമാനിക്കുവാനും ലിംഗപരമായ അസമത്വം ഒരു തരത്തിലും പൊറുപ്പിക്കുകയില്ലായെന്നും സമൂഹം പ്രതിജ്ഞ ചെയ്യേണ്ടിയിരിക്കുന്നു.

തൊഴിലിടങ്ങളിലും പൊതുസ്ഥലങ്ങളിലും കലാസാംസ്കാരിക മേഖലകളിലും മാന്യമായ പെരുമാറ്റവും തുല്യനീതിയും സ്ത്രീകൾക്ക് ഉറപ്പുവരുത്തേണ്ടതാണ്. ഭരണഘടന ഉറപ്പ് വരുത്തേണ്ടതാണ്. ഭരണഘടന ഉറപ്പ് നൽകുന്ന ലിംഗസമത്വം എല്ലാ അർത്ഥത്തിലും പാലിക്കപ്പെടേണ്ടതാണ്. പ്രതിരോധസേനയിലെ എല്ലാതലത്തിലും ഉന്നതശ്രേണികളിൽ സ്ത്രീകൾക്ക് ഉന്നത പദവികൾ നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി അടുത്തകാലത്ത് നടത്തിയ ഇടപെടലുകൾ എടുത്തുപറയേണ്ടതാണ്. സ്ത്രീ സുരക്ഷയും സ്ത്രീ സമത്വവും രാഷ്ട്ര മനസ്സിന്റെ മുഖമുദ്രയാകേണ്ടിയിരിക്കുന്നു.

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക:

അയ്യായിരത്തിലേറെ വർഷത്തെ അതിസമ്പന്നമായ നാഗരിക സംസ്കാരിക പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയുടെതുപോലെ വൈവിദ്ധ്യ പൂർണ്ണമായ ഒരു സാംസ്കാരിക പൈതൃകം ലോകത്ത് മറ്റൊരു രാജ്യത്തിനും അവകാശപ്പെടാനില്ല. സഹസ്രാബ്ദങ്ങളിലൂടെ ഇഴപിരിയാനാകാത്ത വിധം സംഭവിച്ച സംസ്കാരിക സമന്വയ പ്രക്രിയകളിലൂടെയാണ് വിവിധ മതങ്ങളുടെയും ആശയ സംഹിതകളുടെയും തത്വജ്ഞാനത്തിന്റെയും വൈജ്ഞാനിക വിസ്ഫോടന ങ്ങളുടെയും ഒസ്യത്തായ ഇന്ത്യൻ പൈതൃകം രൂപം പ്രാപിച്ചത്. ഉപനിഷത്ത് സൂക്തങ്ങളുടെയും സൂഫി സൂക്തങ്ങളുടെയും പ്രസക്തി ഇന്ന് മറ്റെന്നത്തേക്കാളും മുന്നിലാണ്. 'സഹിഷ്ണുത' എന്ന ഇന്ത്യയുടെ സവിശേഷ പൈതൃകം സംഘർഷാ ത്മകമായ ഇന്നത്തെ സാഹചര്യത്തിൽ മുഴുവൻ ജനതയും തങ്ങളുടെ പൊതു സ്വഭാവമായി രൂപപ്പെടുത്തേണ്ടതാണ്.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യ ജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക :

കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പരിസ്ഥിതി ശോഷണത്തിന്റെയും ഹരിതവാതക ഭീഷണിയുടെയും പശ്ചാത്തലത്തിൽ ആർഷ ഭാരത സംസ്കാരം ഉയർത്തി പിടിച്ച ആരണ്യകത്തിന്റെ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് പരിസ്ഥിതി സൗഹൃദമായ ജീവിതരീതി പിൻതുടരേണ്ടതാണ്. സകല ജീവജാലങ്ങളുടെയും സംതുലനം ഭൂമിയുടെ നിലനിൽപ്പിന്റെ അടിസ്ഥാന പ്രമാണമാണെന്ന തിരിച്ചറിവ് ഓരോ ഇന്ത്യൻ പൗരനും ഉൾക്കോള്ളേണ്ടതാണ്. ഭൂമിയും ജീവനും രണ്ടല്ല ഒന്നതന്നെയാണെന്ന വെളിപാട് എല്ലാപൗരനും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്രകാരം ഹരിതവും ശുദ്ധവുമായ സാമ്പത്തിക പ്രവർത്ത നവും സാങ്കേതികവിദ്യയും നാടിന്റെ ജീവിതചര്യയായി മാറ്റി കൊണ്ട് നമ്മുടെ മഹത്തായ രാഷ്ട്രത്തെ അതിന്റെ പരിപൂർണ്ണ ജൈവസംസ്കാരത്തിൽ നിലനിർത്താം.

ആന്തരികദഹന എഞ്ചിനുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കുപകരം വൈദ്യുതി വാഹനങ്ങൾ നിർമ്മിച്ചുപയോഗിച്ചുകൊണ്ടും കൽക്കരിയും ഡീസലും ഉപയോഗിച്ച് പ്രവർത്തിക്കുന്ന താപനിലയങ്ങൾക്കു പകരം സോളാർ എനർജിയും ഹൈഡ്രജൻ എനർജിയും ഉൾപ്പെടെയുള്ള ഗ്രീനും ക്ലീനുമായ എനർജി സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തികൊണ്ടും നമ്മുടെ പ്രിയപ്പെട്ട ഭൂമിയെ വരും തലമുറയ്ക്കായി കാത്ത് വയ്ക്കാം.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക:

ശാസ്ത്രീയവീക്ഷണവും അന്വേഷണാത്മകതയും മാനവികതയും ഇന്ത്യൻ സംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. അയ്യായിരത്തോളം വർഷത്തെ സുദീർഘമായ ചരിത്രത്തിലുടനീളം ഭാരതം പുലർത്തിപ്പോന്ന പൊതു കാഴ്ചപ്പാട് ഈ മൂന്ന് അടിസ്ഥാനശിലകളിൽ അധിഷ്ഠിതമാണ്. മറ്റൊരു രാജ്യത്തിനും സംസ്കാരത്തിനും അവകാശപ്പെടാനാകാത്ത ഈ പാരമ്പര്യം തന്നെയാണ് ഇന്ത്യയെ എന്നും ലോക സമൂഹം ഒരേ സമയം ആദരവോടും അത്ഭുതത്തോടെയും നോക്കി കാണുന്നതിനിടയാക്കുന്നത്.

ശാസ്ത്രബോധവും ശാസ്ത്രീയവീക്ഷണവും യുക്തിബോധവും കൊണ്ട് അന്വേഷണ കുതുകികളായ ഒരു സമൂഹമാണ് ആധുനിക ലോകത്തിന്റെ മുഖമുദ്ര. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഒഴിവാക്കികൊണ്ട് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ പ്രപഞ്ചസത്യത്തെയും മാനവികതയുടെ പുതിയ മൂല്യങ്ങളെയും കണ്ടെത്തുന്ന ഒരു സമൂഹമായി ഇന്ത്യ മാറിക്കഴിഞ്ഞുവെങ്കിലും ഇനിയും ബഹുദൂരം മുന്നിലേയ്ക്ക് സഞ്ചരിക്കാനുണ്ട്.

(ഝ) പൊതുസമ്പത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക:

ശ്രീബുദ്ധന്റെ അഹിംസയും മഹാത്മാഗാന്ധിയുടെ അക്രമരാഹിത്യവും വേദവാക്യമായി സ്വീകരിച്ച ഇന്ത്യൻ സമൂഹത്തിന് എങ്ങനെയാണ് ഇന്ന് നാം കാണുന്ന ഹിംസാവാദികളും പൊതു മുതൽ നശിപ്പിക്കുന്ന അക്രമികളുമായി മാറാൻ കഴിയുന്നത്. വ്യക്തിയും സമൂഹവും അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും പൊതുമുതൽ സംരക്ഷണത്തിന്റെയും വക്താക്കളായി മാറേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. അക്രമത്തിലൂടെ നശിപ്പിക്കപ്പെടുന്ന പൊതുമുതൽ ഉണ്ടാകുന്നത് നാം നൽകുന്ന നികുതി പണത്തിൽ നിന്നാണെന്ന ബോധം എല്ലാവർക്കും ഉണ്ടാകണം.

(ഞ) രാഷ്ട്രം യത്നത്തിന്റെ ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേയ്ക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉത്കൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക:

സമസ്തമണ്ഡലങ്ങളിലും ഔന്നത്യത്തിലൂന്നിയ ഭാവനാപൂർണ്ണമായ ഉൽകൃഷ്ട ഭാരതത്തിന്റെ സൃഷ്ടിയ്ക്കായി ഓരോ പൗരനും ശാസ്ത്രസാങ്കേതിക കലാസാംസ്കാരിക കായികമണ്ഡലങ്ങളിൽ അവന്റെ കഴിവ് തെളിയിക്കേണ്ടതാണ്. സ്വാതന്ത്ര്യാനന്തരം ബഹിരാകാശശാസ്ത്രത്തിലും ആണവശാസ്ത്രത്തിലും മിസൈൽ സാങ്കേതിക വിദ്യയിലും കാർഷിക-വൈദ്യശാസ്ത്രങ്ങൾ ഉൾപ്പെടുന്ന വൈജ്ഞാനിക മേഖലകളിലും ഇന്ത്യ കൈവരിച്ച പുരോഗതി അസൂയാവഹവും അഭിമാനാർഹവുമാണ്. എങ്കിലും ദാരിദ്ര്യനിർമാർജ്ജന രംഗത്തും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിലും സാർവ്വത്രിക വിദ്യാഭ്യാസം കൈവരിക്കുന്നതിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിലും കാർഷികമേഖലയുടെ ഉന്നതിയിലും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും ഇനിയും ബഹുദൂരം മുന്നോട്ട് പോകുവാനുണ്ട്. സമകാലീന ലോക വ്യവസ്ഥിതിയിൽ സാക്ഷരതയ്ക്ക് പുതിയ

മാനങ്ങൾ കൈവന്നിരിക്കുന്നു. ഡിജിറ്റൽ സാക്ഷരതയും സൈബർ സാക്ഷരത യുമാണ ഇന്നിന്റെ ലോകം ആവശ്യപ്പെടുന്ന മുൻഗണനകൾ. ഡിജിറ്റൽ-സൈബർ സാങ്കേതിക വിദ്യകളിലെ പുതിയ മേഖലകൾ പുത്തനറിവുകളുമായി വ്യവസായ വിപ്ലത്തിന്റെ 4.0-ൽ എത്തി നിൽക്കുന്ന അവസരത്തിൽ ബ്ലോക്ക് ചെയിനും നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗും IOT-യും ലോകക്രമം കൈയ്യടക്കുന്ന അവസരത്തിൽ ഈ മേഖലകളിൽ നൈപുണ്യവും മികവും നേടിക്കൊണ്ട് നമ്മുടെ രാഷ്ട്രത്തെ ഉന്നതിയിലേയ്ക്ക് നയിക്കാം.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ അതതുസംഗതിപോലെ മാതാപിതാക്കളോ രക്ഷകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക:

സാർവ്വത്രിക വിദ്യാഭ്യാസത്തിലൂടെയും അതുവഴി ആർജിക്കുന്ന അറിവിലൂ ടെയും മാത്രമേ മൂല്യബോധമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുവാൻ രാഷ്ട്രത്തിന് കഴിയുകയുള്ളൂ. വിദ്യാഭ്യാസത്തിലൂടെയും സാങ്കേതിക വിദ്യാമികവിലൂ ടെയും നൈപുണ്യവികസനത്തിലൂടെയും മാത്രമേ കാലികലോകത്ത് പുതുതലമുറ യ്ക്ക് രാജ്യപുരോഗതിയിൽ സംഭാവന നൽകുവാൻ കഴിയുകയുള്ളൂ. അതിനാൽ '6'-നും '14'-നും ഇടയ്ക്കുള്ള എല്ലാ കുട്ടികൾക്കും മേന്മയുള്ള വിദ്യാഭ്യാസം പ്രാപ്തമാക്കേണ്ടത് മാതാപിതാക്കളുടെയും രക്ഷകർത്താക്കളുടെയും നിർബന്ധിത ചുമതലയാണ്. കഴിയുമെങ്കിൽ ഡിജിറ്റൽ സാക്ഷരതയും കുട്ടികൾക്ക് ലഭ്യമാക്കേ ണ്ടതാണ്. വിജ്ഞാന വികസനത്തിന്റെ നൈപുണ്യശേഷിയുടെയും Soft skill-ന്റെയും സമസ്തമേഖലകളിൽ മനുഷ്യവിഭവശേഷി പരമാവധി മെച്ചപ്പെടുത്തുക എന്നതാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം എന്ന തിരിച്ചറിവിലൂടെ നാടിന്റെ മനുഷ്യ വിഭവശേഷിയെ ആഗോള നിലവാരത്തിലേയ്ക്കെത്തിയ്ക്കുവാൻ ഓരോ രക്ഷ കർത്താവും പൗരനും സമൂഹവും തങ്ങളുടെ കടമ നിറവേറ്റേണ്ടതാണ്.



**ശശികുമാർ. എസ്.എൻ.**
അണ്ടർ സെക്രട്ടറി,
നിയമ വകുപ്പ്.




ഭാരതത്തിന്റെ ഭരണഘടനയിൽ മൗലികകർത്തവ്യങ്ങൾ അഥവാ Fundamental Duties ഭാഗം IV –ക (Part IV A) ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്വരൺ സിംഗ് കമ്മിറ്റിയുടെ ശിപാർശയിൽ 1976–ലെ 42–ാമത് ഭരണഘടന ഭേദഗതി പ്രകാരം ശ്രീമതി ഇന്ദിരാഗാന്ധിയാണ് 1 മുതൽ 10 വരെയുള്ള മൗലിക കർത്തവ്യങ്ങൾ എഴുതിച്ചേർത്തത്. 2002–ലെ വാജ്പേയി സർക്കാരാണ് 86–ാമത് ഭരണഘടനാ ഭേദഗതിയിലൂടെ 11–ാമത് ആയി പറഞ്ഞിരിക്കുന്ന 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികൾക്ക് 'നിർബന്ധ വിദ്യാഭ്യാസം' എന്ന മൗലിക കർത്തവ്യം കൂട്ടിച്ചേർത്തത്. റഷ്യൻ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങളുടെ ആശയം പ്രതിപാദിച്ചിട്ടുള്ളതായി കാണാം.

മൗലിക കർത്തവ്യങ്ങളിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് **ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാക, ഗാനം എന്നിവയെയും ആദരിക്കുക** എന്നതാണ്. ഇത് പരമപ്രധാനമായ ഒരു കർത്തവ്യമാണ്. നൂറ്റാണ്ടുകളായി വിദേശ ഭരണത്തിൽ ആണ്ടുകിടന്ന നമ്മുടെ രാജ്യത്തിന്റെ സംസ്കാരവും പൈതൃകവും സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിട്ട അവസ്ഥയിൽ ഇന്ത്യൻ ജനത ഒന്നാകെ തന്നെ ദേശീയതയെ പ്രോജ്വലിപ്പിച്ച് വൈദേശികതയെ ശക്തമായി ചെറുക്കുകയും ഒടുവിൽ വിദേശ ഭരണത്തിൽ നിന്നും മുക്തി നേടിയത് പ്രധാനമായും നമ്മുടെ രാജ്യത്തിന്റെ പരമമായ പൈതൃകത്തെയും ആദർശങ്ങളെയും മുറുകെ പിടിച്ചായിരുന്നു.

നമ്മുടെ പൂർവികർ, നാം ഇന്ന് അനുഭവിച്ചു വരുന്ന അമൃതിനു സമാനമായ സ്വാതന്ത്ര്യം നേടിയെടുത്തത് വളരെയധികം കഷ്ടനഷ്ടങ്ങൾ സഹിച്ചാണ്. എന്നാൽ, നിർഭാഗ്യവശാൽ സമീപകാലത്തായി നമ്മുടെ ദേശീയ ബിംബങ്ങളെ അപമാനിക്കുന്ന അല്ലെങ്കിൽ വില കുറച്ചു കാണിക്കുന്ന പ്രവണത ഏറിവരുന്നതായി കാണുന്നു. ഇതിന് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും മറ്റും നിറം ചേർത്ത് അതിന്റെ ഗൗരവം ലഘൂകരിക്കുന്നതായും കാണാം. ഉദാഹരണമായി 2016–ൽ ദേശീയ ഗാനത്തെ അപമാനിച്ചു എന്ന കുറ്റത്തിന് കമാൽ. സി. ചാവറ എന്നയാൾ S.124A IPC നടപടികൾ നേരിടുകയുണ്ടായി. ദേശീയ ഗാനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു കേസ് "**ബിജോയ് ഇമ്മാനുവൽ v. സ്റ്റേറ്റ് ഓഫ് കേരള, 2020**" ആണ്.

ഒരു രാജ്യത്തിന്റെ ദേശീയ ബിംബം എന്നാൽ ആ രാജ്യത്തെ ജനങ്ങൾ, അവരുടെ പോരാട്ടം, ജനതയുടെ കാലചക്രത്തിന്റെ കഥകൾ, സംസ്കാരം എന്നിവയെ പ്രതിഫലിപ്പിക്കുന്നതാണ്.

ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ ലിഖിത ഭരണഘടനയുടെ ആദർശങ്ങൾ, ദേശീയഗാനം, പതാക ഒക്കെ തന്നെയും ശരിയായ വിധത്തിൽ മാനിക്കാൻ തയ്യാറാകാത്ത ചില പുതുതലമുറ സംഭവങ്ങൾ സമീപകാലത്ത് കാണപ്പെട്ടു എന്നത് ഒരു അപഭ്രംശനം ആയി കാണേണ്ടതാണ്. നമ്മുടെ നാടിന്റെ പൈതൃകത്തെയും സംസ്കാരത്തെയും ബന്ധപ്പെട്ട ബിംബങ്ങളെയും, മൂല്യങ്ങളെയും ആദരിക്കുകയും അതിന്റെ അന്തസത്ത ഉൾക്കൊണ്ട് ഉയർന്ന ചിന്താഗതിയോടെ പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഓരോ പൗരന്റേയും പ്രധാനമായ കർത്തവ്യമാണ് .

2. വർഷങ്ങൾ നീണ്ടുനിന്ന നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള വീരനായകർ അവലംബിച്ചിരുന്ന സത്യാഗ്രഹം, നിസ്സഹകരണം തുടങ്ങിയ അഹിംസയിലൂന്നിയ സമരമുറകൾ നാം ഏറ്റവും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ദുഃഖകരമായ വസ്തുത നമ്മുടെ രാജ്യത്ത് അക്രമത്തിന്റെയും അസഹിഷ്ണുതയുടെയും പാത പിൻപറ്റുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു എന്നതാണ്. വിദ്യാർത്ഥി സമരങ്ങളിലും മറ്റു രാഷ്ട്രീയ പാർട്ടികളുടെ സമരങ്ങളിലും പൊതു സ്വത്തുക്കൾ വൻതോതിൽ നശിപ്പിക്കുന്ന കാഴ്ച നമ്മെ അലോസരപ്പെടുത്തുന്നതാണ്. സ്കൂൾ തലം മുതൽ വിദ്യാർത്ഥികൾക്ക് അതേപ്പറ്റിയുള്ള അവബോധം വളർത്തേണ്ടത് അക്രമങ്ങളിൽ നിന്നും ഇത്തരം നശീകരണ പ്രവർത്തനങ്ങളിൽ നിന്നും വിട്ടു നിൽക്കുന്നതിനായുള്ള ബോധം അവരിൽ സൃഷ്ടിക്കേണ്ടതാണ് .

3. **രാജ്യത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക** :- ഇത് വർത്തമാനകാലത്ത് വളരെയധികം സാംഗത്യം ഉള്ള ഒന്നാണ്. രാജ്യത്തിന്റെ പരമാധികാരത്തിന് നേരെയുള്ള വെല്ലുവിളികൾ ഉയരുമ്പോൾ നമ്മുടെ സമൂഹത്തിലെ ചെറിയ ഒരു വിഭാഗം അതിന് സഹായകരമായി വർത്തിക്കുന്ന സ്ഥിതിവിശേഷം കാണാൻ കഴിയുന്നുണ്ട്. എന്നാൽ ഈ പ്രവണത അടുത്തകാലത്തായി കൂടുതലായി കാണപ്പെടുന്നു. രാജ്യത്തെ പല കഷണങ്ങളായി വെട്ടിമുറിക്കുന്നതിനും മറ്റുമായി “ആസാദി മുദ്രാവാക്യങ്ങൾ” രാജ്യത്തെ ഉന്നത കലാലയങ്ങളിൽ വരെ മുഴങ്ങിക്കേട്ടത് ഇത്തരുണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചാബിലെ ഖാലിസ്ഥാൻവാദികൾ അടക്കമുള്ള ചില ശക്തികൾ പ്രത്യേക സ്വയംഭരണ സ്റ്റേറ്റുകൾ ആകാൻ ശ്രമം നടത്തുന്നു. ശത്രു രാജ്യങ്ങളായ അയൽക്കാർ ഇതിന് ആയുധവും അർത്ഥവും നൽകുന്നുണ്ട്. ഇതിനെയൊക്കെ നമ്മുടെ ജനത പ്രത്യേകിച്ചും പുതുതലമുറ ശക്തമായ പ്രതിരോധം തീർക്കേണ്ടിയിരിക്കുന്നു.

4. **രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക** :- മാതൃരാജ്യത്തിനെ അവസരം വരുമ്പോൾ കാത്തു സംരക്ഷിക്കുകയും ദേശീയമായ സേവനം ആവശ്യമാകുന്നിടത്ത് അതിനു മടിക്കാതെ മുന്നോട്ട് ഇറങ്ങേണ്ടതുമാണ്. രാജ്യത്തിന് പുറത്തു നിന്നുള്ള ആക്രമണം മാത്രമല്ല രാജ്യത്തിനകത്തെ ഛിദ്രശക്തികൾക്കെതിരായും നാം ജാഗരൂകരാകണം. രാജ്യത്തെ യുവജനങ്ങൾക്ക് സൈനിക സേവനത്തിനായി ഉള്ള പ്രോത്സാഹനവും പ്രേരണയും സ്കൂൾ കാലഘട്ടത്തിൽ തന്നെ നൽകുന്നത് നന്നായിരിക്കും. സ്റ്റുഡൻസ് പോലീസ് കേഡറ്റ് (SPC), NCC തുടങ്ങിയ സംവിധാനങ്ങൾ ഇതിനു സഹായകരമാണ് . രാജ്യത്തെ യുവജനങ്ങൾക്ക് ഒരു ചെറിയ കാലയളവിലേക്കെങ്കിലും സൈനികസേവനം നൽകുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. പല വിദേശരാജ്യങ്ങളിലും, ഇംഗ്ലണ്ട് തുടങ്ങിയവയിൽ രാജകുടുംബാംഗങ്ങൾ വരെ നിർബന്ധിതമായ സൈനികസേവനം അനുഷ്ഠിക്കാറുണ്ട്. നമ്മുടെ രാജ്യത്ത് പല ഭാഗത്തും അടിക്കടി

ഉണ്ടാകുന്ന മഹാമാരി, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ ദേശീയ ദുരന്ത സമയത്തും മറ്റും നമ്മുടെ യുവജനങ്ങൾ, തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ ഉൾപ്പെടെ പല മേഖലയിലുള്ളവരും സേവന മനോഭാവത്തോടെ സന്നദ്ധരായി രംഗത്തു വന്ന ഉദാഹരണങ്ങൾ വളരെ പ്രതീക്ഷ നൽകുന്നതാണ് .

5. **നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക**:- ഭാരതത്തിൽ ഏകദേശം ആയിരക്കണക്കിനു ഭാഷകൾ, അക്ഷരമാല ഇല്ലാത്തത് ഉൾപ്പെടെ നിലവിലുള്ളതായി കാണാൻ കഴിയും. ചെറുതും വലുതുമായ നിരവധി ജനതതികൾ പാർക്കുന്ന ഒരു ബൃഹത് സംസ്കാര സങ്കേതമാണ് ഭാരതഭൂമി. ആർഷഭാരത സംസ്കാരം ഉൾക്കൊള്ളുന്ന നമ്മുടെ നാട് പ്രാചീനകാലം മുതൽക്കുതന്നെ അശരണർക്കും ആശ്രയം തേടി വന്നിട്ടുള്ളതുമായ നിരവധി ജനവിഭാഗങ്ങളെ ഇരുകൈയും നീട്ടി സ്വീകരിച്ച് അവരെ നമ്മുടെ മണ്ണിൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കിയ മഹത്തായ പാരമ്പര്യമാണ് ഈ ഭൂമിക്ക് ഉള്ളത്. വിവിധ ഭാഷാ സംസ്കാര സമ്പുഷ്ടമായ ഒരു പുണ്യഭൂമിയാണ് നമ്മുടെ ദേശം. അത് കൂടുതൽ തനിമയോടും പരസ്പരവിശ്വാസവും ബഹുമാനവും നിലനിർത്തി ലോകത്തിനുതന്നെ മാതൃകയായി മുന്നോട്ട് പോകുന്നതിന് നമ്മുടെ ഭാവിതലമുറയെ ഉദ്ബോധിപ്പിക്കേണ്ടത് അനിവാര്യമാണ്.

6. **വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന ഈ പ്രകൃത്യായുള്ള പരിസ്ഥിതി സംരക്ഷിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക** :- നമ്മുടെ രാജ്യത്ത് മാത്രമല്ല ലോകത്താകമാനം വനങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നു. ഒരു ഭൂപ്രകൃതിയുടെ 33% എങ്കിലും വനപ്രദേശം ആയിരിക്കണം എന്നതാണ് കണക്ക്. നിലവിലെ വനനശീകരണം മാത്രമല്ല നദികളും ജലാശയങ്ങളും വരെ മലീമസമാകുന്നത് ഒക്കെ മനുഷ്യനു മാത്രമല്ല മറ്റു ജീവികളും ഉൾപ്പെടുന്ന ആവാസവ്യവസ്ഥയ്ക്ക് മൊത്തത്തിൽ തന്നെ ഭീഷണി ആകുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിൽ, സാക്ഷരതയിലും മറ്റു സൂചികകളിലും മുൻനിരയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിൽ പോലും പരിസ്ഥിതി സംരക്ഷണത്തിന് ശാസ്ത്രീയമായ പഠനങ്ങളിലും പ്രവർത്തനങ്ങളിലും നാം വളരെയധികം മുന്നോട്ടുപോകേണ്ടതുണ്ട്. 2018, 2019, 2020 വർഷങ്ങളിൽ കേരളം അതിരൂക്ഷമായ അധിവൃഷ്ടിയെയും പ്രളയത്തെയും അഭിമുഖീകരിക്കുന്ന സാഹചര്യമുണ്ടായി. എന്നാൽ കുറച്ച് വർഷങ്ങൾക്കിപ്പുറം വേനൽ തുടങ്ങുന്നതിനു മുമ്പ് തന്നെ നമ്മുടെ സംസ്ഥാനത്ത് പലയിടത്തും 40 ഡിഗ്രിക്കു മുകളിൽ ചൂട് രേഖപ്പെടുത്തുകയും നദികളും ജലാശയങ്ങളും കിണറുകളും വറ്റിവരളുകയും ചെയ്യുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇത് അത്യന്തം ഭീഷണം ആണ് . വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായ സ്ഥലങ്ങളിൽ പോലും ആവശ്യത്തിന് കുടിവെള്ളം ഇല്ലാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു എന്നത് വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണ് . മാത്രവുമല്ല നമ്മുടെ ഭൂഗർഭജലവിതാനം ആശങ്കമാം വിധം താഴ്ന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണ് കാണുന്നത്. 44 നദികളാൽ സമ്പുഷ്ടമായ കേരളം, ആവശ്യത്തിന് മൺസൂൺ ലഭിക്കുന്നുണ്ട്, എന്നിട്ടും വേനൽ തുടങ്ങുന്നതോടുകൂടി കുടിവെള്ളത്തിനു നെട്ടോട്ടമോടുന്ന അവസ്ഥ ആശങ്കാജനകമാണ്. ഇതിനു പ്രതിവിധിയായി മഴവെള്ളം കഴിയുന്നത്ര സംഭരിക്കുക, കുളങ്ങളും കിണറുകളും മറ്റും ഉപയോഗയോഗ്യമല്ലാത്ത ജലാശയങ്ങളും ഒക്കെ ജലം സംഭരിക്കാൻ ഉതകുന്ന രീതിയിൽ തയ്യാറാക്കി എടുക്കുകയും പരമാവധി വെള്ളം സംഭരിച്ച് നിർത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ, ജലത്തിന്റെ ഉപയോഗം ശ്രദ്ധയോടെ വിനിയോഗിക്കുകയും അതിന്റെ പ്രാധാന്യം നമ്മുടെ ഇന്നത്തെ തലമുറയെ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതിയോടിണങ്ങി ജീവിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുക എന്നത് നമ്മുടെ കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാ

ക്കേണ്ടതാണ്. മാത്രവുമല്ല ജീവികളോട് കരുണയോടെ പെരുമാറുക എന്നത് ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തിയാണ്. എന്നാൽ നമ്മുടെ സാക്ഷര കേരളത്തിൽ പോലും മൃഗങ്ങളെ ഉപദ്രവിക്കുന്ന പല സംഭവങ്ങളും അടുത്തിടയായി റിപ്പോർട്ട് ചെയ്തിരുന്നു. പട്ടികളെ വാഹനത്തിൽ കെട്ടി വലിച്ചു കൊണ്ട് പോകുന്നത്, കെട്ടിയിട്ട് ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയത് തുടങ്ങിയ നിഷ്ഠൂരമായ കൃത്യങ്ങൾ വേദനാജനകവും അങ്ങേയറ്റം അപലപനീയവുമാണ്. മനുഷ്യനാൽ ഗതിവേഗം കൂട്ടുന്ന കാലാവസ്ഥാ വ്യതിയാനം ഐപിസിസി ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ (IPCC – Inter Governmental Panel On Climate Change) 2022 ഫെബ്രുവരി മാസം ബർലിനിൽ പുറത്തുവിട്ട റിപ്പോർട്ടിൽ ഹിമാലയൻ നദികളുടെ സംവിധാനം വളരെ ഗുരുതരമായ ഭീഷണി നേരിടുകയാണെന്നും പറഞ്ഞിരിക്കുന്നു. തീരദേശ നഗരങ്ങളായ മുംബൈ, ചെന്നൈ, കൽക്കട്ട എന്നിവ കാലാവസ്ഥാ വ്യതിയാനത്തിന്റെ കടുത്ത ഭീഷണി നേരിടുകയാണ് എന്നും സൂചിപ്പിച്ചിട്ടുണ്ട് (T.O.I. Report dt. 01/03/2022). പ്രകൃതി സംരക്ഷണവും സഹജീവികളോടുള്ള കാരുണ്യവും ചെറു ക്ലാസുകളിൽ തന്നെ പാഠ്യവിഷയം ആകേണ്ടതാണ്.

7. **പൊതു സ്വത്ത് പരിരക്ഷിക്കുകയും അക്രമം ഉപേക്ഷിക്കുകയും ചെയ്യുക**:-

നമ്മുടെ രാജ്യത്തെ ഇന്നത്തെ അവസ്ഥയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു മൗലിക കർത്തവ്യം ആണ് ഇത്. അഹിംസ ജീവിതവ്രതമാക്കിയ മഹാത്മാഗാന്ധി യുടെ നാടാണ് നമ്മുടേത്. രാജ്യത്തിന്റെ പൊതുസ്വത്ത് എന്നത് നമ്മുടെ സ്വന്തം സ്വത്തായി കണ്ടു സംരക്ഷിക്കേണ്ടതാണ്. എന്നാൽ നമ്മിൽ പലരും വസ്തുവകകൾ വളരെ അവധാനതയോടെ കൈകാര്യം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യാറുണ്ട്. എന്നാൽ സ്റ്റേറ്റിന്റെ സ്വത്ത് പലപ്പോഴും യാതൊരു തത്വദീക്ഷയുമില്ലാതെ നശിപ്പിക്കുന്ന കാഴ്ച കാണാവുന്നതാണ്. വിദ്യാർത്ഥി സമരങ്ങൾ തുടങ്ങി രാഷ്ട്രീയ പാർട്ടികളുടെ സമരത്തിൽ പോലും പൊതുമുതൽ നശീകരണം വ്യാപകമായി കാണുന്നത് വളരെ വേദനാജനകമാണ്. ട്രാൻസ്പോർട്ട് ബസുകൾ തുടങ്ങി സർക്കാർ വാഹനങ്ങൾ ഉൾപ്പെടെ നശിപ്പിക്കുന്ന പ്രവണത, അതിന് മാറ്റം വന്നേ പറ്റൂ. നമ്മുടെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വരെ ഇതിനൊരു അപവാദം അല്ല എന്നത് ദൗർഭാഗ്യകരമായ സംഗതിയാണ്. രാജ്യത്തിന്റെ പൊതുസ്വത്ത് എന്നാൽ വിശാലമായ അർത്ഥത്തിൽ തന്നെ കാണേണ്ടതാണ് . നമ്മുടെ യുവജനങ്ങൾ ഒരു കാരണവശാലും അക്രമത്തിൽ അഭയം തേടില്ല എന്ന് പ്രതിജ്ഞ എടുക്കേണ്ടതാണ്. ലോകത്തിലെ തന്നെ പല രാജ്യങ്ങളും പഠനവിഷയമാക്കിയിട്ടുള്ള "ഗാന്ധിയൻ ചിന്താധാരകൾ" സംഭാവന ചെയ്തിട്ടുള്ള നമ്മുടെ രാജ്യം, നമ്മുടെ യുവതലമുറ ഒരിക്കലും അക്രമത്തിൽ അഭയം തേടരുത് എന്ന തത്വം ചെറുപ്രായത്തിൽ തന്നെ നമ്മുടെ കുഞ്ഞുങ്ങളുടെ മനസ്സിൽ പഠിപ്പിക്കേണ്ടതാണ്.

8. **ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുന്നത്** :- നമ്മുടെ രാജ്യത്ത് വിവിധ കുടിൽ വ്യവസായങ്ങൾ തുടങ്ങി ഹാനികരവും അപകടകരവുമായ ജോലികളിൽ വരെ കുട്ടികൾ ഏർപ്പെടുന്നതായി കാണാറുണ്ട്. ആ അവസ്ഥയ്ക്ക് ഇപ്പോൾ വലിയ മാറ്റം വന്നിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. പല സംസ്ഥാനങ്ങളിലും തീപ്പെട്ടി വ്യവസായം, ഖനി തുടങ്ങിയ ജോലികളിൽ വരെ ഏർപ്പെടുന്ന കുട്ടികൾ ഉണ്ട് എന്നത് ആശങ്കാജനകമായ ഒരു കാര്യമാണ്. ഇതിന് ശാശ്വതമായ പരിഹാരം ഭരണകൂടം കാണേണ്ടതാണ്. "വിദ്യയിലൂടെ പ്രബുദ്ധരാവുക" എന്ന ഗുരുദേവ ദർശനം ഏറ്റവും പ്രാധാന്യമർഹിക്കുന്നു. ആവശ്യമായ ബോധവൽക്കരണം ഇക്കാര്യത്തിൽ സർക്കാരും സർക്കാരിതര ഏജൻസികളും നടത്തേണ്ടതാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി, മൗലികകർത്തവ്യങ്ങളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട ഒരു റിട്ട് പെറ്റീഷനിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരാഞ്ഞു കൊണ്ട് ഒരു നോട്ടീസ് അയച്ചിട്ടുണ്ട്. ടി കേസിലെ പെറ്റീഷനറായ അഡ്വക്കേറ്റ് ദുർഗാദത്ത പറഞ്ഞിരിക്കുന്നത് "citizens have a duty to uphold the ideals of the country and to contribute to its growth and betterment, and that not carrying out the fundamental duties of the citizens has a direct bearing on the fundamental rights guaranteed under article 14,19& 21 ". മൗലിക അവകാശങ്ങൾ എന്നത് എല്ലാ പൗരൻമാരിലും ഒരു സ്ഥിരമായ ഉദ്ബോധനം (Constant exhortation) ആണെന്ന് കാണാം. എന്നാൽ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ കാണിക്കുന്ന ജാഗ്രത തന്നിൽ ഭരണഘടന യാൽ അർപ്പിതമായിട്ടുള്ള കർത്തവ്യങ്ങൾ പാലിക്കുന്നതിൽ ആവശ്യമായ ഗൗരവം കാണിക്കുന്നില്ല എന്ന് കാണാം. ഇത് തികഞ്ഞ വൈരുദ്ധ്യമാണ്. അവകാശങ്ങളെപ്പറ്റി തികഞ്ഞ ബോധ്യവും എന്നാൽ കടമകൾ വിസ്മരിക്കുന്നത് ഒരിക്കലും ന്യായീകരിക്കാവുന്നതല്ലാത്തതുമാണ്. ഇവ രണ്ടും പരസ്പരപൂരകങ്ങളാണ്.

1976-ൽ നിലവിൽ വന്ന മൗലികകർത്തവ്യങ്ങൾക്ക് 46 വർഷങ്ങൾക്കിപ്പുറവും കാലികമായ പ്രസക്തിയുണ്ടെന്ന് മാത്രമല്ല, വർത്തമാനകാലത്ത് അതിന്റെ പ്രസക്തി കൂടുതൽ വർദ്ധിച്ചുവരുന്നതായും കാണാം. ഭാരതം ഇന്ന് ലോകരാഷ്ട്രങ്ങളുടെ തന്നെ നായകസ്ഥാനത്തേക്ക് ഉയർന്നുവരുന്ന കാഴ്ചയാണ് കാണുന്നത്. നിലവിലെ റഷ്യൻ x ക്രൊയേഷ്യ തർക്കത്തിൽ പോലും നമ്മുടെ പ്രധാനമന്ത്രിയുടെ അഭിപ്രായത്തിന് അമേരിക്കയുൾപ്പെടെയുള്ള വൻശക്തികൾ പോലും കാതോർക്കുന്ന സാഹചര്യമുണ്ടായി. വൻശക്തികളെപ്പോലും നിയന്ത്രിക്കാവുന്ന ഒരു സ്ഥാനത്തേക്ക് നമ്മുടെ രാജ്യം ഉയർന്നു എന്നത് ഓരോ ഭാരതീയനും അഭിമാനാർഹമായ സംഗതിയാണ്. നമ്മുടെ യുവതലമുറ ഭരണഘടനയാൽ വ്യവസ്ഥാപിതമായ മൗലികകർത്തവ്യങ്ങളുടെ ശരിയായ പാലനത്തിലൂടെ നമ്മുടെ രാജ്യത്തെ പരംവൈഭവത്തിലേക്ക് എത്തിക്കുന്നതിനായി ശ്രമം നടത്തേണ്ടതാണ്. ഭാരതത്തിലെ പൗരന്മാർ ഭരണഘടന മുഖേന തങ്ങളിൽ അർപ്പിതമായ ടി മൗലികകർത്തവ്യങ്ങളെക്കുറിച്ച് കൂടുതലായി ബോധവാന്മാരാകേണ്ടതും അതിന്റെ നിർവ്വഹണത്തിൽ സദാ ജാഗരൂകരായിരിക്കേണ്ട സാഹചര്യവുമാണ് നിലവിലുള്ളതും ഇനി ഭാവിയിലും മൗലികകർത്തവ്യങ്ങളുടെ പ്രസക്തി വളരെയധികം വർധിച്ചു വരുന്നതാണെന്നതും മനസ്സിലാക്കേണ്ട വസ്തുതയാണ്.

**പ്രധാന വിധിന്യായങ്ങൾ:-**

1. രംഗനാഥമിശ്ര v. യൂണിയൻ ഓഫ് ഇന്ത്യ, 2003:- മൗലിക അവകാശങ്ങളും മൗലികകർത്തവ്യങ്ങളും തമ്മിൽ ഒരു ശരിയായ തുലനം ഉണ്ടാകേണ്ടതാണ്.
2. എയിംസ് സ്റ്റുഡൻസ് യൂണിയൻ. എയിംസ് , 2019:- മൗലിക കർത്തവ്യങ്ങൾ മൗലികാവകാശങ്ങളെ പോലെതന്നെ പ്രാധാന്യമേറിയതാണ്.
3. ഗ്രഹക ജഗ്യതി v. സ്റ്റേറ്റ് ഓഫ് കർണാടക & മറ്റുള്ളവർ:- മൗലിക കർത്തവ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും പ്രവർത്തിയോ അല്ലെങ്കിൽ കൃത്യതയെയോ തടയുന്ന ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ നിശ്ചയമായും അത് മൗലിക കർത്തവ്യങ്ങൾ പ്രതിപാദിക്കുന്ന ഭരണഘടനാ വ്യവസ്ഥയെ അർത്ഥ സമ്പുഷ്ടമാക്കുന്നതായിരിക്കും.
4. ചാരു ഖുരാനയും മറ്റുള്ളവരും v. യൂണിയൻ ഓഫ് ഇന്ത്യ,2014.
5. നാരായണനും മറ്റുള്ളവരും v. സ്റ്റേറ്റ് ഓഫ് കേരള, 1986.
6. സിപിഐ(എം) v. ഭരത് കുമാറും മറ്റുള്ളവരും, 1997 (ബന്ദ്/ഹർത്താൽ കേസ്).



New Acts




**2021-ലെ 24-ാം ആക്റ്റ്**

**2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ്**

1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.- 1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെയുള്ള സംസ്ഥാനത്തെ ഭൂമിയിലെ മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ സർക്കാരിൽ നിക്ഷിപ്ത മാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്റ്റിന് 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

2. ഇത് 2019 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.- ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "ധാതുക്കൾ" എന്നാൽ 1957-ലെ ഖനികളും ധാതുക്കളും (വികസനവും നിയന്ത്രണവും) ആക്റ്റിലെ (1957-ലെ 67-ാം നമ്പർ കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പിലെ, യഥാക്രമം (എഡി) ഖണ്ഡത്തിലും (ഇ) ഖണ്ഡത്തിലും നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ധാതുക്കളും ചെറുകിട ധാതുക്കളും എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിന് കീഴിലുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. ധാതുക്കളുടെ നിക്ഷിപ്തമാക്കൽ.- മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ അല്ലെങ്കിൽ ഏതെങ്കിലും വിളംബരത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, എല്ലാ ഭൂമിയിലെയും, ഏതു തരത്തിലുള്ള ഉടമസ്ഥാവകാശമോ വസ്തു നടപ്പവകാശമോ ആയിരുന്നാലും, മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ എല്ലാ അവകാശങ്ങളും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതും ആയത് സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതുമാണ്.

4. നിക്ഷിപ്തമാക്കലിന്റെ രീതി.- 1881 ജൂൺ 14-ാം തീയതിയിലെ തിരുവിതാംകൂർ വിളംബരത്തിന്റെയും 1905-ലെ കൊച്ചി വിളംബരത്തിന്റെയും പരിധിക്ക് കീഴിൽ വരുന്ന ഭൂമി ഒഴികെ, സംസ്ഥാനത്തെ ഭൂമിയിലുള്ള മണ്ണിലെയും അടിമണ്ണിലെയും ധാതുക്കളുടെ അവകാശങ്ങൾ, മേൽ പരാമർശിച്ച തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ ധാതുക്കൾ സംസ്ഥാനത്ത് നിക്ഷിപ്തമായ അതേ രീതിയിൽ നിക്ഷിപ്തമാകുന്നതാണ്.

5. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.- (1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

6. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.- (1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ, ഉത്തരവ് വഴി പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ രണ്ട് വർഷക്കാലത്തിന് ശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.
(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.- (1) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ഓർഡിനൻസ് (2021-ലെ 124) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.




**2021–ലെ 4–ാം ആക്റ്റ്**

**2021–ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ്**

സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച നിയമങ്ങളെ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ആക്റ്റ്

പീഠിക.– സാംക്രമിക രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:–

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ആക്റ്റിന് 2021–ലെ കേരള സാംക്രമിക രോഗങ്ങൾ ആക്റ്റ് എന്ന് പേര് പറയാം.

(2) 8–ാം വകുപ്പ് 2020 ജൂലൈ 4–ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2020 മാർച്ച് 27–ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. <u>നിർവ്വചനങ്ങൾ</u>.– ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,–

(എ) "സാംക്രമിക രോഗം" എന്നാൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനത്താൽ, സാംക്രമിക രോഗം എന്ന് പ്രഖ്യാപിച്ച ഏതൊരു രോഗവും എന്നർത്ഥമാകുന്നു;

(ബി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാലോ റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "റഗുലേഷൻ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട റഗുലേഷൻ എന്നർത്ഥമാകുന്നു;

(ഇ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. <u>സാംക്രമിക രോഗം വിജ്ഞാപനം ചെയ്യുന്നതിനുള്ള സർക്കാരിന്റെ അധികാരം</u>.– സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, സംസ്ഥാനത്താകമാനമോ അല്ലെങ്കിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അത്തരം ഭാഗത്തേക്കോ ഭാഗങ്ങളിലേക്കോ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ഏതൊരു രോഗത്തെയും സാംക്രമിക രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

4. <u>സാംക്രമിക രോഗവുമായി ബന്ധപ്പെട്ട് പ്രത്യേക നടപടികൾ എടുക്കുന്നതിനും റഗുലേഷനുകൾ വിനിർദ്ദേശിക്കുന്നതിനുമുള്ള അധികാരം</u>.–(1) സർക്കാരിന്, സംസ്ഥാനത്തോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തോ ഏതെങ്കിലും സാംക്രമിക രോഗം പിടിപെട്ടെന്നോ അല്ലെങ്കിൽ പൊട്ടിപ്പുറപ്പെടുമെന്ന് ഭീഷണിയുള്ളതായോ, എപ്പോൾ ബോദ്ധ്യപ്പെട്ടാലും, ആ ആവശ്യത്തിലേക്ക് അനിവാര്യമായി അത് കരുതുന്ന അത്തരത്തിലുള്ള നടപടികൾ സർക്കാരിന് എടുക്കാവുന്നതും ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി അത്തരം രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിന് അല്ലെങ്കിൽ അതിന്റെ വ്യാപനം തടയുന്നതിനായി പൊതുജനങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകളുടെ വിഭാഗം പാലിക്കേണ്ടതായ അപ്രകാരമുള്ള താൽക്കാലിക റഗുലേഷനുകളോ ഉത്തരവുകളോ വിനിർദ്ദേശിക്കാവുന്നതും അത്തരം റഗുലേഷനുകളിലും ഉത്തരവുകളിലും വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയോ അവരെ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതുമാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാരിന്,–

(എ) സംസ്ഥാനത്തിനകത്ത് ഏതെങ്കിലും ഒത്തുകൂടലിനോ, ആഘോഷങ്ങളിലോ, ആരാധനകളിലോ അത്തരം മറ്റ് പ്രവൃത്തികളിലോ, ആളുകളിൽ നിന്ന് ആളുകളിലേക്ക് സാംക്രമിക രോഗം പകരുന്നതിനോ വ്യാപിക്കുന്നതിനോ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്ന ഏതൊരു ആചാരമോ പ്രവർത്തിയോ നിരോധിക്കുക;

(ബി) വ്യോമ, റെയിൽ, റോഡ്, കടൽ വഴിയോ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ സംസ്ഥാനത്ത് എത്തിച്ചേരുന്ന ആളുകളേയോ അത്തരത്തിലുള്ള ഏതെങ്കിലും രോഗം ബാധിച്ചതായി സംശയിച്ച്, അതതു സംഗതിപോലെ, ക്വാറന്റീനിലോ ഒറ്റപ്പെട്ടോ ആശുപത്രിയിലോ താൽക്കാലിക താമസ സ്ഥലത്തോ വീട്ടിലോ മറ്റുവിധത്തിലോ ഉള്ള ആളുകളേയോ, റെഗുലേഷനുകളിലോ ഉത്തരവുകളിലോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരാൽ പരിശോധിക്കുക;

(സി) ആവശ്യമെന്ന് കരുതുന്നിടത്തോളം കാലത്തേക്ക് സംസ്ഥാന അതിർത്തികൾ അടയ്ക്കുക;

(ഡി) പൊതുസ്വകാര്യ ഗതാഗത പ്രവർത്തനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക;

(ഇ) സാമൂഹിക അകലം പാലിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുക;

(എഫ്) പൊതു സ്ഥലങ്ങളിലും മതസ്ഥാപനങ്ങളിലും ആളുകൾ കൂട്ടം കൂടുന്നത് നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുക;

(ജി) സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ഓഫീസുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ക്രമീകരിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക;

(എച്ച്) കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും ഫാക്ടറിക ളുടെയും വർക്ക് ഷോപ്പുകളുടെയും സംഭരണശാലകളുടെയും പ്രവർത്തനങ്ങളിൽ നിരോധനമോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തുക;

(ഐ) ബാങ്കുകൾ, മാധ്യമം, ആരോഗ്യസംരക്ഷണം, ഭക്ഷ്യവിതരണം, വൈദ്യുതി, വെള്ളം, ഇന്ധനം തുടങ്ങിയ അവശ്യമോ അടിയന്തിരമോ ആയ സേവനങ്ങളുടെ സമയദൈർഘ്യം പരിമിതപ്പെടുത്തുക;

(ജെ) സാംക്രമിക രോഗം നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യമായേക്കാവുന്ന, സർക്കാർ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ഏർപ്പാടുകൾ ചെയ്യുക, എന്നിവയ്ക്കായി നടപടികളെടുക്കാവുന്നതും റഗുലേഷ നുകൾ വിനിർദ്ദേശിക്കാവുന്നതുമാണ്.

5. ശിക്ഷ.– റഗുലേഷനുകളോ ഉത്തരവുകളോ പാലിക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരു വ്യക്തി/സ്ഥാപനം/കമ്പനി ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും റഗുലേഷനോ ഉത്തരവോ ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ഈ ആക്റ്റിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ തടസ്സപ്പെടുത്തുകയോ ചെയ്താൽ കുറ്റസ്ഥാപന ത്തിന്മേൽ രണ്ട് വർഷം വരെയാകാവുന്ന കാലത്തേയ്ക്കുള്ള തടവിനോ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

6. <u>കുറ്റങ്ങൾക്ക് പ്രേരണ നൽകൽ</u>. ഈ ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും, ആ പ്രേരണയെത്തുടർന്ന് പ്രേരിപ്പിക്കപ്പെട്ട പ്രവൃത്തി ചെയ്യുന്നപക്ഷം രണ്ട് വർഷം വരെയാകാവുന്ന തടവിനോ അല്ലെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്.

7. <u>ഈ ആക്റ്റിനു കീഴിലുള്ള കുറ്റം കൊഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതും ആയിരിക്കുമെന്ന്</u>.– 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ (1974–ലെ 2–ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളും കൊഗ്നൈസബിളും ജാമ്യം അനുവദിക്കത്തക്കതും ആയിരിക്കുന്നതാണ്.

8. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.– (1) സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി ഇതിലേയ്ക്കായി വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥരാലും അപ്രകാരമുള്ള തുകയ്ക്കും, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ, കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ, പ്രോസിക്യൂഷൻ ആരംഭിച്ചതിനു ശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടു കൂടിയോ, രാജിയാക്കാവുന്നതാണ്.

(2) ഒരു കുറ്റം രാജിയായാൽ രാജിയായ കുറ്റവുമായി ബന്ധപ്പെട്ട് ആ കുറ്റക്കാരനെതിരെ വീണ്ടും നടപടികൾ തുടരാൻ പാടില്ലാത്തതും കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ അയാളെയും വാഹനങ്ങൾ ഏതെങ്കിലും പിടിച്ചെടുത്തിരിക്കുകയാണെങ്കിൽ അവയെയും വിടുതൽ ചെയ്യേണ്ടതുമാണ്.

9. <u>ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്</u>.– ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

10. <u>ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തികൾക്കു സംരക്ഷണം</u>.– ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ ആർക്കെതിരെയും നിലനില്ക്കുന്നതല്ല.

11. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.– ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവിനാൽ, ആ വൈഷമ്യം നീക്കുന്നതിന്, ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷം അവസാനിച്ചതിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

12. <u>ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം</u>.- (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും റഗുലേഷനും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളന ത്തിൽ ആയിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാല ത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റഗുലേഷനിലോ എന്തെങ്കിലും രൂപഭേദപ്പെടു ത്തലുകൾ വരുത്തുകയോ ആ ചട്ടം അല്ലെങ്കിൽ റഗുലേഷൻ/ചട്ടവും റഗുലേഷനും ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടമോ റെഗുലേ ഷനോ, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടം/റഗുലേഷൻ പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്,

13. <u>റദ്ദാക്കലും ഒഴിവാക്കലും</u>.- (1) സാംക്രമിക രോഗങ്ങൾ ആക്റ്റ് (1072 M.E-ലെ 1-ാം ആക്റ്റ്, കൊച്ചി ആക്റ്റ്), 1073-ലെ സാംക്രമിക രോഗങ്ങൾ ആക്റ്റ് (1073 M.E-ലെ 11-ാം ആക്റ്റ്, തിരുവിതാംകൂർ ആക്റ്റ്), 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് (2021-ലെ 22) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും സാംക്രമിക രോഗങ്ങൾ ആക്റ്റ് (1072 M.E-ലെ 1-ാം ആക്റ്റ്, കൊച്ചി ആക്റ്റ്), 1073-ലെ സാംക്രമിക രോഗങ്ങൾ ആക്റ്റ് (1073 M.E-ലെ 11-ാം ആക്റ്റ്, തിരുവിതാംകൂർ ആക്റ്റ്), 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ഓർഡിനൻസ് (2021-ലെ 22) എന്നിവയ്ക്ക് കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എന്തെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.




**www.keralalawsect.org**

നിയമ ധ്വനിയുടെ മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 6

RNI REG. No. KERMAL/2017/74542

DATE OF PUBLICATION
01/08/2022
ഇഷ്യൂ 1

# നിയമധ്വനി

കേരള സർക്കാർ നിയമ വകുപ്പ് പ്രസിദ്ധീകരണം



Printed by Veeran.T the Superintendent of Government Presses(in charge), Thiruvananthapuram
Published by V. Harinair, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: V. Harinair.

## നിയമ പദപരിചയം

| | |
|---|---|
| Release deed | ഒഴിമുറി |
| Subversive activities | വിധ്വംസക പ്രവർത്തനങ്ങൾ |
| At par | സമാനത |
| Decisive evidence | നിർണ്ണായക തെളിവ് |
| Modus operandi | പ്രവർത്തന രീതി |
| Fiscal deficit | ധനക്കമ്മി |
| Seed money | പ്രാരംഭ മൂലധനം |
| De nova trial | പുതുവിചാരണ |
| Ad infinitum | അനന്തമായി |
| Implead | കക്ഷി ചേർക്കുക |
| Intrinsic | നൈസർഗ്ഗികമായ |
| Bonafide | ഉത്തമവിശ്വാസപൂർവ്വം |
| Dereliction | കൃത്യവിലോപം |
| Wagering contract | പന്തയക്കരാർ |
| Material object | ലക്ഷ്യ വസ്തു |
| Immunity | ബാദ്ധ്യതയില്ലായ്മ |
| Impair | ക്ഷയിപ്പിക്കുക |
| Execution | വിധി നടത്തൽ |